FMPB

# മിത്രാസമാചാർ

fmpb

(for private circulation only)

വാല്യം **15** ലക്കം **4** ഏപ്രിൽ 2025


# കുരിശിനോടു കൂടുതൽ അടുത്ത്




**"ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു."**
**ഗലാത്യർ. 5:24**

## ആമുഖം ...

# കുരിശിന്റെ ചുവട്ടിൽ



ഹാർവാർഡ് കോളജിന്റെ സ്ഥാപകന്റെ അനന്തരവകാശിയായി ന്യൂയോർക്കിലെ ബ്രൂസ്റ്ററിൽ 1820 മാർച്ച് 24 ന് ഫാനി ക്രോസ്ബീ ജനിച്ചു. അനുചിതമായ വൈദ്യ ചികിത്സ നിമിത്തം ചെറു പ്രായത്തിൽ അവൾക്കു കാഴ്ച ശക്തി നഷ്ടപ്പെട്ടു, പക്ഷേ പിന്നീട് അവൾ മനോഹരമായ കവിതകളും സ്തുതി ഗീതങ്ങളും എഴുതുന്നതിലൂടെ പ്രശസ്തയായി. അനേക വർഷങ്ങൾ വിശ്വാസ സംബന്ധമായ പല വിധ ചോദ്യങ്ങളാൽ അവൾ പ്രയാസപ്പെട്ടെങ്കിലും അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചില്ല.

ഒരു നാൾ അവളുടെ ഉറ്റ ചങ്ങാതി തിയഡോർ കാമ്പ് ഒരു കൺവൻഷനിലേക്കു അവളെ ക്ഷണിച്ചു. ആദ്യം മടിച്ചെങ്കിലും ആ രാത്രിയിൽ അവൾ തെളിമയുള്ള ഒരു സ്വപ്നം കണ്ടു, മരിച്ചു കൊണ്ടിരിക്കുന്ന അവളുടെ സുഹൃത്ത് ചോദിക്കുന്നു "നീ എന്നെ സ്വർഗ്ഗത്തിൽ വെച്ചു കാണുമോ?' ദൈവം അനുവദിച്ചാൽ അങ്ങനെ ചെയ്യും. അവളുടെ മുത്തശ്ശിയുടെ മരണ സമയത്തു പറഞ്ഞ അതേ വാക്കുകൾ അവൾ ആവർത്തിച്ചു. സ്വർഗ്ഗത്തിൽ കാണാം എന്നു അവൾ നൽകിയ വാഗ്ദത്തം സ്വപ്നത്തിൽ അവളുടെ സ്നേഹിത ഓർമിപ്പിച്ചു.

അടുത്ത ദിവസം ഫാനി തന്റെ സ്നേഹിതയോടൊപ്പം കൺവൻഷനിൽ പങ്കെടുത്തു. മൂന്നു ദിവസം വ്യത്യസ്തരായ ദൈവദാസന്മാർ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. എന്നാൽ ഒരു മാറ്റവും സംഭവിച്ചില്ല. മൂന്നാം ദിവസവും അൾത്താരയിൽ അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോഴും ഒരു വ്യത്യാസവും സംഭവിച്ചില്ല. എന്നിരുന്നാലും ഗായക സംഘം ക്രൂശിന്മേൽ, ക്രൂശിന്മേൽ കണ്ടു ഞാൻ ദിവ്യവെളിച്ചം. എന്ന ഗാനം പാടിയപ്പോൾ അവൾ പെട്ടെന്നു ഹല്ലേലുയ്യ എന്നു ഉറക്കെ കരഞ്ഞു, അങ്ങനെ അവൾ രക്ഷ പ്രാപിച്ചു. ഫാനി പിന്നീട് ആയിരക്കണക്കിന് കീർത്തനങ്ങൾ (5500 - 9000) എഴുതി. അവയിൽ പലതും ക്രൂശ്, ആത്മാക്കളെ ആദായപ്പെടുത്തുക തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

അവൾ ഒരിക്കൽ പോലും ക്രൂശിനെ തന്റെ കണ്ണു കൊണ്ടു കണ്ടിട്ടില്ല. വിശ്വാസത്തിന്റെ കണ്ണാൽ ആണ് ഫാനി രക്ഷ കരസ്ഥമാക്കിയത്. ക്രൂശിന്റെ ശക്തിയും കാൽവറിയിൽ കാർത്താവ് ചൊരിഞ്ഞ രക്തവും വ്യർത്ഥമായിട്ടില്ലെന്നു ഫാനിയുടെ കഥ വ്യക്തമാക്കുന്നു. ഫാനിയുടെ ജീവിതത്തിൽ സംഭവിച്ചതു പോലെ ജീവിതങ്ങളെ രൂപാന്തിരപ്പെടുത്തുവാനുള്ള ശക്തി ഇപ്പോഴും ക്രൂശിനുണ്ടെന്നു തെളിയിക്കുന്നു. ക്രൂശിനോടു കൂടുതൽ അടുക്കുന്തോറും നമ്മുടെ ജീവിതത്തിലും മാറ്റങ്ങൾ സംഭവിക്കും.

ഈ നൊയമ്പു കാലഘട്ടത്തിൽ നമുക്കു ക്രൂശിന്റെ പ്രധാന്യത ധ്യാനിക്കാം. നാം എത്രത്തോളം അതിനു അടുത്തു വന്നിട്ടുണ്ട്. ക്രൂശിനോടു അടുക്കുവാൻ നമ്മെ തടസ്സപ്പെടുത്തുന്നത് എന്താണ്? ക്രൂശിനോടു നാം അടുക്കുവാൻ ശ്രമിക്കുമ്പോൾ പലപ്പോഴും പാപഭാരമാണ് നമ്മുടെ മുന്നേറ്റത്തെ തടയുന്നത്. ഗലാത്യർ 5:24 ൽ വായിക്കുന്നത് ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും മേൽ ക്രിസ്തു നമുക്കു വേണ്ടി ജയം വരിച്ചതിന്റെ അടയാളമാണ് കുരിശ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ലക്ഷ്യം കുരിശിനെ സമീപിച്ച് നമ്മെ ഭാരപ്പെടുത്തുന്ന പാപഭാരങ്ങളെ - ലോകത്തോടുള്ള നമ്മുടെ ആസക്തി, സ്വാർത്ഥത, ജഡിക മോഹങ്ങൾ - അനുദിനം ക്രൂശിക്കുക എന്നതാകുന്നു. അങ്ങനെ നാം ചെയ്യുന്നതിലൂടെ ക്രിസ്തു നമുക്കു ലഭ്യമാക്കിയ വിജയകരമായ ജീവിതം നമുക്കു അവകാശമാക്കുവാൻ കഴിയും.

നിങ്ങളുടെ ഹൃദയത്തിൽ എന്തെല്ലാം ഭാരങ്ങൾ വഹിക്കുന്നുവോ അതെല്ലാം കുരിശിന്റെ ചുവട്ടിൽ സമർപ്പിക്കാം. ദൈവകൃപയിൽ വിശ്രമിക്കാം. വിശ്രമമില്ലാതെ അലയുന്നവരെ കുരിശിന്റെ അരികിലേക്കു നമുക്കു നയിക്കാം

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

‘ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ളള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.”

– റോമർ. 5:8

“ക്രൂശിൽ ദൈവം തന്റെ ഹൃദയത്തെ മാംസരക്തങ്ങളാൽ പൊതിഞ്ഞു, നമ്മുടെ വീണ്ടെടുപ്പിനായി അതിനെ കുരിശിൽ ആണികളാൽ തറെച്ചു.”

– ഇ. സ്റ്റാൻലി ജോൺസ്

“ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.”

– 1 കൊരിന്ത്യർ. 1:18

“ക്രൂശിലേക്കു നോക്കൂ, യേശുവിനു ഒരു ആത്മാവ് എത്രത്തോളം വിലയേറിയതാണെന്നു നീ മനസ്സിലാക്കും.”

– മദർ തെരേസ

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in



**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



വ്യക്തിഗതമായി...

ക്രിസ്തുവിൽ പ്രീയപ്പെട്ടവരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ സ്നേഹ വന്ദനം.

നമ്മുടെ സർവ്വശക്തനായ ദൈവത്തിന്റെ ഹിതത്താലും ദിവ്യമായ നടത്തിപ്പിനാലും ജനറൽ സെക്രട്ടറിയായി എന്നെ ഐക്യകണ്ഠേന തിരഞ്ഞെടുത്തതിനാൽ എനിക്കു അതിയായ വിനയവും ആദരവും ബഹുമാനവും ഉണ്ട്. ഇത് ഒരു വ്യക്തിയുടെ വിജയമല്ല മറിച്ച് ഒരു പങ്കിട്ട വിജയമാണ് – ഇതു നമുക്കെല്ലാവർക്കും അവകാശപ്പെട്ടതാണ്. മിഷനറി ശുശ്രൂഷയിലെ എന്റെ വിളിയുടെ ഭാഗമായി ഈ ഉത്തരവാദിത്വത്തിലേക്കു കടന്നുവരണമെന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഹൃദയം നിറഞ്ഞ നന്ദിയോടും ആഴമായ കടമ ബോധത്തോടും കൂടി ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് എന്റെ യജമാനനെയും ഈ സംഘടനയെയും നമ്മുടെ രാജ്യത്തെയും സേവിക്കുവാനുള്ള ഈ നിയമനം ഞാൻ സ്വീകരിക്കുന്നു. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു: **"യഹോവ തന്റെ ജനത്തെ സ്നേഹിക്ക കൊണ്ടു നിന്നെ അവർക്കു രാജാവാക്കിയിരിക്കുന്നു." (2 ദിന.2:11).** നിങ്ങൾ അനേകരിൽ നിന്നും എനിക്കു ലഭിച്ച എണ്ണമില്ലാത്ത സന്ദേശങ്ങളും ഇ മെയിലുകളും ഫോൺ കോളുകളും എന്നെ വളരെയധികം ഉത്സാഹിപ്പിക്കുന്നു. ദൈവത്തിന്റെ ഈ മഹത്തായ പ്രസ്ഥാനത്തിനായുള്ള നിങ്ങളുടെ പ്രാർത്ഥനകളും സഹായങ്ങളും എനിക്കു ഉറപ്പു നൽകുന്നു. പ്രാർത്ഥനയോടുള്ള നിങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധത എന്നെ ശക്തിപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തോടും ഈ മിഷനറി പ്രസ്ഥാനത്തോടുമുള്ള അഗാധമായ നന്ദിയോടെ ദൈവകൃപയിൽ ആശ്രയിച്ച് ഏറ്റവും മെച്ചമായ രീതിയിൽ സമർപ്പണത്തോടെ സേവിക്കുമെന്നു ഞാൻ പ്രതിജ്ഞയെടുക്കുന്നു.

## വിശ്വാസം, പ്രത്യാശ, സ്നേഹം – നമ്മുടെ ക്രിസ്തീയ യാത്രയുടെ കാതൽ

വേഗത്തിൽ, ഉയരത്തിൽ, ശക്തിയിൽ – ഒരുമിച്ച് എന്നി ഒളിമ്പിക് മുദ്രാവാക്യത്തിനു അനുസൃതമായി, നമ്മുടെ ആത്മീയ യാത്ര വിശ്വാസത്തിൽ മുന്നേറുവാനും പ്രത്യാശയിൽ പടുത്തുയർത്തുവാനും ക്രിസ്തുവിൽ ഒരു ശരീരമാ.യി സ്നേഹത്തിൽ കൂടുതൽ ശക്തമായി നിൽക്കുവാനും ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു. പുതിയ ഉടമ്പടിയുടെ സമ്പൂർണ്ണവും മഹത്വപൂർണ്ണവുമായ ശ്രേഷ്ഠതയുടെ വെളിച്ചത്തിൽ ദൈവം അനിവാര്യമായി കരുതുന്ന

മൂന്നു അടിസ്ഥാന കടമകളെ, പുതിയ ഉടമ്പടിക്കു കീഴിൽ ജീവിക്കുന്നതിനെ കുറിച്ചുള്ള തന്റെ പ്രബോധനത്തിൽ (എബ്രാ. 10:22-25) എബ്രായ ലേഖന കർത്താവ് എടുത്തു കാണിക്കുന്നു.

### 1. ദൈവത്തോടുള്ള നമ്മുടെ കടമ - വിശ്വാസത്തോടു കൂടി അടുത്തുചെല്ലുക

യേശുക്രിസ്തുവിലൂടെ ദൈവത്തോടു അടുത്തു ചെല്ലുക എന്നതാണ് പ്രഥമ ആഹ്വാനം. കാരണം പുതിയ ഉടമ്പടിയിൽ നമുക്കു ദൈവസന്നിധിയിൽ സമയ ഭേദമില്ലാതെ ധൈര്യപൂർവ്വം കടന്നു ചെല്ലാം. നമ്മുടെ മുഴുവൻ ജീവിതവും അവനെ പിന്തുടരുന്നതായിരിക്കണം, നമ്മെ സൃഷ്ടിച്ചവനുമായി ആഴത്തിലുള്ള ബന്ധം തേടുന്നതായിരിക്കണം. എബ്രായ ലേഖനം ഓർമ്മപ്പെടുത്തുന്നതു പോലെ **വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലാം. (എബ്രാ.10:22)** പരമാർത്ഥതയോടെ യേശുവിൽ ആശ്രയിച്ചു കൊണ്ട് നമുക്കു പാപമോചനവും കരുണയും നീതികരണവും നൽകിത്തരുന്ന കൃപാസനത്തിലേക്കു, ദൈവത്തിങ്കലേക്കു അടുത്തു ചെല്ലുക എന്നതു നമ്മുടെ ദിവ്യമായ കടമയാകുന്നു.

### 2. ലോകത്തോടുള്ള നമ്മുടെ കടമ - പ്രത്യാശ മുറുകെ പിടിക്കുക.

പ്രത്യാശയുടെ ഏറ്റു പറച്ചിലിൽ അചഞ്ചലമായി തുടരുക. അനിശ്ചിതത്വവും നിരാശയും നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്, എന്നാൽ ദൈവീക വാഗ്ദത്തിൽ ഉറെച്ചു നിൽക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. എബ്രായർ ലേഖന കർത്താവ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്, **പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചു കൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ (എബ്രാ. 10:23).** പരീക്ഷകൾ കണക്കിലെടുക്കാതെ മടിയോ സംശയമോ കൂടാതെ ഉറച്ചു നിൽക്കുക എന്നതാണ് അർത്ഥമാക്കുന്നത്. വിശ്വാസത്തിൽ ദൃഢനിശ്ചയം ചെയ്ത വിശ്വാസികളെ - പ്രത്യാശയുടെ ദീപസ്തംഭങ്ങളായ സ്ത്രീ പുരുഷന്മാരെ ലോകം കാണേണ്ടതുണ്ട്. ഈ അചഞ്ചലമായ വിശ്വാസം സുവിശേഷീകരണത്തിന്റെ തീയെ ജ്വലിപ്പിക്കുകയും നഷ്ടപ്പെട്ടു പോയവരെ ക്രിസ്തുവിലുള്ള രക്ഷയിലേക്കു നയിക്കുകയും ചെയ്തു.

### 3. സഹ വിശ്വാസികളോടുള്ള നമ്മുടെ കടമ - സ്നേഹത്തിൽ പരസ്പരം ഉത്സാഹിപ്പിക്കുക

അവസാനമായി സ്നേഹത്തിൽ പരസ്പരം ഉയർത്തുവാനും ശക്തിപ്പെടുത്തുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥ വിശ്വാസം സ്വാർത്ഥതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല; അതു കാരുണ്യത്തിന്റെയും സേവനത്തിന്റെയും പ്രവർത്തികളാൽ നിറഞ്ഞു നിൽക്കുന്നതാണ്. ലേഖന കർത്താവ് പ്രബോധിപ്പിക്കുന്നത്, **"ചിലർ ചെയ്യുന്നതു പോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ടു സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചു കൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു." (എബ്രാ.10:24-25).** സ്വയനീതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച ആദ്യകാല എബ്രായരുടെ നിയമപരമായ പാരമ്പര്യങ്ങളിൽ നിന്നു വ്യത്യസ്ഥമായി, പുതിയ ഉടമ്പടി നമ്മെ

നിസ്വാർത്ഥതിയിലേക്കു വിളിക്കുന്നു – വിശ്വാസികളുടെ കൂട്ടായ്മയിൽ സജീവമായി ഏർപ്പെടാനും പരസ്പരം സേവിക്കുവാനും ശക്തിപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കണം.

## നമുക്ക് – ഒരുമിച്ച്

തിരുവചനത്തിൽ നമുക്ക് ചെയ്യാം എന്ന വാചകം ആവർത്തിക്കുന്നതായി കാണാം. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ കൂട്ടായ ഉത്തരവാദിത്വത്തെ ഇത് ഓർമ്മപ്പെടുത്തുന്നു. ഈ യാത്രയിൽ തനിയെ നടക്കുവാനല്ല, പരസ്പരം പ്രോത്സാഹിപ്പിച്ചും കെട്ടിപ്പടുത്തും ഒരുമിച്ചു മുന്നോട്ടു പോകുവാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഐക്യതയിൽ നാം കൂടുതൽ ശക്തരായി വളരുന്നു, ഒരുമിച്ചു നാം ദൈവത്തിന്റെ ദൗത്യം നിറവേറ്റുന്നു.

- **നമുക്കു വിശ്വാസത്തിൽ ദൈവത്തോടു അടുക്കാം** – ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ കൂടുതൽ ആഴത്തിൽ വളരാം.
- **നമ്മുടെ പ്രത്യാശയെ മുറുകെ പിടിക്കാം** – നമ്മുടെ സാക്ഷ്യത്തിൽ അചഞ്ചലരായി നിലനിൽക്കാം.
- **നമുക്കു സ്നേഹത്തിൽ പരസ്പരം പ്രോത്സാഹിപ്പിക്കാം** – ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്താം.

വേഗത്തിൽ, ഉയരത്തിൽ, ശക്തിയിൽ – ഒരുമിച്ച് എന്ന ഒളിമ്പിക് മുദ്രാവാക്യത്തിലെന്ന പോലെ നാം ഒരുമിച്ച് പരിശ്രമിക്കുമ്പോൾ നമ്മുടെ ക്രിസ്തീയ നടത്തം ശക്തിപ്പെടുന്നു. സഭയുടെ ദൗത്യം ഒരു വ്യക്തഗത പരിശ്രമമല്ല; അത് ഒരു കൂട്ടായ വിളിയാണ്. നാം ഒരുമിച്ചു ആരാധിക്കുന്നു, ഒരുമിച്ചു സേവിക്കുന്നു, നാം ഒരുമിച്ചു അവന്റെ നാമം നമ്മുടെ രാജ്യത്തു പ്രഘോഷിക്കുന്നു.

മധുരയിൽ നടത്തിയ **സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറിമാരുടെ** സമ്മേളനത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യവും കർത്താവിനു വേണ്ടി അക്ഷീണം പ്രയത്നിച്ച വിശ്വാസത്തിന്റെ ഉറച്ച യോദ്ധാക്കളുമായി ഇടപഴകുന്നതിനുമുള്ള പദവിയും എനിക്കു ലഭിച്ചു. അവരുടെ സാക്ഷ്യങ്ങൾ വലിയ പ്രോത്സാഹനത്തിന്റെ ഉറവിടമായിരുന്നു. പ്രോഗ്രാമിന്റെ പ്രതികരണം വളരെയധികം പോസിറ്റിവ് ആയിരുന്നു. ഈ സമ്മേളനം ഒരു വാർഷീക ഒത്തുചേരലായി മാറ്റാനുള്ള നിർദ്ദേശത്തെ ഊഷ്മളമായി സ്വാഗതം ചെയ്തു. **ഒരിക്കൽ മിഷനറിയായാൽ എപ്പോഴും മിഷനറിയായിരിക്കും** എന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം ഞാൻ അറിയിച്ചു. ഈ സംരംഭത്തിനു കീഴിൽ മിഷൻ വയലുകളിൽ സേവനം തുടരുവാൻ നമ്മുടെ സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറിമാരെ പ്രോത്സാഹിപ്പിച്ചു. തുടർന്നും ഇവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.

**ആയിരം മണിക്കൂർ പ്രാർത്ഥനകൾ** വിപുലമായ രീതിയിൽ എല്ലാ മൊബലൈസേഷൻ മേഖലകളിലും മിഷൻ വയലുകളിലും പദ്ധതിയിട്ടു പ്രാവർത്തീകമാക്കുന്നു. നമ്മുടെ രാജ്യത്തിനും ശുശ്രൂഷക്കും വേണ്ടിയുള്ള തീഷ്ണമായ പ്രാർത്ഥനകൾ ഉയർത്തുവാൻ ഈ ഉദ്യമത്തിലൂടെ ശ്രമിക്കുന്നു. പ്രാർത്ഥനക്കു സഹായകരമായ സാമഗ്രികൾ തയ്യാറാക്കിയിട്ടുണ്ട്. ആസ്ഥാന മന്ദിരത്തിലെ പ്രാർത്ഥന വിഭാഗത്തിൽ ഇത് ലഭ്യമാണ്.

## ഉടനെ നടത്തുന്ന സമ്മേളനങ്ങൾ - പ്രാർത്ഥനക്കായുള്ള ആഹ്വാനം

നാലു പ്രധാന സമ്മേളനത്തിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

- കോഴിക്കോട്ടു സംഘടിപ്പിക്കുന്ന **കേരള സംസ്ഥാന ഐക്യ ക്രിസ്തീയ കൺവൻഷൻ** - ഏപ്രിൽ 25 - 27
- പതൽഗാവിൽ സംഘടിപ്പിക്കുന്ന CGR **ഒറാവൻ ശുശ്രൂഷയുടെ രജത ജൂബിലി സമ്മേളനം** - ഏപ്രിൽ 25 - 27
- കൊടൈക്കനാലിൽ നടത്തുന്ന **തമിഴ്നാട് & പോണ്ടിച്ചേരി മൊബലൈസേഷൻ സ്റ്റാഫിന്റെയും നേതാക്കന്മാരുടെയും സമ്മേളനം** - ഏപ്രിൽ 25 - 27
- ഡാനീഷ്പേട്, ബഥേലിൽ സംഘടിപ്പിക്കുന്ന **തമിഴ്നാട് & പോണ്ടിച്ചേരി വാർഷീക സമ്മേളനം** - മെയ് 15 –18

നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരവും മിഷൻ വയലുകളിൽ കൂടുതൽ പ്രവർത്തകരുടെ അടിയന്തിര ആവശ്യവും പങ്കിടുന്നതിനുള്ള ശക്തമായ വേദികളായി ഈ സമ്മേളനം വർത്തിക്കും. ഈ സമ്മേളനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിന്റെ ശക്തിമായ ഇടപെടലുകൾ ഉണ്ടാകേണ്ടതിനും ദൈവരാജ്യത്തിൽ സമൃദ്ധമായ വിളവ് പുറപ്പെടുവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ഉപസംഹാരം

വേഗത്തിൽ, ഉയരത്തിൽ, ശക്തിയിൽ - ഒരുമിച്ച് എന്നത് വെറുമൊരു ഒളിമ്പിക് മുദ്രാവാക്യത്തെക്കാൾ ശ്രേഷ്ഠമാകുന്നു. ഇത് നമ്മുടെ ക്രിസ്തീയ യാത്രയായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയെ പ്രതിഫലിപ്പിക്കുന്നു. നാം വിളിക്കപ്പെട്ടിരിക്കുന്നത്:-

- **വിശ്വാസത്തിൽ ദൈവവുമായി ആശയ വിനിമയം നടത്തുക** - എല്ലാ ദിവസവും ദൈവത്തോടു കൂടുതൽ അടുക്കുക.
- **അചഞ്ചലമായ വിശ്വാസത്തോടെ ലോകത്തിനു സാക്ഷ്യം വഹിക്കുക.** - നമ്മുടെ വിളിയിൽ ഉറച്ചു നിൽക്കുക.
- **ക്രിസ്തീയ കൂട്ടായ്മയിൽ പരസ്പരം സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുക** - പരസ്പരം ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഈ യാത്ര ഞാൻ ആരംഭിക്കുന്നതിനാൽ നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന തേടുന്നു. ദൈവരാജ്യത്തിന്റെ മുന്നേറ്റത്തിനായി നാം പ്രവർത്തിക്കുമ്പോൾ ദൈവമായ കർത്താവ് ജ്ഞാനവും ശക്തിയും വിവേചനാധികാരവും നൽകട്ടെ. നിങ്ങളുടെ തുടർച്ചയായ സഹായവും മധ്യസ്ഥതയും വിലമതിക്കുവാനാകത്താണ്. ദൈവകൃപയാൽ അവന്റെ ഉപദേശം കൂടുതൽ വലിയ രീതിയിൽ നിറവേറ്റപ്പെടുന്നതു നമുക്കു കാണാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവനാമ മഹത്വത്തിനായി വിശ്വാസത്തോടും സമർപ്പണത്തോടും കൂടി നമുക്കു ഐക്യത്തോടെ മുന്നേറാം.

സന്തോഷത്തോടെ കർത്താവിന്റെ വേലയിൽ



റവ. വിജയ് പ്രസന്ന ഐസക്ക്

# കുരിശിലേക്ക് എന്നെ നയിക്കൂ

## യരൂശലെമിൽ നിന്നും ഗോൽഗോഥായിലേക്കുള്ള ഒരു യാത്ര

ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ നമ്മുടെ കർത്താവായ യേശുവിനെ അർത്ഥവത്തായും ഉൾക്കാഴ്ചയോടെ കാണാനുള്ള അവസരം ലഭിക്കുന്ന ഗൗരവമേറിയ സമയമാണ് സഭയുടെ ആരാധനക്രമത്തിലെ നോമ്പു കാലം. ഇന്ത്യൻ സഭക്കും മിഷനും കുരിശ് കൂടുതൽ യാഥാർത്ഥ്യമായി തീരുന്നു. ക്രിസ്ത്യാനികൾ എല്ലായിടത്തും ക്രൂരമായ പീഡനത്തിനിരയാകുന്നു. ക്രുശിക്കപ്പെട്ട ക്രിസ്തുവിന്റെ ശക്തിയിൽ ക്രിസ്തുവിന്റെ ക്രൂശിനെ കുറിച്ച് ഒരിക്കലും ലജ്ജിക്കാതെ അക്രമണം നേരിടുവാൻ ദൈവം നമുക്ക് കൃപ നൽകുമാറാകട്ടെ. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ യേശുക്രിസ്തുവിന്റെ കുരിശ് നിലകൊള്ളുന്നു. പാപത്തെ പരാജയപ്പെടുത്തുകയും കൃപ ചൊരികയും വിശ്വസിക്കുന്ന ഏവർക്കും വീണ്ടെടുപ്പ് ലഭ്യമാക്കുകയും ചെയ്ത സ്ഥലം. എന്നിരുന്നാലും കുരിശ് ഒരു ചരിത്ര സംഭവം മാത്രമല്ല, അത് ഓരോ വിശ്വാസിക്കുമുള്ള ദൈനംദിന ആഹ്വാനമാണ്. ക്രൂശിങ്കലേക്കു എന്നെ നയിക്കണമേ എന്ന കീർത്തനം ക്രിസ്തുവിനോടു അടുക്കുവാനും അവന്റെ പാദത്തിങ്കൽ സമർപ്പിക്കുവാനും അവന്റെ ത്യാഗത്തിന്റെ ശക്തിയിൽ ജീവിക്കുവാനും ആഗ്രഹിക്കുന്ന ഒരു ഹൃദയത്തിന്റെ വാഞ്ചയെ പ്രകടമാക്കുന്നു.



കാൽവറിയിലേക്കുള്ള കൗണ്ട് ഡൗൺ ആരംഭിക്കുന്നത് യരുശലെമിൽ നിന്നാണ്, അത് യേശുക്രിസ്തുവിന്റെ ജീവിതത്തെ അവലോകനം ചെയ്യുന്നു. വരുവാനുള്ള സംഭവങ്ങളെ മുൻകൂട്ടി കാണിക്കുന്നു, ഇവൻ യഥാർത്ഥത്തിൽ ആരാണെന്നു വിക്ഷിക്കുന്നു, നമ്മളുമായി അഭിമുഖ സംഭാഷണം നടത്തുന്നു, "ഇവൻ ആരാകുന്നു?" എന്ന ദശലക്ഷം ഡോളർ മൂല്യമുള്ള ചോദ്യം ഉന്നയിക്കുന്നു (മത്തായി. 21:10). യേശു യരുശലെമിലേക്കു സമീപിക്കുമ്പോൾ പരിമുറുക്കം വർദ്ധിക്കുന്നു. യരുശലെമിലെ പൊടിപടലം നിറഞ്ഞ തെരുവ് ചരിത്രത്തിന്റെ ഗതി മാറ്റിമറിക്കുന്ന ഒരു നാടകത്തിനു സാക്ഷ്യം വഹിച്ചു. അവന്റെ വരവിങ്കൽ സന്തോഷിച്ച് "ദാവിദ് പുത്രനു ഹോശന്നാ" എന്നു ആർത്തു വിളിച്ച നഗരം (മത്തായി.21:9). ഹോശന്ന എന്ന പദത്തിന്റെ അർത്ഥം ഞങ്ങളെ രക്ഷിക്കണമേ എന്നാകുന്നു. മുഴുവൻ പട്ടണവും ഇളകിമറിഞ്ഞു. ഇവിടെ ഉപയോഗിച്ച ഇളകി എന്ന പദം ഭുകമ്പം നിമിത്തം ഉണ്ടാകുന്ന ചലനത്തെ സൂചിപ്പിക്കുന്നതാണ് (മത്തായി.8:24,24:7,27:52,28:2). പെട്ടെന്ന് ഭയനാകമായ കരച്ചിലോടെ യേശുവിനെ നശിപ്പിക്കുക, ബറബ്ബസിനെ വിട്ടുതരിക യേശുവിനെ ക്രൂശിക്ക എന്നു വിളിച്ചു പറഞ്ഞു. യരുശലെമിന്റെ തെരുവീഥികൾ ശബ്ദ മുഖരിതമായി – ഒരു കൂട്ടർ പരിഹസിക്കുന്നു, ഒരു കൂട്ടർ കരയുന്നു, ലോകം ഇതുവരെയും കണ്ടിട്ടില്ലാത്ത മഹത്തായ സ്നേഹ പ്രകടനത്തിനു എല്ലാവരും സാക്ഷികളാകുന്നു. യേശു പാപമില്ലാത്ത ദൈവപുത്രൻ തന്റെതല്ലാത്ത കുരിശും വഹിച്ചു കൊണ്ട് ഗോൽഗോഥായിലേക്കുള്ള വഴിയിലൂടെ നടക്കുന്നു. മാനവ ജാതി

യുടെ എല്ലാ ദേശക്കാരുടെയും ജാതികളുടെയും ഭാഷക്കാരുടെയും മത്സരത്തിന്റെ പാപഭാരം അവൻ വഹിക്കുന്നു (വെളി.7:9-10).

ഇതു വെറുമൊരു കഷ്ടതയുടെ പ്രവർത്തി മാത്രമായിരുന്നില്ല - ഇതു ഒരു ദൗത്യമാകുന്നു. ആരംഭം മുതൽ തന്നെ കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുവാനാണ് യേശു വന്നത് (ലൂക്കോ.19:10). ആ ദൗത്യത്തിന്റെ പര്യവസാനം ആയിരുന്നു കുരിശ്, വിശ്വസിക്കുന്ന എല്ലാവർക്കും വീണ്ടെടുപ്പ് ഉറപ്പാക്കിയ നിമിഷം.

## കുരിശിലെ ദൗത്യം

"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശ.53:4-5).

ഗത്ശമനെയിൽ അവനെ ഒറ്റു കൊടുത്തതു മുതൽ യേശു കാൽവറിയിൽ അന്ത്യശ്വാസം വലിച്ച നിമിഷം വരെയുള്ള ഓരോ ചുവടും വ്യക്തമായ ലക്ഷ്യബോധമുള്ളതായിരുന്നു. ഈ യാത്ര വ്യക്തിപരമായ രക്ഷയെക്കുറിച്ചു മാത്രമായിരുന്നില്ല - ഇതു ലോകത്തിന്റെ മുഴുവൻ വീണ്ടെടുപ്പിനെക്കുറിച്ചുമാകുന്നു.

**1. എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള സുവിശേഷം** - യഹൂദ നേതാക്കന്മാർ അവനെ കുറ്റം വിധിച്ചു, റോമക്കാർ അവനെ വധിച്ചു, കുരിശിന്റെ ഭാരത്താൽ യേശു ഇടറി വീണപ്പോൾ കുരിശു ചുമക്കുന്നിതിനു സഹായിക്കുവാൻ ആൾക്കൂട്ടത്തിൽ നിന്നും കുറേനക്കാരനായ ശീമോനെ വലിച്ചിഴച്ചു കൊണ്ടു വന്നു. (ലൂക്കോ.23:26). ഗോൽഗോഥായിലേക്കു വഴി ക്രിസ്തുവിന്റെ ത്യാഗത്തിന്റെ ആഗോള പ്രകൃതി വ്യക്തമാക്കുന്ന ചിത്രമാകുന്നു. അവൻ യിസ്രായേലിനു വേണ്ടി മാത്രമല്ല വന്നത് മറിച്ച് സർവ്വ ലോകത്തിന്റെ പാപത്തിനു വേണ്ടിയാണ് വന്നത് (1 യോഹ.2:2). കുരിശിൽ ആണികളാൽ തറയ്ക്കപ്പെട്ടപ്പോൾ നമുക്കു കൃപ ലഭിക്കേണ്ടതിനു അവൻ ദൈവക്രോധം സഹിച്ചു. അവൻ കഷ്ടപ്പെട്ടപ്പോഴും അവന്റെ ഹൃദയം തന്റെ ദൗത്യത്തിൽ ഉറച്ചു നിന്നു:

- അവൻ തന്റെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു: "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കണമേ" (ലൂക്കോ.23:34).
- അവൻ ക്രൂശിൽ കിടന്ന കള്ളനോടു കനിവു കാട്ടി: "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും" (ലൂക്കോ.23:43).
- പിതാവിൽ നിന്നും വേർപിരിയുന്നതിന്റെ ഭീകരത അവൻ വഹിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു" (മത്തായി.27:46; സങ്കീ.22:1).

അവന്റെ അവസാന ശ്വാസത്തിൽ യേശു പ്രഖ്യാപിച്ചു "നിവൃത്തിയായി" (യോഹ.19:30). മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി (മത്തായി. 27:51). യുഹുദർക്കു മാത്രമല്ല എല്ലാ ജനതക്കും അനിയന്ത്രിതമായി ദൈവ സന്നിധിയിലുള്ള പ്രവേശനത്തിന്റെ പ്രതീകമാകുന്നു ഈ സംഭവം. വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞു (എഫെ.2:14).രക്ഷ ഇനി ദൈവാലയത്തിൽ ഉള്ളിൽ ഒതുങ്ങി നിൽക്കുകയില്ല അത് ലോകത്തിന്റെ അറ്റത്തോളം എത്തും. വില നൽക

പ്പെട്ടു. ദൗത്യം പൂർത്തീകരിച്ചു. വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കുള്ള മാർഗ്ഗം തുറക്കപ്പെട്ടു. സുവിശേഷത്തിന്റെ കാതൽ ഇതാണ്: യേശു വെറുതെ മരിച്ചതല്ല, അവൻ നമ്മുടെ സ്ഥാനത്താണ് മരിച്ചത്. കുരിശിന്റെ പാത ത്യാഗപരമായ സ്നേഹത്തിന്റെ പാതയാകുന്നു.

**2. ശിഷ്യത്വത്തിലേക്കും ദൗത്യത്തിലേക്കുമുള്ള ആഹ്വാനം** – യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്, "എന്നെ അനുഗമിക്കുവാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കോ.9:23). യേശുവിനെ അനുഗമിക്കുവാൻ ശിഷ്യന്മാരെ ഒരുക്കിയത് ഒരിക്കൽ എടുക്കുന്ന തീരുമാനമായിട്ടല്ല ഒരു കീഴടങ്ങലിന്റെ ജീവിത ശൈലിയായിട്ടാണ്. യേശുവിന്റെ ശിഷ്യനായി തീരുന്നത് കുറഞ്ഞ പക്ഷം മൂന്നാം നൂറ്റാണ്ടുവരെ എങ്കിലും മരണത്തിനു തലവെച്ചു കൊടുക്കുകയായിരിന്നു. യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകിയിരുന്നു. മനുഷ്യർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കും തങ്ങളുടെ പള്ളികളിൽവെച്ചു ചമ്മട്ടി കൊണ്ടു അടിക്കയും നടുവാഴികൾക്കും രാജാക്കന്മാർക്കു മുമ്പിൽ കൊണ്ടു പോകയും ചെയ്യും (മത്തായി.10:17–18; ലൂക്കോ.21:12). യേശുവിന്റെ മരണം അവസാനമല്ലായിരുന്നു – അതു സഭയുടെ ദൗത്യത്തിന്റെ ആരംഭമായിരുന്നു. പുനരുത്ഥാനം ചെയ്ത യേശു ശിഷ്യന്മാരുടെ മുമ്പിൽ നിന്നു കൊണ്ട് അവരെ ദൗത്യം ഭരമേല്പിച്ചു. "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി. 28:19,20). കുരിശ് വ്യക്തിപരമായ രക്ഷയെക്കുറിച്ചു മാത്രമുള്ളതായിരുന്നില്ല – അത് ആഗോളമായുള്ള വീണ്ടെടുപ്പിനെ കുറിച്ചുള്ളതുമായിരുന്നു. ക്രിസ്തു ക്രൂശ് ഗോൽഗോഥാ വരെ ചുമന്നതുപോലെ നാം സുവിശേഷം ഭൂമിയുടെ അറ്റത്തോളം വഹിക്കണം.

- **ക്രൂശ് നമ്മെ പോകുന്നതിനു ആഹ്വാനം ചെയ്യുന്നു** – "പിതാവു എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയക്കുന്നു" (യോഹ.20:21).
- **ക്രൂശ് നമ്മെ പ്രസംഗിക്കുന്നതിനു നിർബന്ധിക്കുന്നു** – "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" (1 കൊരി.9:16).
- **ക്രൂശ് ശിഷ്യരെ ഉരുവാക്കുവാൻ നമ്മോടു കല്പിക്കുന്നു** – "പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?" (റോമർ.10:15).

ക്രൂശിന്റെ പാത ദൗത്യത്തിന്റെ പാതയാകുന്നു. ക്രിസ്തുവിനെ യഥാർത്ഥമായി അനുഗമിക്കുക എന്നതിന്റെ അർത്ഥം നഷ്ടപ്പെട്ടു പോകുന്നവരോടു ക്രിസ്തുവിന്റെ ത്യാഗത്തെ പ്രഖ്യാപിക്കുന്നതാണ്.

## ഗോൽഗോഥായും ആഗോള ദൗത്യവും

തലയോടിടം എന്ന സ്ഥലത്തു യേശുവിനെ രണ്ടു കള്ളന്മാരോടു കൂടെ ക്രൂശിച്ചു. ഒരുവൻ യേശുവിന്റെ സ്നേഹത്തെ വലിച്ചെറിഞ്ഞ് യേശുവിനെ പരിഹസിച്ചു യേശുവിനോടു തന്നത്താൻ രക്ഷപ്പെടുവാൻ ആവശ്യപ്പെട്ടു. എന്നാൽ മറ്റെ കള്ളൻ യേശുവിൽ വിശ്വസിച്ചു. തന്റെ തെറ്റു ഏറ്റു പറഞ്ഞു രക്ഷക്കായി യേശുവിനോടു അപേക്ഷിച്ചു. ക്രൂശിലും

യേശു തന്റെ ദൗത്യം തുടർന്നു. മരിച്ചു കൊണ്ടിരുന്ന ആ വ്യക്തി അവസാന നിമിഷം രക്ഷ പ്രാപിക്കുന്നു. ആരും രക്ഷാകരമായ ദൈവകൃപയിൽ നിന്നു അകലയല്ല എന്ന സത്യം ഇവിടെ വ്യക്തമാക്കുന്നു.

ഈ നിമിഷം നമ്മെ വെല്ലുവിളിക്കുന്നു:

- സാധ്യതയില്ലാത്ത സ്ഥലത്തു നഷ്ടപ്പെട്ടവരെ നാം കാണുന്നുണ്ടോ?
- ലോകം ക്രിസ്തുവിനെ തിരസ്കരിക്കുമ്പോൾ അവനെ പ്രഘോഷിക്കുവാൻ നാം തയ്യാറാണോ?
- ഇതുവരെ കേട്ടിട്ടില്ലാത്തവർക്കു വേണ്ടി നാം കഷ്ടപ്പെടുവാൻ തയ്യാറാണോ?

നമ്മുടെ പ്രതികരണം:
ദൗത്യത്തിൽ ഒരു ജീവിതം.

യരുശലെമിൽ നിന്നു ഗോൽഗോഥാ യിലേക്കുള്ള പാത കഷ്ടതയുടെ പാത മാത്രമായിരുന്നില്ല - അത് ക്രിസ്തുവിലൂടെയുള്ള വിണ്ടെടുപ്പിൻ ദൗത്യത്തിന്റെ സ്നേഹ പാതയാകുന്നു. ഇപ്പോൾ നാം അവന്റെ സന്ദേശം ലോകത്തിനു എത്തിച്ചു കൊടുക്കുന്ന ദൗത്യത്തിന്റെ പാതയിൽ സഞ്ചരിക്കുന്നു.

ക്രൂശ് കാരണം -

- "അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്." (എഫെ.1:7)
- "വിശ്വാസത്താൽ നാം നീതി കരിക്കപ്പെട്ടു" (റോമർ.5:1).
- "ക്രിസ്തുവിൽ നാം പുതിയ സൃഷ്ടിയായി തീർന്നു" (2 കൊരി.5:17)
- "നിത്യജീവന്റെ വാഗ്ദത്തം ലഭിച്ചു" (യോഹ.3:16).

**നമ്മുടെ ജീവിതത്തിൽ നാം ക്രൂശ് വഹിക്കുന്നു** - ക്രിസ്തുവിനെ അനുഗമിക്കുന്നതിനുള്ള ആഹ്വാനം സമർപ്പണത്തിനുള്ള വിളിയാകുന്നു. പൗലൊസ് പ്രഖ്യാപിച്ചു "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു;" (ഗലാ.2:20). യഥാർത്ഥ ശിഷ്യത്വം സ്വയം മരിക്കുകയും അവന്റെ മഹത്വത്തിനായി ജീവിക്കുകയും ചെയ്യുക എന്നതാണ്.

**നഷ്ടപ്പെട്ടു പോയവർക്കു അരികിലേക്കു നാം സുവിശേഷം വഹിക്കുന്നു** - കുറേനക്കാരനായ ശീമോൻ കുരിശ് ചുമക്കുവാൻ യേശുവിനെ സഹായിച്ചതു പോലെ നഷ്ടപ്പെട്ടു പോകുന്നവരെകുറിച്ചുള്ള ഭാരം വഹിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ദൗത്യം ഇച്ഛാനുസരണം തിരഞ്ഞെടുക്കേണ്ടതല്ല, അതൊരു നിയോഗമാകുന്നു. "അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും?" (റോമർ10:14).

**അവൻ മുന്നമെ പോയതിനാൽ നാമും പോകുന്നു** - ലോകത്തിന്റെ രക്ഷക്കായി യേശു കഷ്ടം സഹിച്ചു. സുവിശേഷം ഒരിക്കൽ പോലും കേൾക്കാത്തവർക്കു സുവിശേഷം എത്തിക്കുന്നതിനായി നമ്മുടെ സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുവാൻ തയ്യാറാണോ?

നാം രക്ഷ കണ്ടെത്തിയ ഇടം മാത്രമല്ല ക്രൂശ് - അവിടെയാണ് നമുക്കു വിളിയും ലഭിക്കുന്നത്. ജാതികൾ യേശുവിനെ അറിയേണ്ടതിനു യേശു ഗോൽഗോഥാ സഹിച്ചു. ഇപ്പോൾ യേശു നമ്മോടു കല്പിക്കുന്നു: "പിതാവ് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ.20:21).

കർത്താവേ, ക്രൂശിങ്കലേക്കു എന്നെ നയിക്കേണമേ. അതിന്റെ ശക്തി നാം ഒരിക്കലും നഷ്ടപ്പെടുത്തരുത്. അതിന്റെ സന്ദേശം ഭൂമിയുടെ അറ്റത്തോളം എത്തിക്കാം.

**- റവ. വിജയ് പ്രസന്ന ഐസക്**
ജനറൽ സെക്രട്ടറി



# നനക്മാട്ട

**മിഷൻ വയൽ**

## ദൈവങ്ങളുടെ നാട്

ഉത്തരേന്ത്യയിലെ ഒരു സംസ്ഥാനമായ ഉത്തർഖാണ്ഡ് ആദ്യം ഉത്തരാഞ്ചൽ എന്നാണ് അറിയപ്പെട്ടിരുന്നത്. കിഴക്ക് നേപ്പാളും പടിഞ്ഞാറ് ഉത്തർപ്രദേശും അതിർത്തിയായുള്ള ഈ സംസ്ഥാനം ഹരിയാനയോടു ചേർന്നു കിടക്കുന്നു. ഇതിന്റെ തലസ്ഥാനം ഡേരാഡൂൺ ആകുന്നു. ഈ സംസ്ഥാനത്തിനു 13 ജില്ലകളുണ്. കുമൗൺ, ഗാർഹ്വാൾ എന്നീങ്ങനെ രണ്ടു ഡിവിഷനായി തിരിച്ചിരിക്കുന്നു. ഉത്തർപ്രദേശിലെ ജനങ്ങളെ മുമ്പ് അറിയപ്പെട്ടിരുന്നത് ഗർഹ്വാലി എന്നും കുമോനി എന്നു മായിരുന്നു. നിരവധി പുണ്യ സ്ഥല ങ്ങൾ ഉള്ളതിനാലും സമൃദ്ധമായ വനങ്ങളാലും വന്യജീവികളാലും അനു ഗൃഹീതമായതിനാലും ഈ സംസ്ഥാനം പൊതുവെ ദേവ ഭൂമി (ദൈവങ്ങളുടെ നാട്) എന്നു വിളിക്കപ്പെടുന്നു. നിങ്ങൾ എങ്ങോട്ടു തിരിഞ്ഞാലും അവിടെ യെല്ലാം കുന്നുകളും ഡാമുകളും ന ദികളും പച്ചപ്പും കാണാം.

2005 ൽ FMPB ഈ പ്രദേശത്തു ശുശ്രൂഷ ആരംഭിച്ചു. മാൽധാചൗർ മിഷൻ വയൽ ആരംഭിച്ചത് റവ. മനോജും കുടുംബവും ആകുന്നു. ഇപ്പോൾ ഈ മിഷൻ വയൽ വളർന്നു വിശാലമായി അഞ്ചു മിഷൻ വയലുകളുലായി പ്രവർ ത്തനം തുടരുന്നു. ഈ മാസം നനക്മാട്ട മിഷൻ വയലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവിടുത്തെ പ്രവർത്തനത്തിനായി നിങ്ങളുടെ പ്രർത്ഥന സഹായം അഭ്യർത്ഥിക്കുന്നു.

## നനക്മാട്ട

ഉത്തർഖാണ്ഡിലെ ഉദംസിങ് നഗർ ജില്ലയിലാണ് നനക്മാട്ട സ്ഥിതി ചെയ്യുന്നത്. യഥാർത്ഥത്തിൽ ഈ സ്ഥലത്തിന്റെ പേര് ഘോരക് മാത എന്നായിരുന്നു പതിനാറാം നൂറ്റാണ്ടിൽ ഇവിടെയുള്ള ഗുരുദ്വാര ഗുരുനാനാക് സന്ദർശിച്ചതിനെ തുടർന്നാണ് നനക് മാട്ട എന്നു ഈ സ്ഥലത്തിനു പുനർ നാമകരണം ചെയ്തത്. ഈ പ്രദേശത്തു റായ് സിഖ്, താരു (ബുക്സ) എന്നീ ജാതിക്കൂട്ടങ്ങൾ ജീവിക്കുന്നു. നമ്മുടെ പ്രവർത്തനം മുഖ്യമായി കേന്ദ്രീകരി ച്ചിരിക്കുന്നത് ഹിന്ദി, പഞ്ചാബി എന്നീ ഭാഷകൾ സംസാരിക്കുന്ന റായ് സിക്കു കാരുടെ ഇടയിലാണ്. അമ്പലങ്ങൾക്കു പ

കരം അവർക്കു ഗുരുദ്വാരകളാണുള്ളത്. അവർ വിഗ്രഹാരാധികളല്ല. ഗുരുനാനാക് ജയന്തി, വൈശാഖി എന്നിവയാണ് അവരുടെ പ്രധാന ആഘോഷങ്ങൾ. അവർക്കു ആരാധനക്കായി പ്രത്യേക ദിവസങ്ങളൊന്നും വേർതിരിച്ചിട്ടില്ല.

രണ്ടു പ്രധാന പട്ടണങ്ങളിലും 115 ഗ്രാമങ്ങളിലുമായി ഏകദ്ദേശം 10,000 റായ് സിഖുകാർ പാർക്കുന്നു. അവരുടെ പ്രധാന ഉപജീവന മാർഗ്ഗം കൃഷിയാണ്. മദ്യവും മയക്കുമരുന്നും ഇവിടെ ഉല്പാദിപ്പിക്കുന്നു. ഇവിടെയുള്ള സത്രീകൾ കാർഷിക വൃത്തിയിലും മൃഗപരിപാലനത്തിലും ഏർപ്പെടുമ്പോൾ ചെറുപ്പക്കാരായ പുരുഷന്മാർ പട്ടാളത്തിലും ഫാക്ടറികളും ജോലി ചെയ്യുന്നു. ചിലർ സ്വന്തമായി ബിസിനസ്സ് നടത്തുന്നു. ഈ സമുദായത്തിലെ 73% പുരുഷന്മാരും 58% സ്ത്രീകളും വിദ്യാസമ്പന്നരാണ്. ഇവർ രാഷ്ട്രീയത്തിൽ ഇടപെടുന്നതിലും താൽപര്യപ്പെടുന്നു. ഈ ജനങ്ങളുടെ ഇടയിലെ മുഖ്യമായ തീരുമാനങ്ങൾ എടുക്കുന്നത് ഗ്രാമത്തലവന്മാരാണ്.

ഈ സമുദായത്തിൽ തുടക്കത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ലെങ്കിലും ഒരു കത്തോലിക്ക സംഘടന കുറച്ചു കാലം ഇവരുടെ ഇടയിൽ പ്രവർത്തിച്ചിരുന്നു. എന്നിരുന്നാലും നിലവിൽ ഇവരുടെ പ്രവർത്തനം നിലച്ചിരിക്കുന്നു. ഇങ്ങനെയൊക്കെ ആണെങ്കിലും റായ് സിക്കുകാർ സുവിശേഷത്തോടു താൽപര്യമുള്ളവരാണ്.

യൗവ്വനക്കാരുടെ ഇടയിലുള്ള മയക്കുമരുന്നു ആസക്തി, ഗുരുക്കന്മാരെ ആരാധിക്കുക, രാഷ്ട്രീയ അസ്ഥിരത, ഭരണഘടന വിരുദ്ധമായ ആയുധങ്ങളുടെ വ്യാപനം, ശൈശവ വിവാഹങ്ങൾ, വിവാഹ മോചനങ്ങൾ എന്നിവയാണ് ഈ സമുദായത്തിൽ പൊതുവായുള്ള പ്രശ്നങ്ങൾ.


രാമസ്വാമി ജറോം കുടുംബം

## നമ്മുടെ പ്രവർത്തനം

2021 ൽ നമ്മുടെ മിഷനറിമാരായ ശ്രീ. രാമസ്വാമി ജറോം, ശ്രീ. ശിവകുമാർ എന്നിവർ ഈ പ്രദേശത്തെക്കുറിച്ചു പഠനം നടത്തി. 2021 ആഗസ്റ്റ് 1 ഈ മിഷൻ വയൽ ഔദ്യോഗികമായി ആരംഭിച്ചു. ശ്രീ. ശിവകുമാർ & ശ്രീമതി സുശീല മാരാക് എന്നിവരായിരുന്നു പ്രഥമ മിഷനറിമാർ.

ലഘുലേഖ വിതരണം നടത്തുമ്പോൾ ശ്രീ. സത്വീർ സിങിന്റെ ഭാര്യ നമ്മുടെ മിഷനറിമാരോടു അവരുടെ ഭർത്താവിനു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അയാൾ പൈശാചിക ബന്ധനത്താൽ കഴിഞ്ഞ 40 വർഷമായി രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ കഷ്ടപ്പെടുകയായിരുന്നു. നമ്മുടെ മിഷനറിമാർ ആവരുടെ ഭവനത്തിൽ പോയി തുടർച്ചയായി മൂന്നു ഞായറാഴ്ചകൾ പ്രാർത്ഥിച്ചു. മൂന്നാമത്തെ ഞായറാഴ്ച ദൈവം സത്വീർ സിങിനെ പൈശാചിക ബന്ധനത്തിൽ നിന്നും അത്ഭുതകരമായി വിടുവിച്ചു. തത്ഫലമായി ശ്രീ. സത്വീർ സിങും ഭാര്യ ബൽജീത് കൗറും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. ഇവരാണ് നനക്മാട്ട മിഷൻ വയലിലെ ആദ്യ വിശ്വാസികൾ. നിങ്ങളുടെ പ്രാർത്ഥനകളാലും സഹായ

ത്താലും ഈ പ്രദേശത്തെ ശുശ്രൂഷ വളർന്നു കൊണ്ടിരിക്കുന്നു.



## പ്രാർത്ഥന വിഷയങ്ങൾ

1. ഇവരുടെ ഇടയിലുള്ള കോപവും നിയമവിരുദ്ധമായ ആയുധ ഉപ യോഗവും നിർത്തേണ്ടതിനായി പ്രാർത്ഥിക്കുക.
2. ഉപജീവനത്തിനായി മദ്യവും മയക്കു മരുന്നും ഉല്പാദി പ്പിക്കുന്നവരുടെ ഹൃദയത്തിൽ മാറ്റം ഉണ്ടാകേണ്ടതിനും മാന്യമായ തൊഴിൽ ചെയ്തു ഉപജീവന മാർഗ്ഗം കണ്ടെത്തേണ്ട തിനുമായി പ്രാർത്ഥിക്കുക. തൊഴിലവസരങ്ങൾ ലഭ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.
3. വിവാഹ സംബന്ധമായ വെല്ലുവിളികൾ പരിഹരിക്ക പ്പെടേണ്ടതിനും ശക്തവും മനോഹരവുമായ കുടുംബങ്ങൾ സ്ഥാപിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക.
4. ക്രിസ്തീയ ആചാര പ്രകാരം വിവാഹം നടത്തിയാലും ഗുരുദ്വാരയിൽ നിന്നുള്ള ആളുകൾ ക്രാന്തിൽ നിന്ന് അവരുടെ വിശുദ്ധ ഗ്രന്ഥം വായിക്കണമെന്നു അവർ ആഗ്രഹിക്കുന്നു. ഈ ജനം ഗുരു ആരാധനയിൽ നിന്നും സ്വതന്ത്രരാകേണ്ടതിനും ക്രിസ്തുവിൽ സമ്പൂർണ്ണത പ്രാപി ക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.
5. ഇവിടെ ദൈവാലയങ്ങൾ ഇല്ലാത്തതിനാൽ വിശ്വാസികൾ ഭവനങ്ങളിൽ കൂടി വരുന്നു. ആലയങ്ങൾ പണിയുന്നതി നുള്ള തടസ്സങ്ങൾ മാറി ഇവിടെ ദൈവാലയം നിർമ്മിക്കേണ്ട തിനായി പ്രാർത്ഥിക്കുക.
6. പെരുമ്പാമ്പ്, ചീങ്കണ്ണി, പുള്ളി പ്പുലി തുടങ്ങിയ അപകട കാരികളായ വന്യമൃഗങ്ങളിൽ നിന്നു വിശ്വാസികൾക്കും മിഷന റിമാർക്കും സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
7. മതഭ്രാന്തന്മാരിൽ നിന്നും മതപരിവർത്തന നിരോധന നിയമത്തിൽ നിന്നും വിശ്വാസികൾക്കും മിഷന റിമാർക്കും സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
8. മത തീവ്രവാദികളിൽ നിന്നുള്ള എതിർപ്പും പീഡനവും ഇല്ലാതാ കേണ്ടതിനായി പ്രാർത്ഥിക്കുക.
9. ഈ പ്രദേശത്തുള്ള ക്രിസ്തീയ വിശ്വാസികൾ സ്വാതന്ത്ര്യത്തോടെ ആരാധിക്കേണ്ടതിനും അവർ ക്രിസ്തുവിൽ വേരൂന്നി വിശ്വാ സത്തിൽ ആഴമായി വളരേണ്ടതി നുമായി പ്രാർത്ഥിക്കുക.
10. ഈ പ്രദേശത്തു പ്രവർത്തിക്കുന്ന മിഷനറിമാരായ ശ്രീ. രാമസ്വാമി ജറോമിനെയും ശ്രീമതി രാജമിനെ യും ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




# ജീവിതം മാറ്റുന്ന മിഷൻ വയൽ അനുഭവം

ഹൈദ്രബാദിൽ നിന്നു 11 പേരടങ്ങുന്ന ഒരു സംഘം 2024 ഒക്ടോബർ 30 മുതൽ നവംബർ 4 വരെ മിഷൻ വയൽ സന്ദർശനത്തിനായി ജാർഖണ്ഡിലേക്കു പോയി. നവംബർ 3 ന് പുതുതായി നിർമ്മിച്ച കോടംഡിഹ് ദൈവാലത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചു. ഈ സന്തോഷകരമായ സന്ദർഭം ആഘോഷിക്കുവാൻ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ നിന്നു 400 ഓളം വിശ്വാസികൾ വന്നു ചേർന്നത് അനുഗ്രഹകരമായിരുന്നു. ഈ ഉൾപ്രദേശത്തു എത്തിച്ചേരുന്നതിനു നാലു മണിക്കൂറോളം യാത്ര ചെയ്യേണ്ടിവന്നു. ഇത് അസുലഭമായ ഒരു സന്ദർഭമായിരുന്നു. ദൈവരാജ്യ ശുശ്രൂഷയുടെ ഈ നാഴിക കല്ലിനു സാക്ഷ്യം വഹിക്കുവാൻ ഞങ്ങൾക്കും അവസരം ലഭിച്ചതിനാൽ ദൈവ സന്നിധിയിൽ ഞങ്ങളെത്തന്നെ താഴ്ത്തി സമർപ്പിക്കുന്നു. ഞങ്ങൾ കണ്ട മിഷന റിമാരുടെ ജീവിതം ഞങ്ങളിൽ വലിയ സ്വാധീനം ഉളവാക്കി. അവരെല്ലാവരും വിശ്രമമില്ലാതെ അദ്ധ്വാനിക്കുന്നു. പുതിയ ഭാഷ പഠിച്ച് പുതിയ സംസ്കാരം സ്വീകരിച്ച് വെല്ലുവിളി ഉയർത്തുന്ന ചുറ്റുപാടുകളിൽ 30 മുതൽ 60 വരെ ഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്യുന്നു. ചില പ്രദേശങ്ങളിൽ അവർ എതിർപ്പും ഉപ ദ്രവും സഹിക്കുന്നു. കഷ്ടപ്പാടുകളുടെ നടുവിലും വിശ്വാസത്തിൽ ഉറച്ചു നിൽ ക്കുന്ന അവർ ഞങ്ങളോടു അവശ്യപ്പെട്ടത്, "ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക, തെലുങ്കാനയിൽ നിന്നു മിഷനറിമാരെ അയക്കുക."

ഇതു ശ്രവിച്ച ഞങ്ങളുടെ ഹൃദയം നുറുങ്ങിപ്പോയി. ശാസ്ത്രജ്ഞരെയും സംരംഭകരെയും എഞ്ചിനിയറന്മാരെയും ഡോക്ടറന്മാരെയും മറ്റു ഉദ്യേഗസ്ഥരെയും ഉരുവാക്കുന്നതിൽ തെലുങ്കാന പ്രസിദ്ധമാണ്. ഞങ്ങളുടെ പട്ടണങ്ങളിൽ വലിയ ആരാധന സമൂഹങ്ങളും ബൃഹത്തായ പള്ളികളും ഉയരുന്നതിൽ അഭിമാനി ക്കുന്നു. എന്നാൽ കഴിഞ്ഞ അനേക വർഷങ്ങളായി ഈ മിഷൻ വയലുകളിൽ പ്രവർത്തിക്കുവാൻ ഒരു മിഷനറിയെ പോലും ഉരുവാക്കുവാൻ സാധിക്കാത്തതിൽ ഞങ്ങളുടെ ഹൃദയം തേങ്ങുന്നു. ഇനി താമസിക്കുവാൻ സമയമില്ല. സംതൃപ്ത രായിരിക്കുവാൻ കഴികയില്ല. കൊയ്ത്തിനായി വയലുകൾ വിളഞ്ഞു കിടക്കുന്നു. വേലക്കാരെ വേണം. ഈ അടിയന്തിര ആവശ്യത്തെ സഭകളിൽ അറിയിക്കുവാനും സംഘമായി മിഷൻ വയലിന്റെ ആവശ്യത്തിനു വേണ്ടി ആത്മാർത്ഥമായി പ്രാർ ത്ഥിക്കുവാനും തീരുമാനിച്ചു.

ഈ മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാകുക, പ്രാർത്ഥിക്കുക, സഹായിക്കുക.

– FMPB കുടുംബം, സെക്കന്ദ്രബാദ്

റിപ്പോർട്ട്

# സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറിമാരുടെ സമ്മേളനം



മധുരയിൽ ശരൺതങ്കിയിലുള്ള “His Rest” ദേവ ശാന്തി കാമ്പസിൽ വച്ച് സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറിമാരുടെ സമ്മേളനം 2025 ഫെബ്രുവരി 18 മുതൽ 20 വരെ സംഘടിപ്പിക്കുവാൻ HRD യെ പ്രാപ്തമാക്കിയ ദൈവത്തിനു നന്ദി കരേറ്റുന്നു. പരേതനായ ശ്രീ. പി ശാമുവേൽ അണ്ണന്റെ മകൻ ശ്രീ. റിച്ചാർഡ് മിഷനറിമാരുടെ യാത്രക്കാവശ്യമായ വാഹന സൗകര്യം ചെയ്തു തന്നു. റവ. ഐസക്ക് ധനസിങ്, ശ്രീ. മുരളീധരൻ, ശ്രീ. എഡ്വേർഡ് ജപ സിങ് എന്നിവർ യാത്രക്കാവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. ശ്രീമതി. ഗ്ലാഡി സാമിന്റെ നേതൃത്വത്തിൽ അതിഥികളെ സ്വീകരിക്കുകയും താമസ സൗകര്യം ഒരുക്കുകയും ചെയ്തു.

ഫെബ്രുവരി 18 ന് സ്തുതി സ്തോത്ര ആരാധനയോടെ സമ്മേളനം ആരംഭിച്ചു. 19 ന് ധ്യാനസമയത്തു റവ. ജോൺ ബർലിൻ ദൈവവചനം പങ്കുവെച്ചു. ഡോ. സെൽവിൻ, റവ. ജയപാൾ സിത്തെർ എന്നിവരായിരുന്നു പ്രധാന പ്രസംഗകർ. ചൗദരി ഭാഷയിലുള്ള പുതിയ നിയമത്തിന്റെ ശബ്ദരേഖ അടുത്ത ജനറൽ സെക്രട്ടറിയാകുന്ന റവ. വിജയ് പ്രസന്ന ഐസക് ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. ഡോ. സെൽവിൻ മിഷനറിമാരോടു തങ്ങളുടെ കഴിഞ്ഞ മിഷനറി അനുഭവത്തെ പങ്കുവെക്കുന്നതിനും ഭാവി ശുശ്രൂഷയ്ക്കായി ഒരുങ്ങുവാനും ഉത്സാഹിപ്പിച്ചു. റവ. ബർലിൻ മിഷനറിമാരുമായി സംവാദിച്ചു. റവ. റിച്ചാർഡ് സന്ധ്യാ യോഗത്തിൽ വചനം സംസാരിച്ചു. ദൈവസ്നേഹത്തിൽ കർത്താവിന്റെ വേല ചെയ്യുവാൻ എല്ലാവരെയും ഉത്സാഹിപ്പിച്ചു.

ഫെബ്രുവരി 20 ൽ വൈസ് പ്രസിഡണ്ട് ശ്രീ. സാം പൊന്നയ്യ ധ്യാനത്തിനു നേതൃത്വം നൽകി. ഡോ. സെൽവിൻ, റവ. ജയപോൾ സിത്തർ എന്നിവർ സജീവ സേവനത്തിൽ നിന്നു വിരമിക്കുമ്പോൾ ഉണ്ടാകുന്ന വെല്ലുവിളികൾ ഏറ്റെടുത്ത് ശുശ്രൂഷ തുടരുവാൻ പ്രചോദനം നൽകി. റവ. രൂബൻ ശമുവേൽ ആയിരം യുവജനങ്ങളെ കർത്താവിനു വേണ്ടി ഒരുക്കുന്നതിനുള്ള തന്റെ ദർശനത്തെ പങ്കുവെച്ചു. സജീവ സേവനത്തിൽ നിന്നും വിരമിച്ച ഓരോ മിഷനറിയും വർഷത്തിൽ ഒരു യൗവ്വനക്കാരനെ/യുവതിയെ ശുശ്രൂഷക്കായി ഒരുക്കി എടുക്കുന്നതിനായി സമർപ്പിക്കുവാൻ ആഹ്വാനം നൽകി. നിയുക്ത ജനറൽ സെക്രട്ടറി റവ. വിജയ് പി ഐസക് വന്നു കൂടിയവരുടെ ശുശ്രൂഷകൾക്കായ്

ദൈവത്തെ സ്തുതിക്കുകയും അവരെ പ്രശംസിക്കുകയും ചെയ്തു. പരേതനായ മിഷനറി പി. സാമുവേൽ അണ്ണന്റെ മകൻ ശ്രി. റെയ്മണ്ട് ഗുജറാത്തിലുള്ള തങ്ങളുടെ കാലത്തെ കുറിച്ചു അനുസ്മരിച്ചു. ഫൈനാൻസ് സെക്രട്ടറിയും ഈ സമ്മേളനത്തിൽ കടന്നു വരികയുണ്ടായി. റവ. ഐസക് ധനസിങ്ങും കുടുംബവും മധുരയിലുള്ള പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങളും ചേർന്ന് സമ്മേളനത്തിൽ പങ്കെടുത്ത മിഷനിമാർക്കും കുടുംബങ്ങൾക്കും സമ്മാനങ്ങൾ നൽകുന്നതിനാവശ്യമായ പണം സ്വരൂപിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

സമ്മേളനത്തിന്റെ അവലോകനത്തോടും പ്രതികരണങ്ങളോടും കൂടെയാണ് ഈ സമ്മേളനം അവസാനിപ്പിച്ചത്. ശ്രീ. സെൽവിൻ, ശ്രീ. എഡ്വേർഡ് ജപസിങ് എന്നിവരുടെ സംഘം സീനിയർ മിഷനറിമാരുടെ ജീവിതവും ശുശ്രൂഷയും സംബന്ധമായ വിവരങ്ങളും രേഖകളും ഫോട്ടോഗ്രഫിയും വീഡിയോയും സഹിതം ഭാവിയിൽ പ്രയോജനപ്പെടുത്തുന്നതിനായി ശേഖരിച്ചു. HRD സെക്രട്ടറിയുടെ പ്രചോദനാത്മകമായ വാക്കുകളോടു കൂടിയാണ് ഈ സമ്മേളനം സമാപിച്ചത്. എല്ലാ പ്രോഗ്രാമുകളും ഭംഗിയായി നടത്തുന്നതിനു കൃപയും സാന്നിധ്യവും നൽകി അനുഗ്രഹിച്ച ദൈവത്തിനു സ്തോത്രം. ഇതിന്റെ പിന്നിൽ അദ്ധ്വാനിച്ച ശ്രീ. റിച്ചാർഡിനോടും സംഘത്തോടുമുള്ള കടപ്പാടും രേഖപ്പെടുത്തുന്നു.

റവ. വി പി ജപരാജ് ശമുവേൽ, സെക്രട്ടറി – HRD

# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**
**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar
**ICICI Bank UPI ID: fmpb01@icici**
**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur
**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code
**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# പൊഷേര

## സഭാ ചരിത്രം



### മൊഖാദ മിഷൻ വയൽ, ഗോദാവരി റീജിയൻ

### സെന്റർ സോൺ

ശ്രീമതി. ആഗന്സ് എഡ്വേർഡ്

മഹാരാഷ്ട്രയിൽ താനെ ജില്ലയിലെ മൊഖാദ താലൂക്കിലുള്ള ഒരു വലിയ ഗ്രാമമാണ് പൊഷാേര. 987 കുടുംബങ്ങൾ പാർക്കുന്ന ഈ ഗ്രാമം കൊങ്കൺ റീജിയനിലാണ് സ്ഥിതി ചെയ്യുന്നത്. പൊഷാേര ഗ്രാമത്തിൽ ആകെ 4417 ആളുകൾ പാർക്കുന്നു. ഇന്ത്യൻ ഭരണഘടനയും പഞ്ചായത്ത് രാജ് നിയമവും അനുസരിച്ച് പൊഷാേര ഗ്രാമത്തിന്റെ ഭരണം നിർവഹിക്കുന്നത് ഗ്രാമത്തിലെ ജനങ്ങളുടെ പ്രതിനിധിയായി തിരഞ്ഞെടുക്കുന്ന ഗ്രാമത്തലവൻ (സർപഞ്ച്) ആണ്. ഇവിടെയുള്ള ജനങ്ങളിൽ അധിക പങ്കും പട്ടിക വർഗ്ഗക്കാരാണ്. ആകെ ജനങ്ങളിൽ 94.63% പട്ടിക വർഗ്ഗക്കാരും 0.09% പട്ടിക ജാതിക്കാരും ആകുന്നു. ഇവരെല്ലാം കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ചിലർ സ്വന്ത ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ മറ്റു ചിലർ പങ്കു ചേർന്നു കൃഷി ചെയ്യുന്നു. അല്ലാത്തവർ കൂലി വേല ചെയ്യുന്നു.

### ആരംഭം

2006 ൽ റവ. ജോൺസൺ ബർന്നബാസും റവ. ബത്തുവെൽ ഭരതനും ചേർന്നു മൊഖദ മിഷൻ വയൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. ഇവിടെ പട്ടികവർഗ്ഗക്കാരെയും സുവിശേഷം ശ്രവിക്കാത്തവരെയും ലക്ഷ്യം വെച്ചാണ് ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചത്. അവർ ബസവരാജയെയും സന്മത വസവരാജയെയും ഭാഷ പഠനത്തിനായി അയച്ചു. 2007 ൽ അവർ ജവഹറിലേക്കു മാറി മൊഖദയിൽ പവർത്തനം തുടങ്ങി. ഇതിനു വളരെ മുമ്പ് 1990 ൽ ശ്രീ. തുക്കറാം യശ്വന്ത് വാഗ് പൊഷേര ഗ്രാമത്തിൽ സുവിശേഷം അറിയിക്കുകയും ജനങ്ങൾ ക്രിസ്തീയ വിശ്വാസത്തിലേക്കു വരുകയും ചെയ്തിരുന്നു. പീഡനവും എതിർപ്പും ഉണ്ടായതിനെ തുടർന്നു അവർ നാസിക്കിലേക്കു കുടിയേറിപോയി അവിടെ അവർ ആരാധനക്കായി ഒരുമിച്ചു കൂടി. 2004 ൽ ആകെ എട്ടു കുടുംബങ്ങൾ വിശ്വാസത്തിൽ വന്നിരുന്നു. എന്നാൽ

അവരുടെ ഇടയിൽ ഇടയ ശുശ്രൂഷ ചെയ്യുന്നതിനു ആരുമില്ലായിരുന്നു.

**ആദ്യ വിശ്വാസി:** ശ്രീ. വസവരാജ, പൊഷാര ഗ്രാമത്തിലെ ബാഹു ധർമ്മ കദലിയുടെ ഭവനം സന്ദർശിച്ചു ആരാധനക്കു നേതൃത്വം നൽകി. ആരംഭ നാളുകളിൽ സുവിശേഷ വിരോധികൾ ഇതിനെ എതിർത്തു. 2007 ആഗസ്റ്റിൽ സുവിശേഷ വിരോധികൾ മുന്നറിയിപ്പു നൽകിയതിനെ തുടർന്നു പോലീസ് ഇടപെട്ടു ക്രിസ്ത്യാനികളെ താക്കീത് ചെയ്ത് വിട്ടയച്ചു. എതിർപ്പിന്റെയും ഭീഷണിയുടെയും മദ്ധ്യേ ശ്രീ. വസവ രാജ ഭവനങ്ങൾ സന്ദർശിക്കുകയും രഹസ്യമായി രാത്രി യോഗങ്ങൾ നട ത്തുകയും ചെയ്തു. ഒരുനാൾ പുറത്ത് സുവിശേഷ വിരോധികൾ കൂടിവന്നു മിഷനറിയെ അപായപ്പെടുത്തുവാൻ പദ്ധതിയിട്ടെങ്കിലും അതിരാവിലെ മൂന്നു മണിക്കു അവിടെ നിന്നു രക്ഷപ്പെട്ടു. സുവിശേഷ വിരോധികളുടെ നിർ ദ്ദേശ പ്രകാരം പോലീസ് ഇടപെ ടുന്നതു വരെ ഗോവിന്ദ് കവാറിന്റെ ഭവനത്തിലെ രഹസ്യ ആരാധന യോഗം തുടർന്നു. ശ്രീ. ബസവരാജ പോലീസ് അകമ്പടിയോടെ അവിടെ നിന്നു സുരക്ഷിതമായി രക്ഷപ്പെട്ടു.

ന്യൂനപക്ഷ കമ്മീഷന്റെ സഹായം തേടി. 20 പോലീസുകാരുടെ സഹായത്തോടെ ബസവരാജ രാത്രിയോഗവും സ്നാന ശുശ്രൂഷയും സംഘടിപ്പിച്ചു. അന്ന് പൊ ഷാര അണക്കെട്ടിൽ വെച്ച് ശ്രീ.ബാഹു ധർമ്മ കാദലി ഉൾപ്പടെ 148 പേരെ സ്നാനപ്പെടുത്തി. സ്നാനത്തെ തുടർന്നു ശ്രീ. കാദലിയുടെ ഭവനത്തിൽ ആരാധന യോഗം ആരംഭിച്ചു. 80 തിലധികം ആളുകൾ സംബന്ധിക്കുന്ന ആരാധന അവിടെ പുതിയ ദൈവാലയം പണി യുന്നതു വരെ തുടർന്നു.



പൊഷാര ഗ്രാമത്തിലെ **ബാഹു ധർമ്മ കാദലി** ഒരു മദ്യപാനിയും. ആഭിചാരക്രിയ ചെയ്യുന്നവനുമാണ്. മദ്യലഹരിയിൽ ഗ്രാമീണരെ അസഭ്യ പറയുക പതിവായിരുന്നു. ഒടുവിൽ അയാൾ ഒരു ഭ്രാന്തനായി, മദ്യപാന ത്തിനു പണം തേടി വിവിധ രീതിയിൽ ദുരാത്മാവിനെ ഉപയോഗിക്കുമായിരുന്നു. വസ്ത്രങ്ങളെല്ലാം ബാഗിൽ കരുതി ഓടിപ്പോകുവാൻ ശ്രമിച്ചു. എന്നാൽ ദുരാത്മാവ് അവനെ തിരികെ കൊണ്ടു വന്നു. ഈ ദുരാത്മാവിൽ നിന്നും ആഭിചാര ദോഷങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാനായി അവൻ ആഭിചാര പ്രവർത്തകരെയും ബ ന്ധുക്കളെയും സമീപിച്ചു. ഒരു പ്ര യോജനവും ലഭിച്ചില്ല. ഒടുവിൽ അവന്റെ ഗ്രാമത്തിലുള്ള ബന്ധുവായ ക്രിസ്ത്യാ നിയെ സമീപിച്ചു. അവർ അവനു വേണ്ടി പ്രാർത്ഥിച്ചു. അവൻ ആഭിചാര ദോഷങ്ങളിൽ നിന്നും പൈശാചിക ബന്ധനത്തിൽ നിന്നും സമ്പൂർണ്ണ വിടുതൽ പ്രാപിച്ചു.

പൊഷേര ഗ്രാമത്തിലെ **തുളസിറാം കാദലി** ഉദര വേദനയാൽ കഷ്ടപ്പെട്ടു ആഭിചാര പ്രവർത്തകനെ സമീപിച്ചു. അവനു സൗഖ്യം ലഭിച്ചെങ്കിലും പിന്നീട് അവന്റെ മൂത്തമകൻ കാസേബ് അതെ രോഗത്താൽ മരണപ്പെട്ടു. അവൻ തിരികെ പൊഷാര ഗ്രാമത്തിൽ

വന്നു അവനു വീണ്ടും ആ രോഗം പിടിപെട്ടു.ഈ പ്രാവശ്യം അവന്റെ മകൾക്കാണ് ആ രോഗം ബാധിച്ചത്. തുളസി റാം പഴയ ക്രിസ്ത്യാനിയായ തുക്കറാമിനെ സമീപിച്ചു സഹായം അഭ്യർത്ഥിച്ചു. തുക്കറാം പ്രാർത്ഥിച്ച വേളയിൽ ആ പെൺകുട്ടി ഒരു വലിയ വെളിച്ചം കാണുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തു.അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാതെ മദ്യപിക്കുകയും പുകയില വലിക്കുകയും ചെയ്തു. തങ്ങൾ ചെയ്യുന്നത് പാപമാണെന്നു ഗ്രഹിക്കാതെ അതിൽ തുടർന്നു.

## എതിർപ്പുകൾ

പൊഷേര ഗ്രാമത്തിലെ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്നു എതിർപ്പുകളും അധീകരിച്ചു. വിശ്വാസികളുടെ ബന്ധുക്കളും സുവിശേഷ വിരോധികളും ആരാധന തുടർന്നാൽ വലിയ പ്രത്യാഘാതം നേരിടേണ്ടി വരുമെന്നു വിശ്വാസികളെ ഭീഷണിപ്പെടുത്തി. വേദപുസ്തകങ്ങളും പാട്ടുപുസ്തകങ്ങളും സഹിതം വിശ്വാസികളെ പിടിച്ചു കൊണ്ടു പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. അവിടെ അവർ ക്രിസ്തീയ വിശ്വാസം തുടരുകയില്ലെന്ന പ്രസ്താവന എഴുതിക്കൊടുക്കുവാൻ നിർബന്ധിതരായി. അവരെ പിന്നീട് ഒരു ഹനുമാൻ അമ്പലത്തിൽ കൊണ്ടു പോയി ഒരു ബ്രാഹ്മണന്റെ നേതൃത്വത്തിൽ ഹിന്ദുമതത്തിലേക്കു തിരികെ കൊണ്ടുപോയി. ഈ സാഹചര്യത്തിൽ പൊഷേര ഗ്രാമത്തിലെ ആരാധന തടസ്സപ്പെട്ടു. അവിടെയുള്ള ക്രിസ്ത്യാനികൾ ഭയന്നു രഹസ്യവിശ്വാസികളായി തുടർന്നു.

2007 ജൂലൈയിൽ ശ്രീ. ബസവരാജയെയും ഭാര്യ ശ്രീമതി സന്മതയെയും മൊഖദ മിഷൻ വയലിലേക്കു നിയോഗിച്ചു. റവ. പേരിമ്പദാസ് പോഷേര ഗ്രാമത്തിലുള്ള ശ്രീ. സാവൻജി മോത്തിറാം മുഖാനെ കുറിച്ചു ബസവരാജയോടു പറഞ്ഞു. ബാസവരാജ അയാളെ തേടി പൊഷാര ഗ്രാമത്തിൽ ചെന്നു. അവിടെ ക്രിസ്ത്യാനികളെക്കുറിച്ചു അന്വേഷിച്ചപ്പോൾ രഹസ്യ ക്രിസ്ത്യാനിയായ ബാഹു ധർമ്മ കാദലിയുടെ ഭാര്യ സീത ഭായിയെ കണ്ടുമുട്ടി. അവൾ ആദ്യം ഭയപ്പെട്ടെങ്കിലും ബാസവരാജയുടെ കയ്യിൽ വേദപുസ്തകം കണ്ടപ്പോൾ മിഷനറിയെ വന്ദനം ചെയ്യുകയും അവർ ഇവിടെ ഭയന്നാണ് കഴിയുന്നതെന്നു പങ്കുവെക്കുകയും ചെയ്തു. ബസവരാജ അവളുടെ ഭർത്താവിന്റെ ഫോൺ നമ്പർ വാങ്ങി അവിടെ നിന്നും മടങ്ങിവന്നു.



## സഭയുടെ വളർച്ച

കത്കാരി ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു മദ്യയപാനവും പുകയില ഉപയോഗവും നിർത്തി. തുടർന്നു അവർ സാമ്പത്തികമായും സാമൂഹ്യപരമായും അനുഗ്രഹം പ്രാപിച്ചു. അവരുടെ കുഞ്ഞുങ്ങൾ ആരോഗ്യമുള്ളവരായി. അവരുടെ സമ്പത്ത് വർദ്ധിച്ചു. അവർ തങ്ങളുടെ അദ്ധ്വാന ഫലം

കൊയ്തെടുത്തു അനുഭവിച്ചു. ആദ്യ ക്രിസ്ത്യാനിയായ ശ്രീ. ബാഹു ധർമ്മ കാദലി 2011 ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചു. അദ്ദേഹം 18 ഗ്രാമത്തിന്റെ തലവനായി (സർപഞ്ച്) ആയി തീർന്നു. സുവിശേഷ വിരോധികളുടെ എതിർപ്പിനെ മറികടന്ന് അവിടെ ദൈവാലയം പണിയുവാൻ അനുവാദം നൽകി. അദ്ദേഹത്തിന്റെ നേതൃത്വം എതിർപ്പുകളെ ഇല്ലാതാക്കുകയും കദ്കാരി ജനങ്ങൾ ധൈര്യപൂർവ്വം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മുന്നോട്ടു വന്നു.

രാമു അർജുൻ വാഗ് ഒരു കാലത്ത് സുവിശേഷ വിരോധികളുടെ സംഘത്തിന്റെ ഭാഗമായി വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. അവന്റെ ഭാര്യയുടെ ശരീരത്തിലുണ്ടായ മുഴ പടർന്നു തൊണ്ടയിലേക്കു കയറി ശ്വാസം മുട്ടലും പൈശാചിക ബന്ധനത്താൽ ബോധക്ഷയവും സംഭവിച്ചു. പ്രാരംഭത്തിൽ അവൻ ആഭിചാരകനെ സമീപിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല. എതിർപ്പുകളെ അവഗണിച്ചു അവൻ ക്രിസ്ത്യാനികളോടു പ്രാർത്ഥന അഭ്യർത്ഥിച്ചു. പ്രാർത്ഥനയെ തുടർന്നു അവൾ സൗഖ്യം പ്രാപിച്ചു. ആശുപത്രി ചികിത്സയിലായിരുന്ന അവൾ വലിയൊരു വെളിച്ചം കാണുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തു. തുടർന്നു അവൻ ഒരു വിശ്വാസിയായി തീർന്നു. അവൻ സ്നാനപ്പെട്ടു. മുമ്പുണ്ടായിരുന്ന സ്നേഹിതരുടെ സമ്മർദ്ദത്തിലും ഭീഷണിയിലും അവൻ വഴങ്ങിയില്ല. മദ്യപാനിയായ അവന്റെ പിതാവിനു കാൻസർ ബാധിച്ചു. ആഭിചാരം ചെയ്തെങ്കിലും പ്രയോജനപ്പെട്ടില്ല. ഒരു ദിവസം അവന്റെ പിതാവ് ആരാധനയിൽ സംബന്ധിച്ചു. മിഷനറി ബസവരാജയും വിശ്വാസികളും ചേർന്നു പ്രാർത്ഥിച്ചു. ആ പിതാവ് സൗഖ്യം പ്രാപിച്ചു. ഈ ദിവ്യ സൗഖ്യം അവന്റെ രക്ഷിതാക്കളെയും സഹോദര കുടുംബത്തെയും ആഭിചാര പ്രവർത്തകനായ അമ്മായിയപ്പനെയും മദ്യപാനിയായ അളയനെയും രക്ഷയിലേക്കു നയിച്ചു. ഹല്ലെലുയ്യ!

## ദൈവാലയ സ്ഥലവും നിർമ്മാണവും

പൊഷേര സഭയിലെ വിശ്വാസികൾ എല്ലാവരും കത്കാരി ജാതി സമൂഹത്തിലുള്ളവരാണ്. അവരെല്ലാം തങ്ങളുടെ ഗ്രാമത്തിൽ ആരാധനാലയം വേണമെന്ന ആഗ്രഹിച്ചിരുന്നു. 40 ദിവസം അവർ ദിവസത്തിൽ ഒരു നേരം ഭക്ഷണം കഴിച്ചു പ്രാർത്ഥിച്ചു. ദൈവാലയത്തിനു ആവശ്യമായ വസ്തു 25,000 രൂപ നൽകി ദുത്ത അലെയുടെയും അയാളുടെ സഹോദരന്റെയും കയ്യിൽ നിന്നും വാങ്ങുവാൻ ദൈവം സഹായിച്ചു. 20,000 ചതുരശ്ര അടി സ്ഥലം വാങ്ങി. "സെന്റ് ജോൺസ് ചർച്ച്" എന്ന് ദൈവാലയത്തിനു പേരും നൽകി. 2012 സെപ്റ്റംബർ മാസം പൊഷേര ദൈവാലയത്തിനു അടിസ്ഥാന ശിലയിട്ടു. കോയമ്പത്തൂരിലുള്ള ശ്രി.നെൽസൺ രാജ്കുമാറാണ് ഈ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ പണം നൽകിയത്. നിർമ്മാണ വേളയിൽ ഇവിടെയാതൊരു വിധ എതിർപ്പുമില്ലായിരുന്നു. കത്കാരി ജനങ്ങളുടെ ഇടയിലെ ആദ്യ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ 22.06.2013 ൽ ദൈവനാമ

മഹത്വത്തിനായി ഗ്രാമത്തലവൻ ശ്രീ. ബാഹു ധർമ്മ കാദലി നിർവഹിച്ചു. ദൈവാലയം സ്പോൺസർ ചെയ്ത നെൽസണിന്റെ ആവശ്യ പ്രകാരമാണ് ആദ്യ വിശ്വാസിയും സർപഞ്ചുമായ ശ്രീ. ബാഹു സമർപ്പണം നടത്തിയത്. സമർപ്പണ ശുശ്രൂഷയിൽ കോയമ്പത്തൂർ പ്രാർത്ഥനക്കൂട്ട നേതാവായ ശ്രീ. കനകരാജ്, മിഷനറിമാരായ, ശ്രീ. ശങ്കർ കുടുമ്പം, ശ്രീ. ശ്രീനിവാസ് കുടുംബം, ശ്രീ. ഹേമന്ത് കുമാർ കുടുംബം എന്നിവർ പങ്കെടുത്തിരുന്നു. ഏപ്രിൽ 2013 – പൊഷേര ഗ്രാമത്തിൽ മുംബൈ പ്രാർത്ഥനക്കൂട്ടത്തിലുള്ള ശ്രീ. പി ജയചന്ദ്രൻ, ശ്രീ. ക്രിസ്റ്റോഫർ എന്നിവർ സന്ദർശിക്കുകയും അവിടെ ഒരു കുഴൽ കിണർ കുഴിക്കുന്നതിനു വേണ്ട സഹായം നൽകുകയും ചെയ്തു. 35 അടി താഴ്ചയിൽ വെള്ളം കിട്ടി. 2015 ൽ പൊഷേര ദൈവാലയത്തോടു ചേർന്നു നേതൃത്വ പരിശീലനത്തിനായി ഒരു മുറിയും പണിതു.

## ദൈവാലയത്തിലെ നടപടികളും പ്രധാന വിവരങ്ങളും

എല്ലാ ഞായറാഴ്ചയും സണ്ടെസ്കൂൾ നടത്തുന്നു. മിഷനറിയുടെ ഭാര്യയായ ശ്രീമതി.സന്മത, ശ്രീമതി.രേഖ, കുമാരി. സുരേഖ, കുമാരി.സ്വപ്ന എന്നിവർ സണ്ടെസ്കൂൾ പ്രവർത്തനത്തിനു നേതൃത്വം നൽകുന്നു. വർഷത്തിൽ 7,8 പ്രാവശ്യം വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ട്. അവർ തങ്ങളുടെ ബന്ധുമിത്രാദികളെ സന്ദർശിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആരാധനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. എതിർപ്പുകളിനാലും തൊഴിൽ തേടി കുടിയേറി പോകുന്നതിനാലും ഈ ഗ്രാമങ്ങളിലൊന്നും ക്രമമായി ആരാധന യോഗങ്ങൾ നടക്കുന്നില്ല. നാലു ഗ്രാമങ്ങളിൽ പതിവായി ആരാധന യോഗങ്ങൾ തടസ്സമില്ലാതെ നടക്കുന്നു. പൊഷേര ഗ്രാമത്തിലെ വിശ്വാസികളുടെ പ്രവർത്തനത്താൽ 40 – 50 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചയും സന്ധ്യക്കു ആറു മുതൽ ഒമ്പതു മണിവരെ ഉപവാസ പ്രാർത്ഥനയും നടത്തുന്നു.

## പ്രാർത്ഥന വിഷയങ്ങൾ

- ചില വിശ്വാസികൾ മദ്യത്തിനടിമകളാകുന്നു. അവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.
- ചില വിശ്വാസികൾ അതിദരിദ്ര്യാവസ്ഥയിലാണ്. അവർ ഉപജീവന മാർഗ്ഗത്തിനായി തൊഴിൽ തേടി മറ്റു സ്ഥലങ്ങളിലേക്കു കുടിയേറിപ്പോകുന്നു. അവർക്കു കൃഷി ചെയ്യുവാൻ സ്വന്തമായി വസ്തുവില്ല. അവരെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- വിശ്വാസികളുടെ മക്കളുടെ പഠനത്തിനായി പ്രാർത്ഥിക്കുക. അവരുടെ കുട്ടികളിൽ 10% മാത്രമാണ് സാക്ഷരർ. കുടിയേറി പോകുന്നതിനാലും ദാരിദ്ര്യവും നിമിത്തം കുട്ടികളെ സ്കൂളിൽ അയക്കുവാൻ കഴിയുന്നില്ല.
- സിനിമ കണ്ടു സമയം നഷ്ടപ്പെടുത്തുന്ന വിശ്വാസികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

റോബർട്ട് രാജലിംഗം;
ദൗജപൗ ഗുയിതെ;
ചുങ്ലെൻലാൽ സിങ്സിറ്റ്;
മെലടി ഡിംസോതിങ്;
സിയാൻലതാങ് സൗ

## ജമ്മു

### രാംഘട്ട്

**ജോൺ എസങ് & ലിബെനി എസങ്**

സുവിശേഷ പ്രവർത്തനത്തെ എതിർത്തിരുന്ന കരോലി ഗ്രാമത്തിലുള്ളവർ പ്രാർത്ഥന യോഗം നടത്തുന്നതിനായി നമ്മെ ക്ഷണിക്കുന്നു. ദൈവം ഒരുക്കിയ അവസരം ഉപയോഗിച്ച് ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചതിനാൽ അനേകർ സുവിശേഷം ശ്രവിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഗീതയും സുനിതയും ഗർഭം ധരിച്ചു. സുനിലിനു നല്ലൊരു ജോലി ലഭിച്ചു.

മറ്റു സംസ്ഥാനങ്ങളിൽ നിന്നു ഗുരുവിനെ കണ്ടു അനുഗ്രഹം പ്രാപിക്കുവാൻ വരുന്നവർ സത്യം മനസ്സിലാക്കി കർത്താവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ പ്രവർത്തകരെ ലക്ഷ്യം വെച്ചു അവരെ ഈ പ്രദേശത്തു തുരത്തുവാൻ പദ്ധതി തയ്യാറാക്കുന്ന മത തീവ്രവാദികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പ്രദേശ വാസികൾ സഭയെ മദ്രാസികളുടെ ആലയം എന്നു പറഞ്ഞു സഹവിശ്വാസികളെ ആരാധനയിൽ സംബന്ധിക്കുന്നതിൽ നിന്നു വിലക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എല്ലാ സാഹചര്യത്തിലും വിശ്വാസത്തിൽ ഉറച്ചു നിന്നു ദൈവനാമ മഹത്വത്തിനായി വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നൗഷേര

**സൈക് ഷുബാനി & എമി പാക്കിയ**

ദേവരാജ്, അജയ്കുമാർ, രോഹൻലാൽ എന്നിവർ പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കുടുംബത്തിൽ നന്നു വേർപെട്ടു ജീവിക്കുന്ന സജ്ജീവ് ഇപ്പോൾ അവരുമായി നിരപ്പു പ്രാപിച്ചു ഒരുമിച്ചു ജീവിക്കുന്നു. കലാറാം മദ്യാസക്തിയിൽ കുടുംബത്തിൽ കലഹമുണ്ടാക്കുന്നു. കുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി മാനസാന്തരപ്പെട്ടു. ഇപ്പോൾ അദ്ദേഹം ദൈവകൃപയാൽ പാച്ചൻ ഗ്രാമത്തിൽ ഒരു കട തുറന്നു.

ഊമനും ചെകിടനുമായ 18 വയസ്സുള്ള പാച്ചൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സോറൻലാലിനെ കർത്താവ് തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കെട്ടിടത്തിന്റെ മുകളിൽ നിന്നും അബദ്ധത്തിൽ താഴെ വീണ രാധിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസ ജീവിതത്തിൽ നിന്നും പിന്മാറിപോയ അമിത്, അനിത, സാക്ഷി എന്നിവർ യഥാസ്ഥാനപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. അമിതമായ മദ്യപാനം നിമിത്തം ശേഖർ മക്രി തന്റെ കുടുംബത്തെ ദാരിദ്ര്യത്തിലേക്കു തള്ളിവിട്ടു. ഇയാളുടെ മാനസാന്തരത്തിനും കുടുംബത്തിന്റെ സ്ഥിതി മാറേണ്ടതിനുമായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ഒലിവ് ജനിഫർ നഥാനിയേൽ എഡ്വേർഡ്; സെന്തിൽ മുരുകൻ വി

### റീയാസി : അയ്യനാർ ഡേവിഡ് & മാൻപ്രീത് കൗർ

നമ്മുടെ മിഷനറിയുടെ മാതാവിന്റെ മാറിടത്തിൽ ചെയ്ത ശസ്ത്രക്രീയ വിജയകരമായിരുന്നു. കാൻസർ രോഗത്തിന്റെ ചികിത്സ പുരോഗമിക്കുന്നു. നമ്മുടെ മിഷനറിയുടെ എല്ലാ സാധന സാമഗ്രികളും പുതിയ മിഷൻ വയലായ റീയാസിലേക്കു സുരക്ഷിതമായി കൊണ്ടു വരുവാൻ സാധിച്ചു. മിഷനറിക്കു ഇവിടെ താമസിക്കുന്നതിനു സൗകര്യപ്രദമായ വീട് ലഭിച്ചു. സുവിശേഷം പ്രഘോഷിച്ച സലാൽ, തൽവാര എന്നീ ഗ്രാമങ്ങളിലുള്ളവർ ആവേശത്തോടെ സുവിശേഷം സ്വീകരിച്ചു. ദുൻസാൽ ഗ്രാമത്തിലെ ജിത്തുവിന്റെ ഭവനത്തിൽ പ്രാർത്ഥിക്കുന്നതിനായി മിഷനറിയെ ക്ഷണിച്ചു.

അടിക്കടി അലട്ടുന്ന മൈഗ്രെയിൻ തലവേദനയിൽ നിന്നു നമ്മുടെ മിഷനറി മാൻപ്രീത് കൗർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു താമസിക്കുന്ന ഭൂരിപക്ഷമായ ഗുർജാർ ജനങ്ങൾ സുവിശേഷം ആവേശത്തോടെ ശ്രവിക്കേണ്ടതിനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച സലാൽ, തലവര, പരാദരി, ജോതിപുര എന്നീ ഗ്രാമങ്ങളിൽ നല്ല പ്രതികരണം ലഭിക്കേണ്ടതിനും ആരാധനക്കൂട്ടങ്ങൾ ഉരുവാക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ആവേശത്തോടെ സുവിശേഷം ശ്രവിച്ച വചനത്തോടു തീഷ്ണത കാണിക്കുന്ന തുൻസാർ ഗ്രാമത്തിലെ ജനങ്ങളുടെ പ്രാർത്ഥന ദൈവം കേൾക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ

### രാമ്പൂർ : ദൗ ജപൗ ഗുയിതെ & ഫ്ളോറൻസ് ലാമങ്

ജീപ്പ് ടീമിന്റെ സഹായത്തോടെ സുവിശേഷം പ്രഘോഷിച്ചു. പൂജയുടെ പിതാവ് പെട്ടെന്നു ബോധരഹിതനായി വീണു കൈകാലുകൾ ചലിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയിൽ വിശ്വാസത്തോടു കൂടി പ്രാർത്ഥിച്ച വേളയിൽ ദൈവം അത്ഭുത സൗഖ്യം നൽകി. രാത്രി 2 മണിക്ക് കുഞ്ഞ് രക്തം ശർദ്ദിച്ചപ്പോൾ രേഖയുടെ കുടുംബം ഐക്യത്തോടെ പ്രാർത്ഥിച്ച വേളയിൽ ദൈവം പൈതലിനെ സൗഖ്യമാക്കി.

നിർമന്ത് ഗ്രാമത്തിൽ ഞായറാഴ്ച ആരാധന നടത്തിയ സ്ഥലത്തോടു ചേർന്ന ഇടത്തു മറ്റൊരു മതത്തിന്റെ വിപരീത ആരാധന ആരംഭിച്ചു. നമ്മുടെ ആരാധന നടക്കുന്ന സമയത്ത് എതിർഗ്രൂപ്പ് നമ്മെ എതിർക്കണമെന്ന ഏക ലക്ഷ്യത്തോടെ ലൗഡ് സ്പീക്കറിൽ വലിയ ശബ്ദത്തോടെ പാട്ടുകൾ വെക്കുന്നു. ഈ തടസ്സം മാറേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ പിന്മാറിപ്പോയ അമൻ - ബർക്ക എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു താൽപര്യം കാണിക്കാത്ത തെക്ലക് കർത്താവുമായുള്ള ബന്ധത്തിൽ സജീവമാകേണ്ടതിനും ആത്മീകമായി ബലപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മറിയമ്മാൾ പോൾ സോളമൻ;
ഐസക്ക് ആർ; ബ്യൂല മുരളിധരൻ;
ജയ സുന്ദരി ജപരാജ്; രബിന്ദ്ര മുർമ്മു
ദാവുദ് ടുഡു

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

പെട്ടെന്നു ബോധരഹിതയായി വായിൽ നിന്നു നുരയും പതയും വന്ന കൊച്ചു പെൺകുട്ടിയെ ആശുപത്രിയിലെത്തിച്ചു ചികിത്സിച്ചു. ദൈവം അവളെ സൗഖ്യമാക്കി. അകാരണമായി ജോലിയിൽ നിന്നും പിരിച്ചു വിട്ടതിനാൽ നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മാതാവ് നഷ്ട പരിഹാരത്തിനായി കോടതിയിൽ കേസ് കൊടുത്തു. പത്തു വർഷത്തിനു ശേഷം അവൾക്കു അനുകൂലമായ കോടതി വിധി ലഭിച്ചു. പശു പാൽ ചുരത്താതിരുന്ന വേളയിൽ അഞ്ജലി ദൈവത്തോടു പ്രാർത്ഥിച്ചു ദൈവം പശുവിനെ സൗഖ്യമാക്കി. അത് പാൽ തരുവാൻ തുടങ്ങി. ദൈവാലയത്തിൽ പോകുന്നതിനു റീതയെ അനുവദിക്കാതിരുന്ന ഭർത്താവ് മാനസാന്തരപ്പെട്ടു. ഇപ്പോൾ അവളെ തടയുന്നില്ല,

അകൻസ, കല്പന, വിമല, മുസ്കാൻ എന്നിവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർക്കാർ ജോലി ലഭിക്കുന്നതിനായി മത്സര പരീക്ഷ എഴുതുന്ന അർപ്പിത, വന്ദന, വൻഷിക, പരുൾ, സജ്ജന എന്നിവർക്കു നല്ല മാർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരളിലുണ്ടായ കല്ലിനാൽ ഭാരപ്പെടുന്ന നിം ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നോയമ്പു പ്രാർത്ഥനകളിൽ വിശ്വാസികൾ ആവേശത്തോടു കൂടി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റിക്കോങ്പിയോ

**എ ശങ്കർ & രൂത്ത് മേരി**

പൈശാചിക ബന്ധനത്തിൽ നിന്നും സീമാൻ, രാജ്കുമാർ എന്നിവർ വിടുതൽ പ്രാപിച്ചു. അനിതയുടെ ഭർത്താവിന്റെ ഹൃദയ സംബന്ധമായ രോഗം ഉപവാസ പ്രാർത്ഥനയുടെ ഫലമായി സൗഖ്യമായി. സുവിശേഷീകരണ പ്രവർത്തനത്തിലൂടെ അനേകർ ജീവിതത്തിലാദ്യമായി സുവിശേഷം ശ്രവിച്ചു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിലും സ്ത്രീകളുടെ യോഗത്തിലും ധാരാളം പേർ പങ്കെടുത്തു.

പതിവായി ആരാധനയിൽ സംബന്ധിക്കുന്ന രൂപ, അവളുടെ ഭർത്താവ്, പൂനം, സീമ, ആശ, അശ്വിൻ, അവാന്തിക. കർമാങ്, മാരിസ്മാൻ, രാജി, അജയ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവമായ കർത്താവ് അവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ച് ഉറച്ച തീരുമാനം എടുക്കുവാൻ ധൈര്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഇമാൻസിങ്ങിന്റെ അമ്മാവൻ ക്ഷയ രോഗത്തിൽ കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്നവർ വിശ്വാസത്തിലേക്കു മടങ്ങിവന്നു സഭ ആരാധനയിൽ സംബന്ധിക്കേണ്ടതിനായയി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കളുടെ ശുഭ ഭാവിക്കായി പ്രാർത്ഥിക്കുക




**ജന്മദിനാശംസകൾ**

ഗ്രേസി സ്റ്റാൻലി ജോർജ്ജ്;
ഗൗരമ്മ @ സ്വേത അമരേന്ദിരൻ;
അന്ന റോസ്ലിൻ ഐസക്ക് ഏബൽ

## പഞ്ചാബ്

### ബത്തിണ്ട

**സജ്ജീബ് ആനന്ദ് & പ്രസ്തുതബതി**

കുറെ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുകയും ജീസസ് ഫിലിം പ്രദർശിപ്പിക്കുകയും ചെയ്തു. സണ്ടെസ്കൂൾ അദ്ധ്യാപകരുടെ പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. വൃക്കസംബന്ധമായ രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച രാജസിങ് ശസ്ത്രക്രീയയ്ക്കു വിധേയനായി. ഇപ്പോൾ ജോലി ചെയ്യുവാൻ സാധിക്കുന്നു.

ഉടനെ നടത്തുവാൻ പോകുന്ന വിശ്വാസ പ്രഖ്യാപന സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ജീസസ് ഫിലിം പ്രദർശനം പ്രയോജനകരമായിരുന്നു. ഈ പ്രദേശത്തു സുശ്രൂഷ ചെയ്യുവാൻ സമർപ്പണവും ആത്മ ഭാരവുമുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാൻസ : ദെബർത്ത ബിസ്വാസ് & മന്ന സിങ്**

വി ബി എസ്, സണ്ടെസ്കൂൾ അദ്ധ്യാപകരുടെ പരിശീലന പ്രോഗ്രാം വിജയകരമായി സംഘടിപ്പിച്ചു. ജെനർ ഗ്രാമത്തിൽ ഗുരുദീപ് സ്വന്തമായി വീടു പണിത് അങ്ങോട്ടു താമസം മാറ്റി.

ഗോഗാഗിർ, ജെനെർ, ജയ എന്നീ റീജിയനുകളിൽ സത്സാംഗ് പ്രോഗ്രാം അനുഗ്രഹകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി അബോധാവസ്ഥയിലാകുന്ന ജോയ്ന ഗ്രാമത്തിലെ അൻമോളിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യ ലഹരിയിൽ ഗ്രാമത്തിലുള്ള എല്ലാവരോടും ശണ്ഠയിടുന്ന ബൽദേവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### അഹമ്മദ്മാന്ദി

**കൃപ രക്ഷണ ബരെ & ഷെക്കീന**

ദുൽവാൻ, ജാംവൽ, നൻകാട്, കേര എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വിത്തുകൾ പാകി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട ദർമദാറിനു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു, രക്ത പരിശോധനയിൽ പ്രശ്നമില്ലെന്നു കണ്ടെത്തി.

ആരാധന യോഗത്തിൽ സംബന്ധിക്കുന്ന അൻജു, രാജ ദമ്പതികൾക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിലെ പരീക്ഷ എഴുതിയയ ആസു, കരൻ, നന്ദിനി, സന്ദീപ് എന്നിവർക്കു നല്ല മാർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പന്തണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതിയ നികിത, അജയ് എന്നിവരുടെ വിജയത്തിനായി പ്രാർത്ഥിക്കുക. ഭയവും സാമൂഹ്യ സമ്മർദ്ദം, തെറ്റായ ഉപദേശങ്ങൾ എന്നിവ നിമിത്തം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മടിക്കുന്നവർ ഇവയിൽ നിന്നും വിടുതൽ പ്രാപിച്ചു വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനു പ്രാപ്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ബാലാജി നേട്ടാലം; രാമകൃഷ്ണ അഗിബട;
അമരേന്ദിരൻ; ജപ ഗ്രേസ് ഡേവിഡ്;
രുക്മണി ഹെബ്രം

## ഉത്തർഖാണ്ഡ്

### കിച്ച

**കാർത്തികേയൻ & ജയന്തി**

രോഗം നിമിത്തം ബലഹീനനായി തീർന്ന വിശ്വാസി ലക്വിന്ദർ പ്രാർത്ഥനയുടെ ഫലമായി സാവകാശം ബലം പ്രാപിച്ചു വരുന്നു. താം ഗ്രാമത്തിൽ ഞായറാഴ്ച ആരാധന നടക്കുന്നു. വിശ്വാസികൾക്കു വയലിൽ നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക നാളുകൾക്കു ശേഷം വിശ്വാസികൾക്കു തങ്ങളുടെ കൃഷിയിടത്തു ട്രാക്ടർ ഉപയോഗിക്കുന്നതിനു സാധിച്ചു.

തളർവാതത്താൽ വലയുന്ന സിമ്രത്തിനു പരിപൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തിപുരം ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധനയിൽ ധാരാളം പുതിയ വിശ്വാസികൾ സംബന്ധിക്കുന്നു. ആകാശ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി തീർന്നു. പ്രതികൂലത്തിന്റെയും എതിർപ്പിന്റെയും മദ്ധ്യത്തിൽ വിശ്വാസികളെല്ലാവരും വിശ്വാസത്തിൽ ധീരതയോടെ ഉറച്ചു നിൽക്കുന്നു. സുഖ്‌വിന്ദറിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ നേരിടുന്ന സാമൂഹ്യ പ്രതിസന്ധികൾ, ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന കൂട്ടങ്ങൾ, ചില ഗുരുദ്വാരകൾ തുടങ്ങിയവയെ ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും കൂടി മറികടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങൾ ജീവനുള്ള ദൈവത്തെയും സത്യത്തെയും അതിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യത്തെയും അറിയേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരത്തിൽ നീർവീക്കഉണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടുന്നപോൾ സുരേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാർഗ്**

കേദ ഗ്രാമത്തിലെ റാംഗാവ് അധരത്തിലുണ്ടായ കാൻസറിൽ നിന്നും വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ അത്ഭുതം സൗഖ്യം പ്രാപിച്ചു. അവൾ ധൈര്യത്തോടെ സൗഖ്യമാക്കിയ ദൈവത്തെ ഗ്രാമക്കാരുടെ മുമ്പാകെ സാക്ഷിക്കുന്നു. കമലേശിന്റെ കരളിന്റെ ഉണ്ടായ കല്ല് ശസ്ത്രക്രിയയിലൂടെ വിജയകരമായി നീക്കി. ജോതിയുടെ കാലിലുണ്ടായ വലിയ പരു പ്രാർത്ഥനയാൽ സൗഖ്യമാകുന്നു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി.

സുവിശേഷം ശ്രവിക്കുവാൻ താൽപര്യം കാണിക്കുകയും ആരാധനയിൽ സംബന്ധിക്കുകയും ചെയ്യുന്നവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. 12 വയസ്സുകാരൻ ആയുഷിന്റെ തൊണ്ടക്കുണ്ടായ മാംസ വളർച്ച സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ജ്യോതിക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു.




## ജന്മദിനാശംസകൾ

സുദർശൻ തോമസ് ജയരാജ്;
ഫ്രാങ്കളിൻ എം വൈ പഥാം;
സൂർജ്യ കാന്തി ബാഗ്; ഗോദിസേല പ്രവീൺ

### മാൽധചൗർ

**ശിശുപാൽ & അനിത**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബാരം ഗ്രാമത്തിൽ രാത്രിയോഗങ്ങൾ ആരംഭിച്ചു. സരസ്വതി, അനിഹൻ, ദീപിക എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. മോഹൻ നഗറിൽ പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീജന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ബാഹൻപൂർ, നാരായൺപൂർ എന്നീ സഭകളിൽ ഏറെ പ്രാർത്ഥനയോടും തയ്യാറെടുപ്പോടും നടത്തുവാൻ പോകുന്ന വിശ്വാസ പ്രഖ്യാപന ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ ധാരി, ബരോദ, പിർമുർഗി, എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്ര ബൻ**

സ്നേഹിതരിലൂടെ സുവിശേഷം ശ്രവിച്ച പെൺകുട്ടി ജീവിതത്തിൽ ക്രിസ്തുവിനു മുൻഗണന നൽകിയതിനെ തുടർന്നു അവളുടെ ജീവിതത്തിൽ വിജയങ്ങൾ സംഭവിക്കുന്നു. അനേക പുതിയ വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. രുക്കയ്ക്കു നഷ്ടമായ പിതൃസ്വത്ത് വീണ്ടെടുക്കുവാൻ ദൈവം കൃപ നൽകി. അപസ്മാര രോഗം നിമിത്തം കുൽവന്ദിനു ജോലി ചെയ്യുവാൻ കഴിയില്ലായിരുന്നു. പ്രാർത്ഥനയുടെ ഫലമായി അവൻ സാവകാശം ആരോഗ്യം വീണ്ടെടുക്കുന്നു.

പെട്ടെന്നു കാഴ്ച ശക്തി നഷ്ടപ്പെട്ട ബാലുവിനു കാഴ്ച തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരളിലുണ്ടായ നീർക്കെട്ടിനാൽ ഭാരപ്പെടുന്ന കുമാർ പോളിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുരമുകളിൽ നിന്നും തെന്നിവീണ അഞ്ജലിക്കു സാരമായ പരുക്കു പറ്റി. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ!

ബീഹാറിലെ ലാൽപൂർ എന്ന കൊച്ചു ഗ്രാമത്തിലെ വിശ്വാസികൾ പീഡനത്തിനിരയാകുന്നു. അവിടെയുള്ള രണ്ടു വിശ്വാസികളെ അവിടെ ആരാധിക്കുവാൻ സമ്മതിക്കാത്തതിനാൽ അവർ സമീപത്തുള്ള ഗ്രാമത്തിൽ പോയി ആരാധന യോഗത്തിൽ പങ്കെടുക്കുന്നു. ആ വിശ്വാസികളിൽ ഒരാളായ കുമാരി ദേവിയുടെ മരണത്തിൽ സമീപ ഗ്രാമത്തിലെ വിശ്വാസികളാണ് സംസ്കാരം നടത്തിയത്. വിശ്വാസികൾ തമ്മിലുള്ള സ്നേഹവും കരുതലും കണ്ട ലാൽപൂർ ഗ്രാമത്തിലെ രണ്ടു കുടുംബം യേശുവിൽ വിശ്വസിക്കുവാനും ആരാധന യോഗത്തിൽ സംബന്ധിക്കുവാനും തുടങ്ങി. ഹല്ലെലുയ്യ!




**ജന്മദിനാശംസകൾ**

പവൻ കുമാർ

## ഹരിയാന

### രത്തിയ

**കാർത്തികേയൻ & ജയന്തി**

പൈശാചിക ബന്ധനത്താൽ മാനസികമായി ബാധിക്കപ്പെട്ട സത്പാലിനെ സൗഖ്യത്തിനായി വിവിധ ആരാധന കേന്ദ്രങ്ങളിൽ കൊണ്ടു പോയി. ഫലമില്ലാത്തതിനാൽ ഒടുവിൽ ദൈവാലയത്തിൽ കൊണ്ടുവന്നു. വിശ്വാസികളുടെ ആത്മാർത്ഥമായ പ്രാർത്ഥനയാൽ ദൈവം ആയാളെ പൈശാചിക ബന്ധനത്തിൽ നിന്നും മദ്യാസക്തിയിൽ നിന്നും വിടുവിച്ചു. തുടർന്നു കുടുംബം മുഴുവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മഞ്ഞപിത്തത്തിൽ നിന്നും മണിയും ഗർഭപാത്രത്തിലുണ്ടായ മുഴയിൽ നിന്നു പരൻജിത്തും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും പുഷ്പ പ്രാർത്ഥനയാൽ വിടുവിക്കപ്പെട്ടു.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന അഞ്ജലി റാണി, പ്രേമ, ഗുകുമി ഭായ്, ഭോലി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സുരാവൻ, ജിഗുൻ, ബാല എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയ്ഡിൽ നിന്നും മീനയും സുമനും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൂറിക് ആസിഡ് കൂടിയതിനാൽ പ്രയാസം അനുഭവിക്കുന്ന ബാപ്പി, ഒമി എന്നിവരുടെയും കരളിൽ നീർക്കെട്ടുള്ള രവുനിക് കേളാറിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### തോഷാം

**അജയ് ബർദെ**

ബാസ് ഗ്രാമത്തിലെ ബാവൻ നാലു വർഷമായി കാൻസർ രോഗത്താൽ വലയുന്നു. അവൻ ആരാധനാലയത്തിൽ വന്നു പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ ദൈവം അവനു സാവകാശം സൗഖ്യം നൽകുന്നു. ജിത്തോ, ദുനിയ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഈ മിഷൻ വയലിലുള്ള വിശ്വാസികൾ സുവിശേഷ വേലയിൽ സജീവമായി പങ്കെടുത്തു ദൈവത്തെ മഹത്വപ്പെടുത്തുന്നു. സുൽത്താൻപൂർ ഗ്രാമത്തിലെ നേഹ, ജോഗിന്ദർ എന്നിവർക്കു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. കനക് ഗ്രാമത്തിലെ സണ്ണിക്കു ക്രിസ്തീയ വിശ്വാസിയായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പുതുതായി യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ തുടങ്ങയവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. സത്സാംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന ബിജോ, മുകേഷ്, ഭാവൻ എന്നിവർ അവരുടെ ബലഹീനതയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള സുവിശേഷ പ്രവർത്തകരെ ദൈവം ശ്രേഷ്ഠമായ വിധം ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാൽവാസ് ഗ്രാമത്തിലെ സുമിത്രയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഇമ്മാനുവേൽ രജ്ഞിത്സിങ് എസ്;
സോളമൻ ജപരാജ് ജെ;
ബിന്നി ജ്ഞാനം ജോൺ ;
അനിയ ജോസഫൈൻ വെങ്കിടേശൻ;
രേണു അരുൺ ഗത്ത;
സാറാ മാൾട്ടോ

## രാജസ്ഥാൻ

### ഉദൈപൂർ

**ആഷീസ് കുമാർ & സവിത ദേവി**

മാൻസ റീജിയനിൽ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ബീജാലി ഗ്രാമത്തിലെ ചില കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഇവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ താൽപര്യം കാണിക്കുന്നു. വായിലൂടെയും മൂക്കിലൂടെയും രക്തം വരുന്ന ലക്മയെ കർത്താവ് സൗഖ്യമാക്കി.

പുതിയ താലൂക്കിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടത്താൽ കുടുംബാംഗങ്ങളെ അസഭ്യം പറയുന്ന മഹേന്ദ്രയുടെ വിടുതലിനായും അവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായും പ്രാർത്ഥിക്കുക. ഗർഭഛിദ്രം സംഭവിച്ച ആശ രക്തസ്രാവത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഖാജുവാല : വി കുമാർ & പാട്രിസ്യ**

12 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രോഗികൾക്കായി അവരുടെ ഭവനങ്ങളിൽ പോയി പ്രാർത്ഥിച്ചു. വ്യക്തിഗത സുവിശേഷ വേല ചെയ്യുന്നതിനു ചിലർ മുന്നോട്ടു വന്നു. അവർ ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു..

കടക്കെണിയിൽ അകപ്പെട്ട ബസദേവ സിങിനു അതിൽ നിന്നു കരകയറുന്നതിനു ദൈവീക സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഗീത വിടുതൽ പ്രാപിക്കേണ്ടതിനായും സന്ദീപിനു നല്ല ജോലി ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. മനിഷക്കു അനുയോജ്യയായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മണിലാലിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കണ്ടുപിടിക്കുവാൻ കഴിയാത്ത അണുബാധ സൗഖ്യമായി!

ഗുജറാത്തിൽ പാദർ ഗ്രാമത്തിലെ കാന്തിബായി വർഷങ്ങളായി അജ്ഞാത രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. പലവിധ പരിശോധനകൾ നടത്തിയെങ്കിലും അയാൾ ക്ഷീണിതനായി കൊണ്ടിരുന്നു. പാലു മാത്രമാണ് കുടിച്ചിരുന്നത്. ഒരു പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച് അയാളുടെ ആരോഗ്യത്തിനു വേണ്ടി പ്രാർത്ഥിച്ചതിനെ തുടർന്നു അവന്റെ ആരോഗ്യം ഗണ്യമായി മെച്ചപ്പെട്ടു. അവൻ കുടുംബസമേതം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവർ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.




ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ഗോൾഡൻ ജെ ഇമ്പരാജ്

**ശ്രീ ഗംഗാനഗർ : ബോടാർ അമൃത് & സുവെര മാർത്ത**

ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച നീലത്തെ പ്രാർത്ഥനയാൽ മരണകരമായ അവസ്ഥയിൽ നിന്നും ദൈവം വിടുവിച്ചു. ജോലിയില്ലാതെ കഷ്ടപ്പെട്ട സുക്ജയ്, ജാസ്പാൾ എന്നിവർ പ്രാർത്ഥിച്ചപ്പോൾ ദൈവം അവർക്കു നല്ല ജോലി നൽകി അനുഗ്രഹിച്ചു.

രാത്രി യോഗം നടത്തുന്നതിനുള്ള തടസ്സങ്ങൾ നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ തൊഴിൽ ലഭിക്കാത്ത മക്കൾക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹ പ്രായത്തിലെത്തിയ പെൺകുട്ടികൾക്കു വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

**പട്പർഗഞ്ച്**

**ജോൺ ഡേവിഡ്സൺ സെൽവരാജ് & എസ്ഥേർ പ്രിസ്കില്ല**

ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന ത്രിലോകപുരിയിലെ നമ്മുടെ വിശ്വാസി സാവിത്രി ഗ്രാമീണരിൽ നിന്നും എതിർപ്പും നേരിടുന്നു. അവളുടെ അചഞ്ചലമായ വിശ്വാസം അവൾക്കു സൗഖ്യം നൽകി.

പുതിയ മേഖലകളിൽ സുവിശേഷ പ്രഘോഷണത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന കരിഷ്മ, ദയാനന്ദ് എന്നിവർ മടി കൂടാതെ യേശുവിനെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഷാലുവും നീലമും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആറുമുഖവും റോയൽ വിൽസണും മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനും ഓൺലൈൻ ഗയിമിന്റെ ആസക്തിയിൽ നിന്ന് ജാത്തിൻ ദിനേശും റോയൽ വിൽസണും മുക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും അജയ്, നിക്കി എന്നിവർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

**ബർത്താന : രാജൻ & ജപമലർ; അജിത് പാണ്ഡ്യൻ**

പാചകം ചെയ്യുന്ന വേളയിൽ കുക്കർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മനിഷയെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. സാധാരണ പ്രസവത്തിനു സാധ്യത കുറവായിരുന്ന സോണിക്കു വിശ്വാസികൾ ഒത്തുചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു സുഖ പ്രസവത്തിലൂടെ ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

മഗന സഭക്കെതിരെയുള്ള കേസ് വേഗത്തിൽ പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ ശ്യാം സുന്ദറിന്റെ കേസ് തീരേണ്ടതിനായി പ്രാർത്ഥിക്കുക. വിജയകുമാർ, ജയ്കരൻ, സഭാമൂപ്പൻ തുളസിറാം എന്നിവർക്കെതിരെയുള്ള കേസ് തീർത്ത് രേഖകൾ വേഗത്തിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഏബ്രഹാം ജി;
ജയന്തി ദുരൈസ്വാമി @ ഫ്രാൻസിസ്;

### ഹസൈറാൻ

**സുരേഷ് മാൾട്ടോ & പ്രേമലത**

ദൈവ കൃപയാൽ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ജോഗി സമുദായത്തിന്റെ നേതാവ് ആരാധനയിൽ സംബന്ധിക്കരുതെന്നു ജനങ്ങൾക്കു മുന്നറിയിപ്പ് നൽകി. എന്നാൽ ജനം അദ്ദേഹത്തിന്റെ താക്കീതിനെ അവഗണിച്ച് സുവിശേഷത്തോടു താൽപര്യം കാണിച്ചു സഭാ ആരാധനയിൽ സംബന്ധിക്കുന്നു. അപകടത്തിൽ അജിതി സിങിനു പരുക്കുകളേൽക്കാതെ ദൈവം വിടുവിച്ചു.

സുവിശേഷത്തെ ശക്തമായി എതിർക്കുന്ന ജോഗി സമുദായ നേതാവിന്റെ ഹൃദയത്തെ ദൈവം സ്പർശിച്ചു മാനാസാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം ത്യജക്കുവാൻ കീർത്തിയെ നിരന്തരം ഉപദ്രവിക്കുന്ന ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. തുടർമാനമായ പനി നിമിത്തം മാൻസിങിന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടു. അവൻ കാഴ്ച ശക്തി വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അനുരാജ്, പൂനം എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗാട്ടംപൂർ

**ജഘോലും തൗതാങ് & ഹൗസെൽ**

ശക്തമായ എതിർപ്പിന്റെ മദ്ധ്യത്തിലും ചില ആളുകൾ ധൈര്യപൂർവ്വം ജീവനുള്ള സത്യദൈവത്തിൽ വിശ്വസിച്ച് വിശ്വാസ പ്രഖ്യാപനം നടത്തുകയും സാക്ഷ്യമുള്ള ജീവിതം നയിക്കുകയും ചെയ്യുന്നു. അനുവിന്റെ വിവാഹം ക്രിസ്തീയ ആചാര പ്രകാരം നടത്തി. ആശിഷ്, അഭിഷേക് എന്നിവരുടെ വിവാഹ നിശ്ചയം നടത്തി.

രാജീവ്, രവിന്ദർ എന്നിവർ തങ്ങളുടെ പഴയ മിഷൻ വയലിൽ നിന്നും സ്ഥലം മാറി പുതിയ ഫീൽഡിന്റെ ചുമതല ഏറ്റെടുത്തു. ഇവരുടെ ശുശ്രൂഷ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ കഴിയുന്ന ശങ്കർ, സീതറാം എന്നീ കുടുംബങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിലുള്ള അക്രൈസ്തവർ പുതിയ വിശ്വാസികളുമായി സൗഹൃദത്തിലാകേണ്ടതിനും അവർ സാധാരണ പോലെ ഇടപഴകേണ്ടതിനായും പ്രാർത്ഥിക്കുക. അവിടെയുള്ള അനൈക്യം യേശുവിന്റെ നാമത്തിൽ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### വിശ്വാസത്തോടു കൂടിയ പ്രാർത്ഥന!

ആന്ധ്രാപ്രദേശിലെ ഡാമലച്ചെരിവ് മിഷൻ വയലിലുള്ള ചിട്ടി നയനച്ചെരുവു പള്ളി ഗ്രാമത്തിലെ സെഖര്യാവ്, എലിസബേത്ത് ദമ്പതികളുടെ പശു വിഷച്ചെടി തിന്നു. പശുവിന്റെ വയറു വീർത്തു. അതു വെള്ളം കുടുക്കുന്നതും തീറ്റയെടുക്കുന്നതു നിർത്തി. മൃഗഡോക്ടർ പശു രക്ഷപ്പെടുകയില്ലെന്നു വിധിയെഴുതി. എന്നിരുന്നാലും അവർ വിശ്വാസത്തോടു കൂടി പശുവിന്റെമേൽ എണ്ണ പൂശി പ്രാർത്ഥിച്ചു. അത്ഭുതകരമായി പശു സൗഖ്യം പ്രാപിച്ചു. അതു തീറ്റിയെടുക്കുവാൻ തുടങ്ങി. ഹല്ലേലുയ്യ!




## ജന്മദിനാശംസകൾ

ബറിൽ സിരോമണി ഏകലവ്യൻ;
പീറ്റർ പ്രഭാകരൻ

## മദ്ധ്യപ്രദേശ്

### ഡാബ്ര : സതികാന്ത് പരിച്ച & സാഗരിക പ്രധാൻ

റീന അവളുടെ കുടുംബ പ്രശ്നങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും വിടുതൽ തേടി ആഭിചാര പ്രവർത്തകരെ സമീപിച്ചു ഫലമില്ലാതെ വന്നപ്പോൾ യേശുവിൽ അഭയം പ്രാപിച്ചു. അവളെ ദൈവം സകല പ്രയാസങ്ങളിൽ നിന്നും വിടുവിച്ചു. പ്രസവ സമയത്തു മരണത്തോടടുത്ത റീനയെ കർത്താവ് സൗഖ്യമാക്കി. ഈ അത്ഭുതത്തെ തുടർന്നു റീനയും കുടുംബാംഗങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അൽഷിമേഴ്സ് ബാധിച്ച ഗണപതി പ്രാർത്ഥനയിലൂടെ നടത്തിയ ചികിത്സയാൽ ഓർമ്മ ശക്തി വീണ്ടെടുത്തു.

23 വർഷമായി ഒരു പൈതലിനു വേണ്ടി കാത്തിരിക്കുന്ന വിജയ്, ബോയ്ജാന്തി ദമ്പതികൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകൾ അരിവാൾ രോഗത്താൽ വെല്ലൂർ സി എം സിയിൽ ചികിത്സയിലാണ് സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാബുസിങിന്റെ കുടുംബം ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചിറിയ

### മഹേന്ദ്രൻ & പുഷ്പം

ഇവിടെ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പ് 270 പേർക്കു പ്രയോജനപ്പെട്ടു. രണ്ടു സ്ഥലത്തു സംഘടിപ്പിച്ച ദ്വിദിന ഉപവാസ പ്രാർത്ഥനയിൽ നൂറിലധികം പേർ പങ്കെടുത്തു ആത്മഭാരത്തോടെ ദേശത്തിനു വേണ്ടി പ്രാർത്ഥിച്ചു. മരത്തിൽ നിന്നു വീണു അബോധാവസ്ഥയിലായ ഏഴു വയസ്സുള്ള മൻസുറാമിനു വേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ച വേളയിൽ ദൈവം അവനെ സൗഖ്യമാക്കി. അബദ്ധത്തിൽ തീയിൽ വീണ സെത്നബൻ എന്ന പൈതലിനെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. പ്രസവ സമയത്തു ഗുരുതരാവസ്ഥയിലായ ലക്ഷ്മാനുവിനു ദൈവം സുഖകരമായ പ്രസവം നൽകി. പൈശാചിക ബന്ധനത്തിൽ നിന്നു സുനിഭായ് വിടുതൽ പ്രാപിച്ചു. കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ അനുഭവിച്ച സെവന്ത പ്രാർത്ഥനയിലൂടെ ജയം വരിച്ചു. അവൾ ഇപ്പോൾ ഭർത്താവിനോടൊപ്പം സമാധാന ജീവിതം നയിക്കുന്നു.

രോഹിത് കുഷ്ഠ രോഗത്താൽ വലയുന്നു, നാലുവയസ്സായ പൈതൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്നു, സുനിൽ ക്ഷയരോഗത്താൽ ഭാരപ്പെടുന്നു, സെമൻഘാട്ട് ഗ്രാമത്തിലെ റീത്ത പ്രസവത്തെ തുടർന്നു കിടപ്പിലായി, ബിൽഗെറ്റിലെ ജിറേം പക്ഷാഘാതത്താൽ ബുദ്ധിമുട്ടുന്നു, രോഹിത്തിന്റെ ഇടുപ്പിനു താഴോട്ടുള്ള ചലന ശേഷി നഷ്ടപ്പെട്ടു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാൽഗൗൻ, ജുമുഗി എന്നീ ഗ്രാമങ്ങളിൽ നിർത്തി വെച്ച ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സുജിന്ദ്ര ലിമ്മ

### ഗുണ : ടി സതീഷ് & ഷർമ്മിള

സിക്കോറ ഗ്രാമത്തിലെ ആഖാൻ അനേക നാളുകളായി നടക്കുവാൻ കഴിയാതെ ഭാരപ്പെട്ടു. വിശ്വാസികളുടെ നിരന്തര പ്രാർത്ഥനയാൽ ദൈവം അവനെ സൗഖ്യമാക്കി. നമ്മുടെ വിശ്വാസിയുടെ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന മകൻ ദുഷിച്ച കൂട്ടുകെട്ടു നിമിത്തം മദ്യത്തിനടിമയായി അവന്റെ വിടുതലിനായി പ്രാർത്ഥിക്കുക. മരണകരമായ രോഗത്തിൽ ഡോക്ടറന്മാർ കൈവിട്ട അമ്പ്രോരി ഗ്രാമത്തിലെ ലമ്പാഭായിയെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൻ കഠിനമായ ഉദരവേദനയിൽ നിന്നു സൗഖ്യം പ്രാപിച്ചു. അവൻ സ്കൂളിൽ പോയി പഠനം തുടരുവാൻ ദൈവം സഹായിച്ചു.

അനേക വർഷങ്ങളായി പൈശാചിക ബന്ധനത്തിൽ കഴിയുന്ന മോസിബെത്തിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ നീർവീക്കവും വേദനയും അനുഭവിക്കുന്ന സുക്നിഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും മിഷനറി ശർമ്മിള സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയൊരു മിഷൻ വയൽ ആരംഭിക്കുന്നതിനുള്ള ശ്രമം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. കാമിയുടെ ഉദരത്തിൽ കുഞ്ഞു ജനിച്ചിട്ടും ശരിയായ ചികിത്സ ലഭിക്കാത്തതിനാൽ കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## അസം

### ഗോഗമുക്ക് (ധക്കുവഖാന)

### ഡെൻസിങ് ആർ & കവിത

ഗ്രാമ പഞ്ചായത്തു തലവന്റെ എതിർപ്പിനെ തരണം ചെയ്യുവാൻ ദൈവം മിഷനറിമാർക്കു കൃപ നൽകി. കാലു വേദനയാൽ കഷ്ടപ്പെട്ട പുയിനുക്കുട്ടിയെ ദൈവം സൗഖ്യമാക്കി. ഭവനത്തിൽ നിന്നു ഇടയ്ക്കിടെ ഓടിപ്പോകുന്ന പൈടിഡൊല പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു. ഡിനിഗിരി, കൗൺ അഞ്ചാരി, ഡിക്രി കൗൺ, പത്തിരസുക് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു.

തളർവാതത്തിൽ നിന്നും മുട്ടു വേദനയിൽ നിന്നും ധീരഗമൻ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന നുമോയ് പങ്കിങ്, അഹോമ, ദുർപോതി, ട്രസിങ് കമൻ, ജറീന ദൊപ്പൻ എന്നിവർ യേശുവിലുള്ള വിശ്വാസം വേഗത്തിൽ ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വാസകോശ സംബന്ധമായ രോഗത്താൽ വലയുന്ന മാലകി നത്തെയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹത്തിയമോറ, ഹത്തിറാം, ഹോസുത്തുകി എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ മുടക്കം കൂടാതെ സംബന്ധിക്കേണ്ടതിനും അവർ ആത്മീകമായി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. ഏപ്രിൽ 15 നു ശസ്ത്രക്രിയയ്ക്കു വിധേയ ആകുന്ന ലിസ മിറക്കിളിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ലിദിയ സുദർശൻ തോമസ്;
അഹോനി ഹുതോയ് അച്ചുമി;
ക്രിസ്റ്റ്യൻ പ്രകാശ്;
ജപ മലർ രാജൻ;

### ലക്കിപൂർ

**ആരോൺസിങ് നർസാരി & റീന**

ജോലി സ്ഥലത്തു നിന്നു മടങ്ങിവരുന്ന വേളയിൽ ജീപ്പിൽ നിന്നും താഴെ വീണ വിശ്വാസി ദുബ സങ്കരംഗിനെ ദൈവം അതിശയകരമായി പരിപാലിച്ചു. ലക്കിംപൂർ ദൈവാലയത്തോടു ചേർന്നു ഒരു പരിശീലന കേന്ദ്രം നിർമ്മിക്കുവാൻ ദൈവം ബലം നൽകി. കഴിഞ്ഞ മാസത്തെ പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും വിജയകരമായി നടത്തി.

നമ്മുടെ സന്നദ്ധ സുവിശേഷകർ സഭയുടെയും മിഷന്റെയും പ്രവർത്തനങ്ങളിൽ ദൈവനാമ മഹത്വത്തിനായി സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സാമ്പത്തിക വർഷത്തെ എല്ലാ സാമ്പത്തിക പദ്ധതികളും വിജയകരമായി പൂർത്തീകരിക്കുവാൻ നമ്മുടെ സ്വദ്ദേശ സുവിശേഷകർക്കു ദൈവം കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി നരെൻ ഷിന്ധയെ വിശ്വാസത്തിൽ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുന്ന കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നരൻ ക്രിസ്തീയ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനും ദൈവം അവനെ സുരക്ഷിതമായി പരിപാലിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ബീഹാർ

### ഘാട്ടംപൂർ

**പവാർ ദിനേശ് & ബരുദെ ചിലഭായ്;
രവി & സുധ**

16 വ്യക്തികൾ തങ്ങളുടെ പാപജീവിതം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേക ഗ്രാമങ്ങളിൽ സുവിശേഷം ഫലപ്രദമായ രീതിയിൽ പ്രഘോഷിച്ചു. മസ്കാൻ, ഉറിയാക്ക എന്നീ ഗ്രാമങ്ങളിൽ നിലനിൽക്കുന്ന ശക്തമായ എതിർപ്പുകൾ വലിയ തോതിൽ ശാന്തമായി. ലാൽപൂർ ഗ്രാമത്തിലെ സുഗുക്കാറിന്റെ ശവസംസ്കാര ശുശ്രൂഷയിൽ അയൽഗ്രാമങ്ങളിലെ വിശ്വാസികൾ സഹായിച്ചു.

സന്തോഷിനെയും കുശ്ബുവിനെയും പ്രാർത്ഥനയോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത പിതാവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറായ സാഗൻ സാധ കഠിനമായ എതിർപ്പുകൾ നേരിടുന്നു. ഇയാളെ കർത്താവ് ബലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഹരിരങ്ക ഗ്രാമത്തിലെ ക്രിസ്തീയ വിശ്വാസികളെ എതിർക്കുന്ന മോഹൻ മണ്ഡലിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ 50 വർഷമായി പാർക്കുന്ന ഭൂമിയിൽ നിന്നും ഒഴിഞ്ഞു പോകുവാൻ ലാൽപൂർ ഗ്രാമത്തിലെ ഹിർല സാദക്കു വിധി വന്ന സ്ഥിതിയിൽ ദൈവം അവനു നീതി നൽകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഹെബ്സിബ പ്രദീപ് കുമാർ;
കൺമണി രാജാസിങ്

## ജാർഖണ്ഡ്

### രാജമഹാൾ കമ്മ്യൂണിറ്റി കോളജ്

**സ്റ്റാലിൻ ജീവ & സെൽവ റാണി**

വിഷ പാമ്പിൽ നിന്നും വിഷ പ്രാണികളിൽ നിന്നും മിഷനറിമാർക്കും വിശ്വാസികൾക്കും ദൈവം സുരക്ഷിതത്വം നൽകി. പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കു നല്ലവണ്ണം പരീക്ഷ എഴുതുവാൻ ദൈവം സഹായിച്ചു.

കമ്പ്യൂട്ടർ, നേഴ്സിങ്, തയ്യൽ, ഡ്രൈവിംഗ്, വെൽഡിങ്, ഇലക്ട്രിക്കൽ എന്നീ കോഴ്സുകൾ പഠിക്കുവാൻ വിദ്യാർത്ഥികൾ പുതുതായി ചേർന്നു. നേഴ്സിങ്, കമ്പ്യൂട്ടർ എന്നിവ പഠിപ്പിക്കുവാൻ സമർപ്പണമുള്ള അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഠനം പൂർത്തീകരിച്ചവർക്കു നല്ല ജോലി ലഭിക്കേണ്ടതിനും അവരുടെ ആത്മീക വളർച്ചക്കുമായി പ്രാർത്ഥിക്കുക. വിദ്യാർത്ഥികളെ ഡ്രൈവിംഗ് പഠിപ്പിക്കുന്നതിനായി ഒരു വാഹനം വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. വാത സംബന്ധമായ രോഗത്തിൽ നിന്നും മിഷനറി റാണി സ്റ്റാലിൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കമ്യൂണിറ്റി കോളജ് സ്പോൺസർ ചെയ്യുന്ന മിഷനറി സുരേഷ് മാൾട്ടോയെ ദൈവം ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാമ

**മുന്ന മൊഹന്ദിയാർ & സുമിത ദാസ്**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികൾക്കായി നടത്തിയ ആത്മീയ യോഗങ്ങൾ അനുഗ്രഹകരമായിരുന്നു.

സഭാമൂപ്പന്മാർ സഭയെ ആത്മീകമായി നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു ജോലി തേടി മറ്റു സ്ഥലങ്ങളിലേക്കു കുടിയേറി പോകുന്ന വിശ്വാസികൾ ക്രിസ്തു യേശുവിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ക്രിസ്തുവിൽ പുതു ജീവിതം !

മഹാരാഷ്ട്രയിലെ ഇഗത്പുരി മിഷൻ വയലിലുള്ള വാഹർ ബദ ഗ്രാമത്തിലെ ദമ്പതികളായ കൃഷ്ണനും കുശുമ്പുവും അയൽക്കാരുമായി അകന്നു നിസ്സാര കാര്യത്തിനു പോലും എപ്പോഴും വഴക്കടിക്കുമായിരുന്നു. അവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ദൈവം അവരുടെ ഹൃദയങ്ങളിൽ ഇടപെട്ടു. അയൽക്കാരോടു സുവിശേഷം പങ്കുവെക്കുവാൻ ദൈവീക പ്രേരണയുണ്ടായി. കുശുമ്പു ദൈവീക സഹായത്തിനായി പ്രാർത്ഥിച്ചു. അവർ തമ്മിലുള്ള കൈയ്പുകൾ മാറേണ്ടതിനായി പ്രാർത്ഥിച്ചു. അവൻ അയൽക്കാരോടു ദയാപൂർവ്വം സംസാരിക്കുവാൻ തുടങ്ങി. അവരെ അന്യരായി കണ്ട അയൽക്കാർ ഈ മാറ്റം കണ്ടു അതിശയിച്ചു. ഇതു ക്രിസ്തുവിന്റെ സ്നേഹമാണെന്നു അവർ മനസ്സിലാക്കി. ഇന്ന് അവർ അയൽക്കാരുമായി നിരപ്പു പ്രാപിച്ച് സമാധാന ജീവിതം നയിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!




**ജന്മദിനാശംസകൾ**

ബസുദേവ് മാൾട്ടോ;
ജപ ദെബറാൽ വേദമാണിക്യം;
സൂരജ് മുഖി

**ഭഗ്യ**

**പി കുമാർ & പൊൻലത ജെ**

കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച രാജമഹാൾ മിഷൻ വയലിലെ പ്രാദേശിക സുവിശേഷകരുടെ യോഗത്തിൽ എല്ലാ സുവിശേഷകരും സംബന്ധിച്ചു. ഒരു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഒരു പുതിയ മിഷൻ വയൽ കൂടി ആരംഭിച്ചു. ബദാല ഗ്രാമത്തിൽ വിശ്വാസികളായ ജനങ്ങളെ ഉപദ്രവിച്ചു കൊണ്ടിരുന്ന സവപത്തിയയ്ക്കു പെട്ടെന്നു പക്ഷാഘാതം വന്നു. അവൾ എതിർത്തിരുന്ന സഭയിൽ അവളെ കൊണ്ടുവന്നു വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അത്ഭുത സൗഖ്യം നൽകി. ഇപ്പോൾ അവൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മസൂരിയ ഗ്രാമത്തിലെ വിശ്വാസിയായ ശിവദർശന്റെ വേർപാടിൽ കുടുംബാംഗങ്ങൾ ശവസംസ്കാരത്തെ എതിർത്തു. എന്നാൽ പോലീസ് സഹായത്തോടെ ക്രീസ്തീയ രീതിയിൽ സംസ്കാരം നടത്തി.

കാലിലുണ്ടായ പൊട്ടലിനാലും പുറം വേദനയാലും വൃക്ക സംബന്ധമായ പ്രയാസത്താലും കണ്ണിനുണ്ടായ രോഗത്താലും നമ്മുടെ മിഷനറി കഷ്ടപ്പെടുന്നു. പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രണ്ടു വയസ്സുള്ള എസ്ഥേർ മിഞ്ചു തലയിലുണ്ടായ കാൻസർ നിമിത്തം സിം എം സിയിൽ ചികിത്സയിലാണ്. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുത്ത ആളുകളെ തടഞ്ഞ ബജ്രംഗ് അനുയായികളുടെ മാനസാന്തരത്തിനായി പ്രർത്ഥിക്കുക.

**നേതൃത്വ പരിശീലന കേന്ദ്രം & കദുവ : സുന്ദർ ദുരൈ & മെൽബിൻ റെജിനി**

2025 വിബിഎസിന്റെ പാട്ടുകൾ റിക്കോർഡു ചെയ്തു. മാസം തോറും നടത്തി വരുന്ന പ്രാർത്ഥന യോഗത്തിൽ വിശ്വാസികൾ ആവേശത്തോടെ പങ്കെടുത്തു ദേശത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. കുസുമ ഗ്രാമത്തിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി. ഇവിടെ നടത്തിയ സന്താൾ ക്രിസ്തീയ കൺവൻഷനിൽ ധാരാളം പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കഴിഞ്ഞ മാസം നടത്തിയ വിവിധ പരിശീലന ക്യാമ്പുകളിൽ പങ്കെടുത്തവരുടെ ജീവിതങ്ങളിൽ ആത്മീക ഉണർവ്വ് ഉണ്ടായി.

ഭഗപത് ദൈവാലയത്തിന്റെ തറയുടെ പണി പൂർത്തീകരിച്ചു. ഗ്രാമത്തലവന്റെയും മന്ത്രവാദിയുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നിരക്ഷരരായ ആളുകൾ ദൈവവചനം ഗ്രഹിക്കുന്നതിനും സുവിശേഷം ശ്രവിക്കുന്നവർ തിരുവചനം മനസ്സിലാക്കി ക്രിസ്തുവിങ്കലേക്കു തിരിയേണ്ടതിനുമായി ഓഡിയോ ബൈബിളിന്റെ പ്രചാരത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

കിങ്സ്ലീ ഐസക്ക് ജോൺസൺ എം; അമുധ കുമാർ പോൾ; ശ്രീനിവാസൻ ജെ; ഡെൻസിങ് ആർ; അഷ്ടബൻ ആദിത്യ കുമാർ ലിമ്മ

## മസാലിയ

### തോട്ചുയ്യോ ഷിമ്ര & എസ് ജറിനാഥ്

വിശ്വാസികൾക്കായയി രണ്ടു ക്യാമ്പുകൾ, ചെറു പ്രാർത്ഥന സംഘ നേതാക്കന്മാരുടെ യോഗം, സഭാ മൂപ്പന്മാരുടെ ക്യാമ്പ് എന്നിവ അനുഗ്രഹകരമായി സംഘടിപ്പിച്ചു. കഴിഞ്ഞ നാലു മാസമായി പഞ്ചാബ് റീജിയനിൽ നിന്നു കാണാതെ പോയ പിന്ധനാഥ് ടുഡുവിനെ പ്രാർത്ഥനയുടെ ഫലമായി സുരക്ഷിതനായി കണ്ടെത്തി. കാലിൽ നീർവീക്കമുണ്ടായ പുതിയ വിശ്വാസി കാമോസ് കിസ്കുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ മോത്തിലാൽ വീണു നടക്കുവാൻ കഴിയാതെ പ്രയാസപ്പെട്ടു. അവൻ സാവകാശത്തിൽ സൗഖ്യം പ്രാപിക്കുന്നു. ക്ഷയ രോഗത്താൽ വലഞ്ഞ നമ്മുടെ വിശ്വാസി കുറെയ ഹെംബ്രം ദൈവീക വല്ലഭത്വത്താൽ സൗഖ്യം പ്രാപിക്കുന്നു.

പുതിയ വിശ്വാസികൾ ദൈവവചന പഠനത്തിലൂടെ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും ബാബുസോൾ ടുഡുവും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു കോലാമി ഹെബ്രവും വിടുതൽ പ്രാപിച്ചു. രോഗികളായ കന്നുകാലികളെ ദൈവം സൗഖ്യമാക്കി. ദുഷിച്ച സ്വഭാവത്തിനടിമകളായ വിശ്വാസികളുടെ മോചനത്തിനായി പ്രാർത്ഥിക്കുക. സത്തബഹാർ സഭയിൽ ആത്മീക ഉണർവ്വ് ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സിതൽ ഗ്രാമത്തിലെ മഹാറാണി, സോന മാറാണ്ടി എന്നിവരെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒടിഷ

### ജഗനാഥപൂർ : ബസുദിയോ മാൾട്ടോ & ബാസന്തി മാൾട്ടോ

ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുന്തിജോറ, മുരുബോട്ട എന്നീ ഗ്രാമങ്ങളിൽ പുതിയ വിശ്വാസികൾക്കു പരിശീലനം നൽകുവാൻ ദൈവം സഹായിച്ചു. കരകേസ്ഥിന സഭയിൽ ഏഴു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. ദുർശാൽ, പൈഹെതു എന്നീ സഭകളിൽ രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. ബരജമ്ട ഗ്രാമത്തിൽ ദൈവാലയത്തോടു ചേർന്നു ഒരു പരിശീലന കേന്ദ്രം തടസ്സങ്ങളൊന്നുമില്ലാതെ നിർമ്മിച്ചു.

അപസ്മാര രോഗത്താൽ വലയുന്ന സുഖ്ലാൽ ലഗുരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പരംജമ്പാനി ഗ്രാമത്തിലെ പുതിയ വിശ്വാസി മിരു ജറായ്, മജ്ക്കൻ ഗ്രാമത്തിലെ മിരു ഹെബ്രു എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പ്രഭാകര സാരഥി; ബാബു പി;
മേരി ജോൺസി റാണി ഐ

### ധാൽബുഘട്

**പ്രമോദ് കുമാർ & യശോദബൻ**

വിഷപാമ്പിന്റെ ദംശനമേറ്റ ജാവ്ന സൊറന് കർത്താവ് അത്ഭുത സൗഖ്യം നൽകി. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മാതാവിന്റെ ശവസംസ്കാരം തടസ്സങ്ങളില്ലാതെ നടത്തി. സന്നദ്ധ സുവിശേഷകൻ ബിസ് സൊറന്റെ കുടുംബത്തിൽ ഒരു ശിശുവിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മുട്ടു വേദനയിൽ നിന്നും മാഗി മുർമ്മുവും രക്ത സമ്മർദ്ദത്തിൽ നിന്നു ഗയ ഹസ്തയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തെ പ്രവർത്തനത്തിനായി സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ എഴുന്നേല്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ ജീവിതത്തിൽ ആത്മീക ഉണർവ്വു ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ദെക്കനാൽ

**അശോക് നായക് & സുരഭി നായക്**

ആഭിചാര ക്രീയ ചെയ്തിരുന്ന ജയറാം ഗുയാൻെറ ഭാര്യ പെട്ടെന്നു രോഗിയായി മരണ കിടക്കയിലായി. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവളെ സൗഖ്യമാക്കി. ഇപ്പോൾ ജയറാമും അയാളുടെ ഭാര്യയും പഴയ ജീവിതം ഉപേക്ഷിച്ചു യേശുവിൽ പുതു ജീവിതം നയിക്കുന്നു. നടക്കുവാൻ കഴിയാതിരുന്ന ബിർസിങ് കുർത്തി പ്രാർത്ഥനയെ തുടർന്നു നടക്കുവാൻ തുടങ്ങി.

വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന മീന, ജീലി, ജാലേശ്വർ, കുത്തുപാരി, ബനിട്ട, സീത എന്നിവർ പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ കർത്താവിനെ കുറിച്ചുള്ള പരിജ്ഞാനത്തിൽ വളർന്നു ആത്മീക വർദ്ധനവ് പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ ഗ്രാമങ്ങളിൽ സുവിശേഷം ശ്രവിച്ചവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിച്ചു അവർ യേശുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവം ജയം നൽകുന്നു!

ബീഹാറിലെ അരാരിയ മിഷൻ വയലിലുള്ള രങ്കധ ഗ്രാമത്തിൽ ഫെബ്രുവരി 25 ന് ജീസസ് ഫിലം പ്രദർശിപ്പിക്കുകയായിരുന്നു. ഗ്രമീണരുടെ പരാതിയെ തുടർന്നു അധികാരികൾ നമ്മുടെ ശുശ്രൂഷയെ തടഞ്ഞു. അടുത്ത ദിവസം ഗ്രാമീണർ വിശ്വാസികളെ ഭീഷണിപ്പെടുത്തി, യേശുവിനെ സ്വീകരിച്ചാൽ ഭ്രഷ്ട് കല്പിക്കും. മിഷനറിമാരെ മർദ്ദിക്കുകയോ കൊല്ലുകയോ ചെയ്യും. വിശ്വാസികൾ പോലീസിൽ വിവരം അറിയിച്ചു. നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയാൽ ദൈവം ഇടപെട്ടു. തടസ്സമില്ലാതെ ഞായറാഴ്ച ആരാധന നടത്തുവാൻ അനുവാദം ലഭിച്ചു. രങ്കധ ഗ്രാമത്തിൽ ഉണർവ്വുണ്ടാകേണ്ടതിനായും വിശ്വാസികൾ വിശ്വാസത്തിൽ ഉറെച്ചു നിൽക്കേണ്ടതിനുമായി പ്രർത്ഥിക്കുക.




## ജന്മദിനാശംസകൾ

രൂബൻ ശാമുവേൽ ജെ;
ലിസി വാവച്ചൻ;
പ്രിസ്കില്ല രമേശ് വേൽരാജ്;
ഗീതാഞ്ജലി നായക്;
ജോൺ ഡേവിഡ്സൺ സെൽവരാജ്

### കിയോൻജ്ഹർ

**പ്രത്യുഷ് നായക് &**
**മാരിത്തായ് ലീയോണ**

ഗുട്ടുങ്ക ഗ്രാമത്തിലെ കലോസന മുണ്ട പൈശാചിക ബന്ധനത്താൽ വലയുകയായിരുന്നു. അവളെ ബസ്ദ ദൈവാലയത്തിൽ കൂട്ടിക്കൊണ്ടുവന്നു. വിശ്വാസികൾ ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചു. കൂനിയുടെ മകൾ ഹർഷിനി ഉപവാസ പ്രാർത്ഥനയിൽ പതിവായി പങ്കെടുക്കുമായിരുന്നു. ആശ്വാസമില്ലാതെ നിർത്താതെ കരഞ്ഞിരുന്ന അവൾക്കു വേണ്ടി വിശ്വാസികൾ ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ വിടുവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രാഷ്മിത ഗോപെ വിടുതൽ പ്രാപിച്ചു. ക്രിസ്തീയ വിശ്വാസം നിമിത്തം അയൽക്കാരിൽ നിന്നും പീഡനം സഹിക്കുന്ന ജീനുവിനെയും അവളുടെ മാതാവിനെയും കർത്താവ് വിശ്വാസത്തിൽ ബലപ്പെടുത്തുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ സഭാമൂപ്പൻ ബുത്തറാമിനെ കർത്താവ് സൗഖ്യമാക്കി.

ഹാന്ദിപൊങ്ക ഗ്രാമത്തിലെ ദൈവാലയ നിർമ്മണം പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൻബോരി സഭയിൽ ഒരു കുഴൽ കിണർ കുഴിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോഗ്ദാല, ഉച്ചബാലി, സേന മാത്ത, കാഷിയ, പുരുനാഥ്, കുരുദ, നുവഗാൻ, സി ബ്ലോക്ക്, കാദക് മോറ, ബി ബ്ലോക്ക് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നല്കി. പ്രാദേശിക സുവിശേഷകരായ ജാമ്മൽ, രാസിഗ എന്നിവരെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗത്താൽ വലയുന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും!

മദ്ധ്യപ്രദേശിലെ ഖാൽവ റീജിയനിലുള്ള മേദറാണി ഗ്രാമത്തിലുള്ള വിശ്വാസി സാഗൻ ഷോളാങ്കി ഒരു വീടു പണിയുന്നതിനും യൗവ്വനക്കാരായ മക്കളുടെ വിവാഹത്തിനായും ഏറെ വ്യാകുലപ്പെട്ടു. രക്ഷിക്കപ്പെടാത്ത അയാളുടെ സഹോദരർ സാഗനെ പ്രാപ്തിയില്ലാത്തവനായി കാണുന്നതിൽ സന്തോഷിക്കുന്നു. എന്നിരുന്നാലും സാഗന്റെ പ്രാർത്ഥന കേട്ടു ദൈവം അവനെ സമൃദ്ധിയായി അനുഗ്രഹിച്ചു. അവൻ മനോഹരമായ ഒരു വീടു പണിതു. മക്കളുടെ വിവാഹവും ക്രമീകരിച്ചു. വിവാഹം തടസ്സപ്പെടുത്താൻ സഹോദരങ്ങൾ ശ്രമിച്ചെങ്കിലും ദൈവകൃപയാൽ വിവാഹം ഭംഗിയായി നടന്നു. ദൈവത്തോടുള്ള നന്ദി സൂചകമായി സാഗൻ തന്റെ ഭവനത്തിൽ രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. ഒരു ആടിനെ സ്തോത്ര വഴിപാടായി ദൈവസഭക്കു നൽകി. ദൈവത്തിനു സ്തോത്രം!




## ജന്മദിനാശംസകൾ

മെയിൻരാജ് ഐ;
സ്വർണ്ണലതാ സജ്ജീപ് കുമാർ

### ജിൻജകപ്പാനി

**എബ്രഹാം എസ് & ആലീസ് ഷീബ**

മരത്തിൽ നിന്നും താഴെ വീണ രാമുവിന്റെ മകനെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. നമ്മുടെ വിശ്വാസിയുടെ വീടിന്റെ സമീപത്തു കുളം കുഴിക്കുന്നു. വിശ്വാസികളുടെ സഹായത്തോടെ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസി ദോഗാർ ദിയുവിന്റെ പ്രാർത്ഥന കേട്ടു ദൈവം അനേക രോഗികളെ സൗഖ്യമാക്കുന്നു.

കോക്സോ, ദുലിബാന, സോനാ ബോസി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനു ദൈവം കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ജയ്പൂർ, ബുക്കിബി എന്നീ റീജിയനുകളിൽ സഭാമൂപ്പന്മാരുടെ യോഗവും യുവജന പരിശീലന പ്രോഗ്രാമും വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ടണൽ കുഴിക്കുന്ന ജോലി നമ്മുടെ സഭാമൂപ്പൻ സിറമ്പാരിക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സക്കർദപുർ റീജിയനിലെ ശുശ്രൂഷയിൽ ദൂയ സാമ്പിയ കുടുംബത്തെ ദൈവം അതിശയകരമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുക്കുറുബി റീജിയനിൽ പ്രവർത്തിക്കുവാൻ സമർപ്പണമുള്ള സ്വദേശ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തം ശർദ്ദിക്കുന്ന പർവതി പൂർത്തിയുടെയും നേത്ര രോഗത്താൽ വലയുന്ന ശലോനി ഹെബ്രത്തിന്റെയും മൂത്രാശയ സംബന്ധമായ രോഗിയായ നന്തി ഹെബ്രത്തിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**അങ്കുൽ : ശങ്കർ പി & ടി ജലീൻ**

നമ്മുടെ ബാലിക ഭവനത്തിലെ സുനിത ഹെബ്രത്തിനു വിജയകരമായി പഠനം പൂർത്തീകരിച്ച ഉടനെ ദൈവകൃപയാൽ JPR ആശുപത്രിയിൽ ജോലി ലഭിച്ചു. ജയ്ദാന്ധപൂർ, പ്രിമാനി, മോഹനബോഷി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധന യോഗം ആരംഭിക്കേണതിനായി പ്രാർത്ഥിക്കുക. ബോന്ധ ദൈവാലയത്തിൽ നടത്തിയ കുടുംബ സംഗമത്തിൽ 32 കുടുംബങ്ങൾ സംബന്ധിച്ചു ദൈവകൃപയാൽ ആത്മീക വളർച്ച പ്രാപിക്കുന്നതിനെ കുറിച്ചു പഠിച്ചു. നെഞ്ചു വേദനയിൽ നിന്നു സരോജിനി ഹെബ്രവും ഉദര സംബന്ധമായ രോഗത്തിൽ നിന്നും ബർസ പാൽമുച്ചിയും സൗഖ്യം പ്രാപിച്ചു.

തലസാർ ബ്ലോക്ക്, പല്ലഹാര ബ്ലോക്ക് എന്നീവിടങ്ങളിൽ താമസിക്കുന്ന വേഹ ജാതിക്കൂട്ടങ്ങളെ കുറിച്ചു പഠനം നടത്തി. ബോർഡ് പരീക്ഷ എഴുതിയ നമ്മുടെ വിശ്വാസികളുടെ മക്കൾക്കു നല്ല മാർക്ക് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം സംബന്ധമായി ഗ്രാമത്തിലുണ്ടായ പീഡനം നിമിത്തം പിന്മാറിപ്പോയവർ ക്രിസ്തീയ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരായ പികാസ് കോയബായ്, റാൻ സോമ്പീയ, രൂപ ബിരുളി, ജിത്തൻ, ഹെബ്രം, ചന്ദ്ര തീറിയ എന്നിവർക്കു നല്ല ആരോഗ്യം നൽകേണ്ടതിനും ദൈവം അവരെ ശക്തമായി ഉപയോഗിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ശാന്ത വിനയരാജ്;
ജഹർ സായി പണ്ണ

### തെൽക്കോയ്

**സുഖിനാൽ & ജയറാണി**

നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്ന സോമ്പാരി മുണ്ടയെ കർത്താവ് സൗഖ്യമാക്കി. ബോമ്ല ബോസി, പങ്കെർസുനി എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വിജയകരമായി പുരോഗമിക്കുന്നു.

വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന ജിത്തൻ മുണ്ടയുടെ വിടുതലിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന അരുൺ മുണ്ട, അരേമ മുണ്ട എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നടക്കുവാൻ പ്രാപ്തിയില്ലാത്ത ഗംഗാറായിയുടെ കാലുകൾക്കു ദൈവം ബലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### അഹവ

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

ലഹൻസ്ബാസ് ഗ്രാമത്തിലെ കൗസല്യ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. 18 വർഷമായി നടക്കുവാൻ കഴിയാതിരുന്ന രവിന്ദ്ര ഇപ്പോൾ നടക്കുവാൻ തുടങ്ങി. അപസ്മാര രോഗത്താൽ കഷ്ടപ്പെട്ട സെയ്തുബായ് ദൈവകൃപയാൽ സൗഖ്യം പ്രാപിച്ചു. തുളസി റാമിന്റെ ഉദരത്തിലെ ട്യൂമർ ശസ്ത്രക്രീയയിലൂടെ വിജയകരമായി നീക്കം ചെയ്തു.

തൊണ്ടക്കു ട്യൂമർ ബാധിച്ച ആനന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കണ്ണിനു നടത്തിയ ശസ്ത്രക്രീയയെ തുടർന്നു സന്ധുബായി തലവേദനയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വനിത, സാറ, ഹീര എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച രണ്ടു പേർക്കു പർക്കാന്ധിയ ഗ്രാമത്തിലുള്ളവർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ദൈവത്തിന്റെ അത്ഭുത ശക്തിയാൽ ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### വിജയനഗർ

**വിജയകുമാർ & സുശീല**

കഠിനമായയ പനിയിൽ നിന്നും കാന്തിഭായ് സുഖം പ്രാപിച്ചു. കാൻസർ രോഗത്തിൽ നിന്നും ഗംഗു വിടുതൽ പ്രാപിച്ചു. തലമുറക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന കാന്തബെന്നിനു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. പ്രസന്ന, സോണിയ ഭായ്, ജെവിബായി, റീന എന്നിവർ പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന എല്ലാവരും വിശ്വാസത്തിൽ വളരേണ്ടതിനും ക്രമേണ അവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായും അതിലൂടെ ദൈവനാമം മഹത്വപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

അരുൾമണി ആർ;
ത്യാഗരാജൻ പി; അരവിന്ദ് കുമാർ എം

### സൂറത്ത്

**മാധവ റായ് & ജപതങ്കം**

അമിത വേഗത്തിൽ വന്ന ലോറി റെയിൽവേ ക്രോസിൽ കാത്തു കിടന്ന കാറിൽ ഇടിച്ചു കയറി കാർ തകർന്നു പോയെങ്കിലും മാരകമായ പരുക്കു പറ്റാതെ നിക്കലിനെ കർത്താവ് പരിപാലിച്ചു. ഉമേശ്വരിയുടെ പ്രസവ സമയത്തു ഗുരുതര പ്രശ്നങ്ങൾ ഉണ്ടായെങ്കിലും വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം കൃപ ചൊരിഞ്ഞു അവൾക്കു സുഖ പ്രസവം നൽകി. നടന്നു പോകുന്ന വേളയിൽ മമത റോഡിൽ മയങ്ങി വീണു ബോധരഹിതയായി. ചികിത്സക്കു ശേഷം അവൾ ആരോഗ്യം വീണ്ടെടുത്തു.

സൂറത്ത് എന്ന വലിയ പട്ടണത്തിൽ മാതാപിതാക്കളുടെ കാൽ ചുവടുകളെ പിന്തുടർന്ന് മുതിർന്ന കുട്ടികൾ ഞായറാഴ്ച ജോലിക്കു പോകാതെ ആരാധനക്കു പ്രാധാന്യം നൽകി ദൈവാലയത്തിൽ വരുന്നു. അവരുടെ ആത്മീക ദാഹം ദൈവം തീർത്തു കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന പൂജ, ഹന്ന, കവിത, വിദ്യ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി ഒരു പൈതലിനു വേണ്ടി പ്രാർത്ഥിക്കുന്ന നിഷക്കു ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷകരുടെയും മിഷനറിമാരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### സെളംമ്പ

**യുവനേശ് ടി & ഝാൻസി റാണി**

ലക്മികേദ ഗ്രാമത്തിലെ മൂടപ്പെട്ട സഭ ദൈവകൃപയാൽ തുറന്നു വൃത്തിയാക്കി അവിടെ ആരാധന പുനരാരംഭിച്ചു. ഇവിടെ റീജിനൽ തലത്തിൽ നടത്തിയ സ്ത്രീജന യോഗത്തിൽ വിവിധ ഗ്രാമങ്ങളിൽ നിന്നും 250 ലധികം പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഒരു ജോലിയില്ലാതെ കഷ്ടപ്പെട്ട മിതൽ ഭായിക്കു ദൈവ സഹായിച്ചതിനാൽ നല്ല ജോലി ലഭിച്ചു. ഈശ്വർ ഭായ് ആരോഗ്യ പ്രശ്നമുള്ളതിനാൽ ഒരു ജോലി ലഭിക്കുക പ്രായാസമായിരുന്നു. പ്രാർത്ഥനയുടെ ഫലമായി അവനു യോജിച്ച നല്ല ഒരു ജോലി ലഭിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് ഭയം കൂടാതെ യേശുവിനെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സവദാൽ കദുവാപാക, സിക്കാൽപാട, കദുമാൽ എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥന ക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവാലി, ഉൽമ, ജർക്കാം എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനും പ്രാദേശിക ഭരണ കേന്ദ്രത്തിൽ നിന്നും ദൈവാലയം പണിയന്നതിനുള്ള അനുവാദം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഡേവിഡ് നിക്കോൾസൺ;
ജപ റോസ് വിജയൻ; ബിദുകാന്തി ലിമ ശ്രീധർ;
ഹത്നെയ്കിം ലെത്ക്കോലുൻ ബൈതെ

### ദരംമ്പൂർ

**കുമാരൻ ജി & ജലീൻ ജയ പ്രദ**

വിഷ പാമ്പിന്റെ ദംശനമേറ്റു ഗുരുതരാവസ്ഥയിലായ തേജസിനെ സഭാ വിശ്വാസികളുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. കാൻസർ രോഗത്താൽ മരണത്തോടു മല്ലടിച്ച അമൃതഭായിയുടെ രോഗത്തിന്റെ വ്യാപനം പ്രാർത്ഥനയെ തുടർന്നു ശമിച്ചു. അനേക രാത്രികൾ ഉറങ്ങാതെ കഷ്ടപ്പെട്ട ജാക്കുറിതി ബൻ ഇപ്പോൾ സുഖമായി ഉറങ്ങുന്നു.

സഭയിലെ അംഗങ്ങളായ വ്യക്തികൾ തങ്ങളുടെ സമർപ്പണത്തിൽ ജീവീതാന്ത്യം വരെ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയത്തിലുണ്ടായ നീർവീക്കത്താൽ ശ്വസിക്കുവാൻ പ്രയാസപ്പെടുന്ന അഞ്ചു വയസ്സുകാരൻ പിയൂഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂത്രാശയത്തിലുണ്ടായ അണുബാധ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു പ്രാവശ്യം ഗർഭസ്ഥ ശിശു നഷ്ടപ്പെട്ട ജങ്കിബൻ കുടുംബപ്രശ്നത്താലും നിരാശയാലും കഷ്ടപ്പെടുന്നു. ഇവളുടെ ആശ്വാസത്തിനും വിടുതലിനുമായി പ്രാർത്ഥിക്കുക. അവൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്തിനു ശസ്ത്രക്രീയയ്ക്കു വിധേയ ആയ റീൻ ബൻ വേദനയാൽ ഭാരപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കവന്ത്

**അഖിലേഷ് കുമാർ & കിരൺ ദേവി**

പാപജീവിതം ഉപേക്ഷിച്ച് യേശുവിനെ സ്വന്തരക്ഷിതാവവായി സ്വീകരിച്ചു പുതു ജീവിതം നയിക്കുന്നവർക്കായി ദൈവത്തിനു സ്തോത്രം. രോഗത്താൽ കഷ്ടപ്പെട്ട ഉമർഗന്ധിന്റെ ഭാര്യ ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി സൗഖ്യം പ്രാപിച്ചു. വൃക്കയിലുണ്ടായ കല്ല് നിമിത്തം ഭാരപ്പെട്ട കൈസിബൻ പ്രാർത്ഥിച്ച വേളയിൽ ആ കല്ല് സ്വഭാവികമായി ഉരുകിപ്പോയി. കുടുംബാംഗങ്ങൾ എതിർത്തിട്ടും തീഷ്ണതയോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന സമീന ബന്നിനെ ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും ദൈവം അത്ഭുത സൗഖ്യം നൽകി.

റീത്ത ബൻ, സില്ലു ബൻ, സീത്തൾ ബൻ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാമുലബന്നിന്റെ കുടംബത്തിൽ പൈശാചിക ബന്ധനത്താൽ അനേകർ രോഗികളാകുന്നു. യേശുവിന്റെ നാമത്തിൽ ആ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നും സ്വതന്ത്രരാകേണ്ടതിനായി പ്രാർത്ഥിക്കുക. വിർബരി ഗ്രാമത്തിലെ റീത്ത ബൻ ദാരിദ്ര്യത്താൽ വലയുന്നു. അതിനു ഒരു പരിഹാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന സ്ത്രീകളുടെ യോഗം, കുട്ടികളുടെ യോഗം, യുവജനങ്ങളുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജപരസൻ ബി

### ജാലോദ്

**കുമാർ പോൾ & അമുധ**

റീജിനൽ തലത്തിൽ നടത്തിയ ആത്മീക യോഗത്തിൽ വലിയ കൂട്ടം ജനങ്ങൾ സംബന്ധിച്ചു. ജബൽപൂറിലെ രാകേഷ് ഉപജീവന മാർഗ്ഗത്തിനായി ഒരു ഓട്ടോ റിക്ഷ വാങ്ങി. കുന്തി ഗ്രാമത്തിലെ ആശക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. കാദിയ സഭയിൽ സഭാമൂപ്പന്മാർക്കായി രണ്ടു ദിവസത്തെ പരിശീലന ക്യാമ്പ് നടത്തി.

നവജാത ശിശുവിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന പ്രദീപ്, അരുണ ദമ്പതികളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സിക്ലി ഗ്രാമത്തിൽ സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്ന സോമഭായ്, കവിത എന്നിവരുടെ ഹൃദയങ്ങളിൽ മാനസാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആശീർ & സുഗണ എൽ**

ഈ മിഷൻ വയലിലെ വിവിധ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 150 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. മദുഗാം ഗ്രാമത്തിലെ സുഗനിയുടെ മൂത്രാശയ സംബന്ധമായ രോഗം പ്രാർത്ഥനയിലൂടെ സൗഖ്യമായി. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച നിദ ബൻ ശസ്ത്രക്രീയക്കു വിധേയയായി. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

അധരത്തിൽ കാൻസർ ബാധിച്ച രമേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. 14 വയസ്സുള്ള ഗീത ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്നു. ഞരമ്പു സംബന്ധമായ രോഗം നിമിത്തം ജോലി ചെയ്യുവാൻ കഴിയാത്ത ദേവബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂലക്കുരു രോഗത്താൽ കഷ്ടപ്പെടുന്ന മജ്ജുള ദേവിയുടെയും അൾസറിനാൽ ഭാരപ്പെടുന്ന സംഗീതയുടെയും വിടുതലിനായി പ്രാർത്ഥിക്കുക.

### ദൈവം നമ്മുടെ സംരക്ഷൻ!

മഹാരാഷ്ട്രയിൽ എട്ടപ്പള്ളി ജില്ലയിലുള്ള പോലി പള്ളി ഗ്രാമത്തിലെ ആഭിചാര പ്രവർത്തകനായ മങ്കുച്ചോർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഒരു രാത്രിയിൽ ഗ്രാമീണരും അയാളുടെ ബന്ധുക്കളും അവരുടെ ദുരിതത്തിനും കഷ്ടതക്കും കാരണം മങ്കുച്ചോർ ആണെന്നു കുറ്റപ്പെടുത്തി. "നിങ്ങൾ ഇപ്പോൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സന്തോഷവനായി കഴിയുന്നു. എന്നാൽ ഞങ്ങൾ നിങ്ങളുടെ ആഭിചാര ക്രീയ നിമിത്തം കഷ്ടപ്പെടുന്നു." മങ്കുച്ചോർ പോലീസുകാരുടെ സഹായം തേടി. പോലീസ് അധികാരികൾ ഗ്രാമീണരോടും ബന്ധുക്കളോടും ഇനിയും പ്രശ്നമുണ്ടാക്കിയാൽ നിങ്ങൾ നിയമപരമായ നടപടികൾ നേരിടേണ്ടി വരുമെന്ന മുന്നറിയിപ്പു നൽകി. അതിനെ തുടർന്നു എതിർപ്പുകളില്ലാതെ മങ്കുച്ചോർ സമാധാന ജീവിതം നയിക്കുന്നു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

സൂസൻ തോമസ് ;
സായു ബുനിയ

## മഹാരാഷ്ട്ര

### ബോറാടി

**ഓം പ്രകാശ് & സപ്ന**

കോദിദ ഗ്രാമത്തിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് 189 പേർക്കു പ്രയോജനപ്പെട്ടു. കുരത്പന്നി, കോദിദ, ഉമെർദ, കെനോരി, ബോരാദി, സമരിയ, സക്രിപാദ, പുദഗിവീർ എന്നീ ഗ്രാമങ്ങളിൽ വിഘ്നങ്ങളില്ലാതെ ഉപവാസ പ്രാർത്ഥനകൾ നടത്തി. അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിശ്വാസികളുടെ ക്യാമ്പിൽ 73 പേരും സ്ത്രീകളുടെ യോഗത്തിൽ 103 പേരും പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. യുവജനക്യാമ്പ്, കുട്ടികളുടെ ക്യാമ്പ്, സത്സാംഗ്, രാത്രിയോഗങ്ങൾ എന്നിവ നടത്തുവാൻ ദൈവം കൃപ നൽകി.

ശരീരമാസകലം പരുക്കളാൽ കഷ്ടപ്പെടുന്ന പരസിപാട ഗ്രാമത്തിലെ അനിഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്താൽ വലയുന്ന സമീന ഭായി, ജോഷ ഭായി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. കേൾവിയും സംസാര ശേഷിയും പെട്ടെന്നു നഷ്ടപ്പെട്ടു പോയ് പ്രേം, അർജുൻ എന്നിവർക്കു അത് തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ആശീഷ് ഭായ്, രാമ ഭായ് എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. ദബസിയ ഗ്രാമത്തിലെ മീന ഭായ്, പുതകിവീർ ഗ്രാമത്തിലെ ദീപക് എന്നിവർ മാനസിക രോഗത്തിൽനിന്നും രവി സിങ് ഭായ് പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു ജാക്ക്ശിഷ് ഭായ്, ബൈദാസ് എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### തലസാരി

**ഗെദ്ദാം ശ്രീനിവാസ റാവു & രാജ്യ ലക്ഷ്മി**

ഷൈവാൻ ഗ്രാമത്തിലെ കക്കാട് ദേവൽ സിങ്ധയ ഗുരുതരമായ അപകടത്തിൽ കാലിൽ പൊട്ടലുണ്ടായെങ്കിലും ജീവൻ നഷ്ടപ്പെടാതെ ദൈവം പരിപാലിച്ചു. ദൈവകൃപയാൽ സഭാമൂപ്പന്മാരുടെയും പ്രാദേശിക സുവിശേഷകരുടെയും യോഗങ്ങൾ നല്ല രീതിയിൽ സംഘടപ്പിച്ചു. രാത്രി യോഗങ്ങൾ, സ്ത്രീകളുടെ ക്യാമ്പ്, സണ്ടെ സ്കൂൾ, വേദപഠന ക്ലാസ്സുകൾ എന്നിവ തടസ്സങ്ങളില്ലാതെ നടത്തി.

രണ്ടു പുതിയ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ പ്രവർത്തനം തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ദൈവവചന പഠനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ആത്മീക വളർച്ച പ്രാപിച്ചു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ബഞ്ചമിൻ ബി; പ്രൊദീപ് മുഷഹരി;
ജപജോതി പോൾരാജ്;
മധു കല രമേശ്വർ ദയാൽ
എമി പാക്യ

### എട്ടപ്പള്ളി

**അരവിന്ദ് & എജു അരവിന്ദ്**

സുരജ് കുമ, നിലേശ് നരോട്ടി എന്നിവരെ അപകടത്തിൽ ദൈവം പരിപാലിച്ചു. അബംപള്ളി ഗ്രാമത്തിലെ ബേബി ഭായി റേണുവിനെ കഠിനമായ തലവേദനയിൽ നിന്നു ദൈവം സൗഖ്യമാക്കി. മർഗാൽ ഗ്രാമത്തിലെ മതിവേട്ട കാലിൽ പൊട്ട ലുണ്ടായതിനെ തുടർന്നു നടക്കുവാൻ കഴിയാതിരിക്കുകയായിരുന്നു. പ്രാർത്ഥന യെ തുടർന്നു ഇപ്പോൾ നടക്കുകയും ഇരുചക്ര വാഹനം ഓടിക്കുകയും ചെയ്യുന്നു.

അജ്ഞാത രോഗത്താൽ വല യുന്ന കോത്തി ഗ്രാമത്തിലെ വൈശാലി ഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥി ക്കുക. വൃക്ക സംബന്ധമായ രോഗ ത്താൽ വലയുന്ന ബന്ധോവാഹി ഗ്രാമ ത്തിലെ മക്കുറു താലണ്ടെയുടെയും അപ കടത്തിൽ പെട്ടു നടക്കുവാൻ കഴിയാത്ത രാജേഷ് വാടെയുടെയും സൗഖ്യത്തി നായി പ്രാർത്ഥിക്കുക. ഉടനെ നടത്തു വാനുദ്ദേശിക്കുന്ന റീജിനൽ കൺ വൻഷനു സർക്കാർ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും മയക്കു മരുന്നിനും അടിമകളായ യൗവ്വനക്കാരുടെ വിടു തലിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ പുതുതായി സംബ ന്ധിക്കുന്നവർ യേശുവിനെ രക്ഷിതാ വായി സ്വീകരിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

### അക്കൽകുവ

**ജഗമോഹൻ സിങ് & സ്വാതി ശർമ്മ**

പ്രാർത്ഥനയിലൂടെ രക്ഷണക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. പ്രാർത്ഥനയാൽ ജബ്ബാർ അല്ലി, പുനാർ വസൽ എന്നീ ആരാധന ക്കൂട്ടങ്ങൾ പുനരാരംഭിച്ചു. രാജു ദത്ത യുടെ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നാലു ഗ്രാമങ്ങളിൽ മുഴു രാത്രി പ്രാർത്ഥനകളും ഏഴു ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനയും 11 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തന വും നടത്തി. ഈ മിഷൻ വയലിലെ എല്ലാ ഗ്രാമങ്ങളിലെ സഭ ആരാധന യും തടസ്സങ്ങളില്ലാതെ ഭംഗിയായി നട ത്തുവാൻ ദൈവം കൃപ നൽകി.

കാലിലെ ഞരമ്പു സംബന്ധമായ പ്രയാസത്താൽ വലയുന്ന ഉഷ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥി ക്കുക. കാൽപാദത്തിൽ നിന്നും രക്തം വരുന്ന പ്രതാപിന്റെ സൗഖ്യത്തായി പ്രാർത്ഥിക്കുക. രോഹിത്, പിയുഷ്, ധീരജ്, ഉഷ ബൻ തുടങ്ങിയവരുടെ ഭവന നിർമ്മാണത്തിന്റെ ആവശ്യങ്ങൾ ലഭ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർ ത്ഥിക്കുക. സണ്ടെസ്കൂൾ നടത്തു ന്നതിനു സമർപ്പിതരായ അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാ ദേശിക സുവിശേഷകരായ സുനിൽ ഭായ്, ഉഷ ബൻ എന്നിവരെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

കനകനേശം ചെല്ലദുരൈ;
പൊൻ അഗസ്റ്റിൻ. ഇ; ശിവകുമാർ സി;
ബന്നിസൺ എബനേസർ
ഗായത്രി സി

**സരസമ്മാൾ ബാലഭവനം**

**സുചിത്ര ലിമ്മ**

23 സ്ഥലത്തു സ്ത്രീകളുടെ യോഗം സംഘടിപ്പിച്ചു. നമ്മുടെ ബാലഭവനത്തിൽ വിബിഎസ് നടത്തി. സുവിശേഷവേലക്കായി സമർപ്പിച്ച 15 വിദ്യാർത്ഥികൾക്കു ആവശ്യമായ ആലോചനകൾ നൽകി.

ബോർഡ് പരീക്ഷ എഴുതിയ കുട്ടികളുടെ വിജയത്തിനായി പ്രാർത്ഥിക്കുക. നാലു വർഷമായി തലമുറക്കു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന കമാലിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**പെയിന്റ്**

**അലക്സ് പ്രഭു & പ്രീയ ഹെത്സി**

ക്രിസ്തീയ വിശ്വാസത്തോടു ശക്തമായ എതിർപ്പുള്ള ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു. അനേകർ അതു കാണുകയുണ്ടായി. മൂത്രാശയ സംബന്ധമായ രോഗത്താൽ വലഞ്ഞ കൽപനയുടെ പ്രാർത്ഥന കേട്ടു ദൈവം അവളെ സൗഖ്യമാക്കി. കവിസയുടെ ഉപജീവന മാർഗ്ഗമായിരുന്ന കറവയുള്ള എരുമയെ കാണാതെ പോയി. അവൾ ഉപവസിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു നാലാം ദിവസം അതിനെ കണ്ടെത്തി.

അടിക്കടി അബോധാവസ്ഥയിലാകുന്ന രാമുബായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ശരീരത്തിലുണ്ടായ പരുക്കളാൽ കഷ്ടപ്പെടുന്ന അലിശയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന കുസും ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീരമാസകലം പരുക്കൾ വന്നതിനാൽ മമത ആകെ അസ്വസ്തയായി ഉറങ്ങുവാൻ കഴിയാതെ കഷ്ടപ്പെടുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മോൾഗി**

**രൂബൻ ടുഡു & രുക്മിണി ഹെമ്പ്രം**

കഴിഞ്ഞ അഞ്ചു വർഷമായി ശ്വസിക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട തുക്കിറിബായി പലവിധ ചികിത്സകൾ ചെയ്തെങ്കിലും ഒന്നും പ്രയോജനപ്പെട്ടില്ല. ഒടുവിൽ ദൈവാലയത്തിൽ കടന്നുവന്നു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു അയാളെ സൗഖ്യമാക്കി. മത്തിയബാരി, മക്കുർഗാന്ത് എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന രാത്രിയോഗങ്ങളിൽ അക്രൈസ്തവരായ അനേകർ കടന്നുവന്നു സംബന്ധിച്ചു സുവിശേഷം ശ്രവിക്കുന്നു.

ക്ഷയരോഗത്തിൽ നിന്നു രൂബിബായ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി മക്കളില്ലാതെ കഷ്ടപ്പെടുന്ന സുബൻ, ചന്ദ്ര എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണത്തിന്റെ സാധ്യത പഠനം നടത്തിയ പത്ബാര, അസാലി, പദമുന്ദ്, മണിവാര എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ആശീർ മോസസ് എസ്;
ജോതിമണി മനോജ്;
ഇദിഗിനാല മൗനിക പ്രവീൺ

**കപ്രാദ : ബിദുഷ്കുമാർ നായക് & പ്രീതിബല പ്രധാൻ**

വിഷപാമ്പിൽ നിന്നും നമ്മുടെ വിശ്വാസി രന്ധുബന്നിന് ദിവ്യ പരിപാലനം നൽകി ദൈവം രക്ഷിച്ചു. പ്രസവാനന്തര സങ്കീർണ്ണതകൾ നിമിത്തം ആശുപത്രിയിൽ പ്രവേശിപ്പിച്ച മജ്ജുളയും കുഞ്ഞും പൂർണ്ണ സൗഖ്യം പ്രാപിച്ചു. നടക്കുവാൻ കഴിയാതിരുന്ന യശ്ബായി പ്രാർത്ഥനയിലൂടെ നടക്കുവാൻ സാധിച്ചു. ദിക്സാൽ ഗ്രാമത്തിലെ വന്ദന വിഷാദ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ഒരു വർഷത്തോളമായി നടക്കുവാൻ കഴിയാതിരുന്ന മുറംപത്തി ഗ്രാമത്തിലെ യൗവ്വനക്കാരനായ അജയ് പ്രാർത്ഥനയാൽ സാവകാശം നടക്കുവാൻ തുടങ്ങി. ദൈവകൃപയാൽ സന്തകുൻ സഭയിലെ ദേവജിഭായിയെ മൂന്നു തവണയുണ്ടായ അപകടങ്ങളിൽ നിന്നും ദൈവം പരിപാലിച്ചു.

അപകടത്തിൽ മക്കൾ നഷ്ടപ്പെട്ടു പോയ വടോലി സഭാ മൂപ്പൻ ലക്ഷ്മണന്റെയും ഹാത്തി സഭാമൂപ്പൻ സീതറാമിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഗർഭസ്ഥ ശിശു നഷ്ടപ്പെട്ടു പോയ സുനിതയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അരവിന്ദന്റെ കുടലിലെ നീർവീക്കത്താൽ ഭാരപ്പെടുന്ന അരവിന്ദ്, കാലിൽ പോട്ടലുണ്ടായ വീർപാട ഗ്രാമത്തിലെ അജയ്, വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന സോന്ദ്രപാട ഗ്രാമത്തിലെ രാംദാസ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### മുന്ദാർഗി

**ശമുവേൽ ബബർത്ത**

കുറെച്ചു പേർ തങ്ങളുടെ പഴയ ജീവിതം ഉപേക്ഷിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഹാവേരി ജില്ലയിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. ദുർമുഗി സമുദായത്തിൻെറ ഇടയിൽ സുവിശേഷത്തിനു നല്ലസ്വീകരണം ലഭിച്ചു. ദൈവാലയത്തിൽ വന്നു ജോലിക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന രത്ന, പ്രവീൺ എന്നിവർക്കു ജോലി ലഭിച്ചു.സർക്കാർ പദ്ധതിയിൽ പൻജുമ അജിക്കു ഭവനം പണിയുന്നതിനുള്ള പണം ലഭിച്ചു.

സുവിശേഷം ശ്രവിച്ച ദുർമുഖി, ഗുർബാർ എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ഉണർവ്വ് ഉരുവാകേണ്ടതിനായും അവരുടെ ഇടയിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഞായറാഴ്ചകളിൽ ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യത വിശ്വാസികൾ ഗ്രഹിക്കേണ്ടതിനും അവർ ദൈവത്തോടു കൂട്ടായ്മ ആചരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ സന്തോഷിനെതിരെ എടുത്ത കള്ളക്കേസിനു നീതിപൂർവ്വമായ പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ പ്രദർശിപ്പിച്ച ജീസസ് ഫിലിം കണ്ടവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**നിദാഗുണ്ടി**

**മൻജിയ നായക് & എൽ രത്ന**

ശങ്കർ നേഴ്സിങ് ബിരുദ പഠനം വിജയകരമായി പൂർത്തീകരിച്ചു. സുഭാഷിന്റെ ശരീരമാസകലം ഉണ്ടായ പരുക്കൾ അവൻ പ്രാർത്ഥിച്ചപ്പോൾ സുഖമായി. പാറുബായിയുടെ വസ്തു സംബന്ധമായ പ്രശ്നം പരിഹരിക്കപ്പെട്ടു. ജില്ല തലത്തിൽ നടത്തിയ ഹർഡിൽസ് ഓട്ടത്തിൽ ദൈവകൃപയാൽ അബി ജിത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

മുട്ടാനസ നന്ദ, സന്തോഷ്, പ്രേമ എന്നിവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാപിതാക്കളെ അനുസരിക്കാതെ ഗ്രാമീണരോടു മത്സരിക്കുന്ന കാശിറാമിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പോലീസ് സേനയിൽ ചേരുന്നതിനായി നടത്തുന്ന പരീക്ഷയിൽ രാഹുൽ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലുക്കെമിയ രോഗത്താൽ കഷ്ടപ്പെടുന്ന ചെറു ബാലികയുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഷിഗ്ഗൗൺ :നരേന്ദ്ര കുമാർ**

ഒരു കൂട്ടം വ്യക്തികൾ യേശുവിലുള്ള വിശ്വാസികൾ പരസ്യമായി ഏറ്റു പറഞ്ഞു. 35 വയസ്സുള്ള പെൺകുട്ടി അവിവാഹിതയായി കഴിയുകയായിരുന്നു. മാതാപിതാക്കളുടെ നിരന്തരമായ പ്രാർത്ഥനയാൽ അവൾക്കു അനുയോജ്യനായ ഒരു വരനെ കണ്ടെത്തി. അവളുടെ വിവാഹം അനുഗ്രഹകരമായി നടത്തി. ചിത്രക്കു കാൻസർ ആണെന്നു വൈദ്യശാസ്ത്രം പറഞ്ഞപ്പോൾ അവൾ ഉപവസിച്ചു പ്രാർത്ഥിച്ചു. തുടർന്നു നടത്തിയ വൈദ്യ പരിശോധനയിൽ കാൻസർ ഇല്ലെന്നു കണ്ടെത്തി. അപസ്മാര രോഗത്താൽ ബോധരഹിതനായി വീണ പ്രകാശിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദൈവീക സ്പർശനത്താൽ അവൻ സുഖം പ്രാപിച്ചു.

തളർവാതത്താൽ കഷ്ടപ്പെടുന്ന നമ്മുടെ മിഷൻ വയലിലെ ആദ്യ വിശ്വാസി ഗംഗാമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒമ്പതു വയസ്സുള്ള പെൺകുട്ടി പ്രമേഹ രോഗത്താൽ കഷ്ടപ്പെടുന്നു. അവളുടെ ശരീരത്തിലെ പഞ്ചസാരയുടെ അളവ് കുറക്കുന്നതിനു ഡോക്ടറന്മാർക്കു കഴിയുന്നില്ല. ഈ ചെറിയ പെൺകുട്ടിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നമ്മുടെ ജീവിക്കുന്ന ദൈവം!**

മഹാരാഷ്ട്രയിൽ ബോറെചോന്ദ് ഗ്രാമത്തിലെ കർഷകനായ നരേശ് വൻസായ് പക്ഷാഘാതം വന്നു കിടപ്പിലായി. ധാരാളം പണം ചിലവിട്ടു നടത്തിയ പൂജകളും ആശുപത്രി ചികിത്സകളും അയാളുടെ സ്ഥിതി വഷളാക്കി. വിശ്വാസികളുടെ ആലോചനയാൽ അയാളെ ദൈവാലയത്തിൽ കൊണ്ടുവന്നു. വിശ്വാസികൾ അയാൾക്കു വേണ്ടി പ്രാർത്ഥിച്ചു. അന്നു അയാൾ വായ് തുറന്നു, ഭക്ഷണം കഴിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അയാൾ എഴുന്നേറ്റു ഇരുന്നു. നടക്കുവാൻ തുടങ്ങി. അയാളുടെ ആരോഗ്യം മെച്ചപ്പെട്ടു. അയാളുടെ കുടുംബവും ബന്ധുക്കളും യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ഹല്ലെലുയ്യ!




**ജന്മദിനാശംസകൾ**

ഷീബ ജി ചന്ദ്ര ശ്രീനിവാസൻ;
സെൽവ മെറിന മനശ്ശെ ദാനിയേൽ

## ആന്ധ്ര പ്രദേശ്

**പാൽമ്നെർ**

**പോൾ കുപ്പുസ്വാമി & ഷൈല കെ**

ബസവരാജകന്ദാരിക ഗ്രാമത്തിലെ ആരാധന യോഗത്തിൽ ധാരാളം ആളുകൾ സംബന്ധിക്കുവാൻ തുടങ്ങി. അപകടത്തിൽ ഗുരുതരമായ പരുക്കു പറ്റി കിടക്കയിലായ ഗംഗാരാജ്, കുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. വിവിധ രോഗങ്ങളാൽ വലയുന്ന സുബ്രഹ്മണി പതിവായി ആരാധനയിൽ സംബന്ധിച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ ദൈവം അവനെ സൗഖ്യമാക്കി. രക്തപരിശോധനയിൽ പ്രശ്നങ്ങളൊന്നുമില്ല. 15 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അനേകർ പ്രാർത്ഥന കൂട്ടായ്മയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന വെങ്കിട്ടരാമൻ, സരസ്വതി എന്ന കുടുംബം യേശുവിലുള്ള വിശ്വാസം മടികൂടാതെ പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ സുബ്രമണിയുടെ കാലിലുണ്ടായ പൊട്ടൽ വേഗത്തിൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദാരിദ്ര്യം നിമിത്തം ഏറെ കഷ്ടം സഹിച്ച കുമാരിയുടെ കുടുംബത്തിന്റെ നിലനിൽപ്പിനു ആവശ്യമായ കാര്യങ്ങൾ കരുണാ മയനായ ദൈവം ചെയ്തു. മദ്യലഹരിയിൽ കുടുംബാംഗങ്ങളെ ദേഹോപദ്രവം ഏല്പിക്കുന്ന ഗംഗധാറിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**സാദം**

**അനിൽ മാഹാലി &
ദിഗുമാർത്തി പ്രശാന്തി**

ദീർഘനാളുകളായി മർകാസ് അനുഭവിച്ചിരുന്ന ശാരീരിക ക്ലേശങ്ങളിൽ നിന്നു അയാൾ പാപസ്വഭാവം ഉപേക്ഷിച്ചതിനെ തുടർന്നു സാവധാനത്തിൽ വിടുതൽ പ്രാപിക്കുന്നു. കടഭാരത്താൽ നിരാശിതയായ ചന്ദ്രമ്മ ദൈവസന്നിധിയിൽ നിലവിളിച്ചപ്പോൾ അവളുടെ കടങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ബാങ്ക് നിർദ്ദേശിച്ചു. രാമപുരം ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനം വിജയകരമായി പൂർത്തീകരിച്ചു. അമവാസിയ ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ പ്രോഗ്രാം അനുഗ്രഹകരമായി നടത്തി.

പക്ഷാഘാതം വന്നു കരങ്ങൾ ചലിപ്പിക്കുവാൻ കഴിയാത്ത ജാനകിറാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യപാനം, തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിങ്ങനെ വിശ്വാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പരിശീലന ക്യാമ്പുകൾ സ്ത്രീകളുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

യേശു ബാബു എ

### ഡാമലച്ചെരിവ്

**ജോൺ ഡേവിഡ് രാജ് & എബനേസർ ജ്ഞാനശേഖരി**

വിശ്വാസികളായ എയ്ഞ്ചൽ അശ്വനി, സുസ്മിത എന്നിവരെ അപകടത്തിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ഷേഷപുരം ഗ്രാമത്തിലെ കാന്തമ്മയെ പ്രാർത്ഥനയാൽ കർത്താവ് വിടുവിച്ചു. വിധവയായ വിശ്വാസി ലാവണ്യയുടെ ഏക മകളുടെ അനേക നാളുകളായി തടസ്സപ്പെട്ടിരുന്ന വിവാഹം ദൈവകൃപയാൽ നടന്നു. കൊത്തൂർ ഗ്രാമത്തിലെ പെപ്സിക്കു ജനിച്ച കുഞ്ഞ് ഭാരക്കുറവിനാൽ കഷ്ടപ്പെട്ടു. നമ്മുടെ പ്രാർത്ഥനയാൽ ദൈവം കുഞ്ഞിനു ആവശ്യമായ തൂക്കം നൽകി. ആ പൈതലിനെ ദൈവാലയത്തിൽ കൊണ്ടു വന്നു സമർപ്പിച്ചു പ്രാർത്ഥിച്ചു.

രണ്ടു പ്രാവശ്യം തലച്ചോറിൽ ശസ്ത്രക്രിയക്കു വിധേയനായ മിത്തൂർ ഗ്രാമത്തിലെ ഗണേശിന്റെ ഒരു കാലിന്റെയും ഒരു കൈയുടെയും ചലന ശേഷി നഷ്ടപ്പെട്ടു. ദൈവം അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പൂത്തലപാട്ടു ഗ്രാമത്തിലെ രഹസ്യ ക്രിസ്ത്യാനിയായ എസ്ഥേർ ലാവണ്യ തന്റെ മകനെയും മകളെയും ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുന്നു. രക്ഷിക്കപ്പെടാത്ത ഭർത്താവ് ജാനികിരാമിൽ നിന്ന് അവൾ പലവിധ പ്രയാസങ്ങൾ നേരിടുന്നു. ദൈവസ്നേഹത്താൽ ഇയാൾ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### ചെങ്കം : കെ എസ് യോശുവ

നരസപെട്ടി ഗ്രാമത്തിലെ സഭയിൽ ആത്മീക ഉണർവ്വ് യോഗം സംഘടിപ്പിച്ചു. കുരംപെട്ടി സഭയിൽ വെച്ചു സഭാമൂപ്പന്മാർക്കായി ആത്മാക്കളെ ആദായപ്പെടുത്തുന്നതിനായി പരിശീലനം നൽകി. കന്ദകപെട്ടി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. തിരുവണ്ണാമലൈ റീജിയനിൽ സുവിശേഷകരുടെ കുടുംബ സംഗമം നടത്തി.

നൊയമ്പു നാളുകളിൽ എല്ലാ വിശ്വാസികളുടെയും ഭവനത്തിൽ പ്രാർത്ഥന യോഗം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ സഭയിലും ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### എലംപള്ളി : സെൽവകുമാർ & ജയ ഹെലൻ റോസ്

പ്രാർത്ഥന യോഗങ്ങളും വേദപഠന ക്ലാസ്സുകളും വിഘ്നമില്ലാതെ നടത്തുന്നു. മെഡിസിനു പഠിക്കുന്ന ക്രിസ്റ്റീന ഒന്നാം വർഷ പരീക്ഷ ഒന്നാം ക്ലാസ്സോടെ പാസ്സായി. കാർത്തിക് നാണയം വിഴുങ്ങിയപ്പോൾ അവന്റെ മാതാപിതാക്കളുടെ പ്രാർത്ഥനയാൽ മറ്റു പ്രയാസങ്ങൾ ഒന്നുമില്ലാതെ നാണയം പുറത്തു വന്നു.

ആരാധനയിൽ സംബന്ധിക്കുന്ന നീല, അളകമ്മ, മറിയാമ്മ എന്നിവർ തങ്ങളുടെ പ്രശ്നങ്ങളെ അതിജീവിച്ച് യേശുവിലുള്ള വിശ്വാസം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. അളകമ്മയുടെ നഷ്ടപ്പെട്ടു പോയ മകൻ അപകടമൊന്നും പറ്റാതെ ഭവനത്തിൽ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഐസക്കിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോനിഷക്കു ഒരു പൈതൽ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

400 മിഷനറി ആൽബം

കർണ്ണാടകയിൽ റൈച്ചൂർ ജില്ലയിലെ ഗോരിബാദ് ഗ്രാമത്തിലെ ഡോ. രവി കുമാറിന്റെയും ശ്രീമതി. ശകുന്തളയുടെയും മകനായി 1984 മെയ് 2ന് റവ. സുനിൽ കുമാർ ജനിച്ചു. രണ്ടു ഇളയ സഹോദരന്മാരുണ്ട്. ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ച് വളർന്നത്. ഒരു IPS ആഫിസർ ആകണമെന്നതായിരുന്നു സുനിലിന്റെ അഭിലാഷം. എന്നാൽ ദൈവത്തിനു അവനെ കുറിച്ചു വ്യത്യസ്തമായ പദ്ധതിയുണ്ടായിരുന്നു. പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷയിൽ ഒരു വിഷയത്തിനു പരാജയപ്പെട്ടതോടെ തന്റെ എല്ലാ അഭിലാഷങ്ങളും തകർന്നു. നിരാശിതനായി.

വെല്ലുവിളി നിറഞ്ഞ ഈ സാഹചര്യത്തിൽ ഇവൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ (ECI) ഒരു സംഘം അവരുടെ ഭവനം സന്ദർശിച്ചു അവരുടെ കൂടെ ദൈവവേല ചെയ്യുന്നതിനായി ക്ഷണിച്ചു. ECI യോടു ചേർന്നു സുവിശേഷ വേല ചെയ്യുന്ന വേളയിൽ 1999 ൽ സുനിൽ കുമാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആത്മാക്കളെ കുറിച്ചുള്ള ഭാരം നിമിത്തം പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. ഈ കാലയളവിൽ ECI യിൽ ഒരു പാസ്റ്ററായി ശുശ്രൂഷ ചെയ്യുന്ന വേളയിൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബൻഡിലെ (FMPB) ഒരു മിഷനറി സഹോ. നാരായൺ നായക് ശുശ്രൂഷ അനുഭവങ്ങൾ പങ്കുവച്ചു. ഇതിൽ പ്രചോദിതനായ സുനിലിനെ FMPB യിൽ പ്രദേശിക സുവിശേഷകനായി ചേരുവാൻ നിർബന്ധിച്ചു. റവ. തിമ്മേശ് ഉത്സാഹിപ്പിച്ചതിനാൽ 2006 ൽ FMPB ചേർന്നു. ഝാൻസിയിലെ NIM ൽ മിഷനറി പരിശീലനം പൂർത്തീകരിച്ച സുനിൽ മദ്ധ്യപ്രദേശിലെ ചിറിയ മിഷൻ വയലിലുള്ള ഭിൽ, ബരേല എന്നീ ജനങ്ങളുടെ മധ്യത്തിൽ പ്രവർത്തനം ആരംഭിച്ചു 2009 മുതൽ ധരണി മിഷൻ വയലിലെ പ്രഥമ മിഷനറിയായി കോരുക് ജനങ്ങളുടെ ഇടയിൽ പ്രവർത്തനം തുടങ്ങി. 2013 മുതൽ ഹൂബ്ലി റീജിയനിൽ ഉള്ള ഷിരഹട്ടിയിൽ പ്രവർത്തിച്ചു. 2021 മുതൽ ഷിഗ്ഗൗൺ മിഷൻ വയലിൽ പ്രവർത്തിച്ചു.

റവ. സുനിൽ, സഹോദരി സംഗീത ലാലു തെക്കമിനെ 16/5/2010 ൽ വിവാഹം കഴിച്ചു. മഹാരാഷ്ട്രയിൽ FMPB വിശ്വാസികളായ കോലാമി സമുദായത്തിലെ ശ്രീ. ലാലൂ തെക്കാമിന്റെയും ശ്രീമതി ലങ്കാഭായി തെക്കാമിന്റെയും മകളായി 06/07/1983 ൽ ഹൈന്ദവ പശ്ചാത്തലത്തിൽ ജനിച്ചു. ഇവളുടെ പിതാവ് കോളാമി സമുദായത്തിലെ ആദ്യ വിശ്വാസിയാണ്. അവൾക്കു രണ്ടു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്. FMPB മിഷനറിമാരായ റവ. മാസിലാമണിയുടെയും ശ്രീ. സ്റ്റാൻലി ചാൾസിന്റെയും ശുശ്രൂഷയാൽ അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. B.Th പഠനം പൂർത്തീകരിച്ച അവൾ റവ. മാസിലാമണിയുടെ പ്രോത്സാഹനത്താലും തിരുവചനത്തിലൂടെ (യിരെ. 1:5) ദൈവവിളി ഉറപ്പാക്കിയതിനാലും 2009 ൽ FMPB യിൽ ചേർന്നു ഝാൻസിയിൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു.

ദൈവം ഇവർക്കു രണ്ടു പെൺമക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൾ ഷാരോൺ ഗ്ലോറിയ (7/4/42011) ഒമ്പതാം ക്ലാസ്സിലും ഇളയമകൾ സ്റ്റാർലീന (24/2/2014) ആറാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഇപ്പോൾ റവ. സുനിൽ കുമാറും സഹോദരി സംഗീതയും ഹൂബ്ലി റീജിയനിൽ റീജനൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. 5,00,000 കന്നടക്കാരെ ക്രിസ്തുവിനായി നേടണമെന്നതാണ് അവരുടെ ദർശനം. ഈ കുടുംബത്തെ നമ്മുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കാം.



**റവ. സുനിൽ കുമാർ & ശ്രീമതി. സംഗീത ലാലു തെക്കാം കുടുംബം**

## We want to help you to be in touch with...
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha.............Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322


friends missionary prayer band
THE HEART CRY OF GOD IS
WHOM SHALL I SEND
THE VERY HEART BEAT OF THE
LORD JESUS IS MISSION...!
DO YOU WISH TO FULFILL THE
GREAT COMMISSION
OF OUR LORD JESUS CHRIST?
Come & join the fmpb family!
MISSIONARIES
WANTED
WHAT HAVE YOU DONE FOR THE
BILLIONS OF LOST SOULS?
PIONEER MISSIONARY
CHURCH PLANTER
BIBLE TRANSLATOR
MEDICAL MISSIONARY
MISSIONARY TEACHER
CHILD EVANGELIST
YOUTH MINISTER
MEDIA MISSIONARY
God Is Calling.
will you answer?

# ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ്, കേരളം

Go or Send    Now or Never

# ഐക്യ ക്രിസ്തീയ കൺവൻഷൻ

**2025 ഏപ്രിൽ**
**25,26,27**
**വെള്ളി, ശനി, ഞായർ**
**6.30 PM - 8.30 PM**
**ശനിയാഴ്ച**
**10 AM - 12.30 PM**

**സി എസ് ഐ കത്തീഡ്രൽ ചർച്ച്, കോഴിക്കോട്**
ശനിയാഴ്ചത്തെ യോഗങ്ങൾ ചർച്ച് പാരീഷ് ഹാളിൽ

## ഉദ്ഘാടനം



**Rev. വിജയ് പി ഐസക്ക്**
FMPB ജനറൽ സെക്രട്ടറി

**മിഷൻ വയൽ അനുഭവങ്ങൾ**
**റവ. ജിത്തേന്ദർ ഡിഹാൽ, പഞ്ചാബ്**

## പ്രധാന പ്രസംഗകർ



**Rev.Dr. ജേക്കബ് തോമസ്**
മുൻ ഡീൻ& പ്രൊഫസർ UBS



**Rev. ഏബ്രഹാം തോമസ്**
FMPB സോണൽ സെക്രട്ടറി



**Dr. വിനീത് ഗ്ലാഡ്സൺ**
Assistant professor, Government medical College, Kozhikode

- മിഷൻ സന്ദേശങ്ങൾ
- മിഷനറിമാരുടെ സാക്ഷ്യങ്ങൾ
- മിഷൻ ഫീൽഡിലെ സാംസ്കാരിക പരിപാടികൾ
- കൺവൻഷൻ ഗായകസംഘത്തിന്റെ ഗാന ശുശ്രൂഷ

## ഏവർക്കും സ്വാഗതം

| | | |
|---|---|---|
| Chairman | : റവ. ജേക്കബ് ദാനിയേൽ | 99618 92499 |
| General Convenor | : റവ. സാജു ബഞ്ചമിൻ | 94461 61726 |
| Joint Convenor | : റവ. ബിബിൻ മാത്യു | 89711 92178 |
| Regional Secretary | : റവ. ഗോൾഡൻ ജെ ഇമ്പരാജ് | 90130 42185 |

**Convenors**

| | | |
|---|---|---|
| Publicity | : ശ്രീ. റോയ് മാത്യു ചീരൻ | 98479 50811 |
| Transportation | : ശ്രീ. സോളമൻ പി എം | 90374 31345 |
| Reception | : ശ്രീ. ജോർജ്ജ് കെ | 24534 97446, ശ്രീമതി ലില്ലി മാത്യു 94469 96923 |
| Food | : ശ്രീ. ലിവിങ്സ്റ്റൺ | 98463 73760 |
| Prayer | : റവ. ബ്രൈറ്റ് ജയ്കുമാർ | 94869 34166 |
| Finance | : ശ്രീ. മാമ്മൻ പി ജോൺ | 99464 49058 |
| Stage & Printing | : ശ്രീ. പോൾ പി ജെ | 94479 29058 |
| Choir | : ശ്രീ. പ്രത്യാശ് | 75101 77050 |